GOVINDA SIMHAN.

KUN[illegible]NI NAIR.

08441:6212wK66 32F9

08441 : 6212 wK66 32F6

COMPUTERISED

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

6212wK66
32F9.
NAIR.
Simhan.

MUL
091657

COMPUTERISED

RECON

COMPUTERISED

RECON

# ശിഖഗുരു ഗോവിന്ദസിംഹൻ.

A 152

THE

# SIKH GURU
# GOVINDA SIMHAN

BY

K. KUNHUNNI NAIR B.A., B.L.,
High Court Vakil, Trichur,
*Author of Bhishmar, Pratapasimhan, Ahalya Bhai &c.*

REGO

FIRST EDITION

## ശിഖഗുരു
# ഗോവിന്ദസിംഹൻ

ഗ്രന്ഥകർത്താ:
കണ്ണേമ്പ്ര കുഞ്ഞുണ്ണിനായർ ബി.എ., ബി.എൽ.
ഹൈക്കോർട്ട് വക്കീൽ, തൃശ്ശിവപേരൂർ.

ഒന്നാംപതിപ്പ്

TRICHUR,
V. SUNDRA IYER & SONS.
1104 / 1929.

Price 8 As.] Rights Reserved. [വില ൮ അണ

16 AUG 19

91657
O8441:6212w K66
32F9

# മുഖവുര.

ഭാരതജനനിയുടെ വീരസന്താനങ്ങളിൽ ഗോവിന്ദസിംഹൻ ഒരു പ്രധാനസ്ഥാനത്തിന്നു അർഹനാണ്. ഗോവിന്ദസിംഹൻെറ ജീവചരിത്രം ഇതുവരെയായിട്ടും മലയാളഭാഷയിൽ ആരും എഴുതി കാണാത്തതുകൊണ്ടു ഞാൻ ഈ വിഷയത്തിൽ കൈ വെച്ചതാണ്. ശ്രീ വസന്തകുമാരവന്ദ്യോപാദ്ധ്യായൻ ബംഗാളഭാഷയിൽ എഴുതീട്ടുള്ള 'ശിഖഗുരു' 'ഗോവിന്ദസിംഹൻ' എന്നീ പുസ്തകങ്ങളെ അനുകരിച്ചാണു ഞാൻ ഈ ഗ്രന്ഥം എഴുതീട്ടുള്ളതു്. ഇതു് എഴുതിക്കഴിഞ്ഞിട്ടു പത്തു കൊല്ലത്തിലധികമായിരിക്കുന്നു എങ്കിലും ഇപ്പോൾ മാത്രമാണ് ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ സാധിച്ചതു്. യൂറോപ്പിലെ മഹായുദ്ധകാലത്താണ് ഈ ഗ്രന്ഥം എഴുതിത്തീൎന്നതു്. അതാണ് "ഇപ്പോൾ നടക്കുന്ന യുദ്ധം" എന്നു് ഒന്നുരണ്ടു ദിക്കിൽ പ്രസ്താവിക്കാൻ ഇടയായതു്.

ഗ്രന്ഥത്തിൻെറ തുടക്കത്തിൽ ശിഖജാതിയെക്കുറിച്ചു ചെയ്തിട്ടുള്ള വൎണ്ണനയും അധഃപതിച്ച ഇപ്പോഴത്തെ ശിഖന്മാരുടെ സ്ഥിതിയും തമ്മിൽ തട്ടിച്ചു നോക്കുമ്പോൾ പല സ്ഥലങ്ങളിലും അസാമഞ്ജസ്യം കാണുമെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളൊന്നും അതിശയോക്തിയല്ല. ശിഖഗുരുക്കന്മാരുടെ ശിക്ഷയുടേയും ദീക്ഷയുടേയും മാഹാത്മ്യം നിമിത്തമാണു ശിഖന്മാർ ഇത്ര ഒരു ഉൽകൃഷ്ടജാതിയായിത്തീൎന്നതു്. ഗോവിന്ദസിംഹൻെറ കൎമ്മോന്മാദനയും കൎമ്മശൂരതയും എല്ലാവരാലും അനുകരണീയമാണ്.

1104 കുംഭം 21-ാംനു-                കണ്ണമ്പ്ര കുഞ്ഞുണ്ണിനായര്.

# വിഷയവിവരം


| | | |
|---|---|---|
| 1. | ശിഖജാതി ... ... ... | 1 |
| 2. | പൂർവ്വചരിത്രം ... ... ... | 9 |
| 3. | പിതൃപരിചയം ... ... ... | 18 |
| 4. | ശൈശവം ... ... ... | 23 |
| 5. | തേഗബഹാദൂരിന്റെ ആത്മത്യാഗം ... ... | 32 |
| 6. | അഭിഷേകം ... ... ... | 40 |
| 7. | സാധന ... ... ... | 44 |
| 8. | അറങ്ങ്സീബ് ... ... ... | 53 |
| 9. | ഹൃദയപരിചയം ... ... ... | 60 |
| 10. | ഭംഗാലീയുദ്ധം ... ... ... | 68 |
| 11. | രാജ്യവിസ്താരം ... ... ... | 76 |
| 12. | മുഖവയാലയുദ്ധം ... ... ... | 86 |
| 13. | ചമക്കൌഢക്കോട്ട ... ... ... | 93 |
| 14. | കഠോർപരീക്ഷ ... ... ... | 98 |
| 15. | മുക്തസാരം ... ... ... | 106 |
| 16. | രാജധാനിയിലേക്കു് ... ... ... | 113 |
| 17. | ജീവനസന്ധ്യാ ... ... ... | 118 |
| 18. | പഠിപ്പും ചരിത്രവും ... ... ... | 129 |

16 AUG 19 7

# ശിഖഗുരു

# ഗോവിന്ദസിംഹൻ.

## ഒന്നാം അദ്ധ്യായം.

### ശിഖജാതി

ശിഖന്മാർ നിവസിക്കുന്ന പുണ്യഭൂമിയായ പഞ്ചനദരാജ്യത്തിന്റെ ചരിത്രവും ഭാരതവൎഷചരിത്രവും തമ്മിൽ വിശേഷമായ ഒരു സംബന്ധം ഉണ്ടു്. ഭാരതവൎഷത്തിന്റെ ജീവനസംഗ്രാമത്തിന്റെ തോടയും പുറപ്പാടും കൊട്ടിക്കലാശവും പഞ്ചനദത്തിൽ വെച്ചാണു് ഉണ്ടായതു് എന്നു തന്നെ പറയാം. സ്ഥിരവാസം കൂടാതെ വളരെക്കാലം അലഞ്ഞുനടന്നിരുന്ന ആൎയ്യന്മാരും അവരെ പിന്തുടൎന്നു വന്ന ശകന്മാർ, ഹൂണന്മാർ, ഗ്രീക്കുകാർ തുൎക്കികൾ തുടങ്ങിയവരും ഈ പ്രദേശത്തിന്റെ സ്വതേയുള്ള സമ്പൽസമൃദ്ധിയുടെ ആധിക്യംകൊണ്ടു മോഹിതന്മാരായിട്ടാണു ഭാരതവൎഷത്തിലേക്കു വന്നുകൊണ്ടിരുന്നതു്. ഇതിന്റെ വടക്കു ഭൂസ്വൎഗ്ഗമായ കാശ്മീരരാജ്യവും തെക്കു സ്വാതന്ത്ര്യത്തിന്റെ കേളിരംഗമായ രാജസ്ഥാനവും ആകുന്നു. കിഴക്കുഭാഗത്തിൽക്കൂടി യമുനാനദി എപ്പോഴും കളകളശബ്ദത്തോടു

കൂടി ഒഴുകികൊണ്ടിരിക്കുന്നു. പടിഞ്ഞാറുഭാഗത്തു മേഘലം മുട്ടിനില്ക്കുന്ന സൊദലമാനപൎവ്വതനിരകൾ ശോഭിച്ചുകൊണ്ടിരിക്കുന്നു. വളരെ പുരാതനകാലം മുതല്ക്കുതന്നെ ഈ പ്രദേശം കലാവിദ്യകൾകൊണ്ടും സാഹിത്യംകൊണ്ടും ശില്പവിദ്യകൊണ്ടും ഭാരതവൎഷത്തിന്റെ മഹിമയെ വൎദ്ധിപ്പിച്ചിരുന്നു. എന്നാൽ മതഭ്രാന്തന്മാരും മഹമ്മദുമതക്കാരുമായ തുൎക്കികൾക്ക് ഈ പ്രദേശം അധീനമായി വന്നതിന്റെ ശേഷം ഈ പ്രദേശത്തിന്റെ മഹിമ തീരെ അസ്തമിച്ചുപോയി.

ഭാരതവൎഷാധിപത്യം ലഭിച്ചതിനുശേഷം തുൎക്കികൾ മഹമ്മദുമതപ്രചാരം വരുത്താൻ കഴിയുന്ന ശ്രമം ചെയ്തു. എങ്കിലുംആദ്യകാലത്തിൽ ആൎയ്യന്മാർഅവരെ ഭയപ്പെട്ടോ അവരുടെ വശീകരണവലകളിലകപ്പെട്ടോ തങ്ങളുടെ സ്വന്തമതം ഉപേക്ഷിച്ച് അന്യമതത്തെ സ്വീകരിപ്പാൻ കൂട്ടാക്കിയില്ല. എന്നാൽ ആൎയ്യന്മാർ രാജ്യകാൎയ്യങ്ങളിൽ ഏൎപ്പെട്ടു രാജഭാഷാപഠനത്തിൽ ഇട വിടാതെ പരിശ്രമംചെയ്തുതുടങ്ങുകയും വിശേഷപ്രയോജനം ഇല്ലാതിരുന്നതുകൊണ്ടു സംസ്കൃതഭാഷാഭ്യാസത്തിലുള്ള ശ്രദ്ധ അവൎക്കു കുറഞ്ഞുവരികയും ചെയ്യുതിനാൽ അതിന്റെ അപരിഹാൎയ്യമായ ഫലമായി അവൎക്കു സ്വമതത്തിലുള്ള നിഷ്ഠ കുറഞ്ഞുവരികയും ചെയ്തു. തന്നിമിത്തം രാജകോപത്തെ അലക്ഷ്യമായികരുതാനുള്ള മനോധൈൎയ്യം നശിച്ചവരായ അനേകം ആൎയ്യന്മാർ മഹമ്മദുമതത്തിൽ ചേരുകയും വിലാസികളായ രാജപുരുഷന്മാരെ അനുകരിച്ചവരായി അധോഗതിക്കുള്ള വഴിയിൽകൂടെ വേഗത്തിൽ യാത്ര തുടങ്ങുകയും ചെയ്തു. എങ്കിലും പഞ്ചനദത്തിലെ വെള്ളത്തിന്റെയും

വായുവിഃൻറയും വലുതായ ഗുണം നിമിത്തം ആ രാജ്യക്കാരുടെ പണ്ടത്തെ ബാഹുബലത്തിന്നു യാതൊരു കുറവും വന്നിട്ടില്ല.

ഇങ്ങിനെ കുറെ നൂററാണ്ടുകറ്റ കഴിഞ്ഞതിൻെറ ശേഷം പതിനഞ്ചാം നൂററാണ്ടിൻെറ മദ്ധ്യത്തിലായി മഹാനായ കബീർ രാജ്യക്ഷേമകരമായ ഒരു നൂതനമതത്തിന്നു പ്രചാരം വരുത്തുകയും തന്മൂലം ഹിന്തുക്കളും മുസൽമാന്മാരും തമ്മിൽ യോജിച്ചു നടക്കാനുള്ള മാൎഗ്ഗം ഏതാണ്ടു സുഗമമാക്കിത്തീക്കുകയും ചെയ്തു. അതിന്നുശേഷം പതിനാറാം നൂററാണ്ടിൻെറ ആരംഭത്തിൽ ക്ഷത്രിയവീരനായ നാനക്ബാബാ എന്നാറ്റ ഈ രണ്ടു ജാതിക്കാഃരയും ഒരു ധൎമ്മച്ചരടുകൊണ്ടു കൂട്ടിച്ചേൎത്തു മതവിഷയത്തിൽ ഒരു യുഗാന്തരത്തെ ഉണ്ടാക്കിത്തീൎത്തു. അദ്ദേഹത്തിൻെറ അനിന്ദ്യമായ നടപടിയും സ്വഭാവഗുണവും കണ്ടു മോഹിതന്മാരായി അഃനകം ഹിന്തുക്കളും മുസൽമാന്മാരും അദ്ദേഹത്തിൻെറ നൂതനമതത്തെ സ്വീകരിച്ച് ഇവരുടെ സംഖ്യ ക്രമേണ വൎദ്ധിച്ചുവരികയും കാലക്രമത്തിൽ ഇവർ ഒരു പ്രബലവൎഗ്ഗക്കാരായിത്തീരുകയും ചെയ്തു. ഇവരെത്തന്നെയാണ് ഇക്കാലത്തു നാനകശിഷ്യന്മാർ അല്ലെങ്കിൽ ശിഖജാതിക്കാർ എന്നു പറഞ്ഞുവരുന്നത്.

അൎജ്ജുനൻ എന്ന ഗുരു ഈ നൂതനമതത്തിന്നു വേണ്ട പരിഷ്കാരങ്ങറ്റ വരുത്തുകയും ശിഷ്യന്മാരുടെ മനസ്സിൽ രാജ്യസ്ഥാപനത്തിന്നുള്ള ആഗ്രഹം ജനിപ്പിക്കുകയും ചെയ്തു. അപ്പോറ്റ മൊഗളന്മാർ അവരെ അന്യായമായി ഉപദ്രവിക്കാൻ തുടങ്ങി. അതിൻെറ ഫലമായി ഗുരു ഗോവിന്ദസിംഹൻ ശിഷ്യന്മാരുടെ മനസ്സിൽ മൊഗളന്മാരുടെ

നേരെ വൈരം ജ്വലിപ്പിക്കുകയും ഒരു സ്വതന്ത്രരാജ്യം സ്ഥാപിക്കാൻ യത്നിക്കുകയും ചെയ്തു. പ്രബലന്മാരായ മൊഗളശത്രുക്കളാൽ പലപ്പോഴും തോല്പിക്കപ്പെട്ടു എങ്കിലും ധൈര്യക്ഷയം വരാതെ ഗോവിന്ദസിംഹൻ പിന്നെയും പൊരുതി മുക്തസരയുദ്ധത്തിൽ ശത്രുക്കളെ തോല്പിച്ചു സ്വാതന്ത്ര്യലക്ഷ്മിയെ പ്രാപിച്ചു. എന്നാൽ ഈ സ്വാതന്ത്ര്യസുഖം സ്വല്പകാലം മാത്രമേ ശിഖന്മാൎക്ക് അനുഭവിക്കാൻ കഴിഞ്ഞുള്ളു. മൊഗളന്മാർ വീണ്ടും അവരെ തോല്പിച്ച് അവരെ ലേശം ദാക്ഷിണ്യംകൂടാതെ കഠിനമായി ഉപദ്രവിക്കാൻ തുടങ്ങി. അപ്പോൾ ശിഖന്മാർ പ്രാണഭയത്തോടുകൂടി ഊരും നാടും വിട്ടു കാട്ടിൽപോയി താമസിച്ചു തങ്ങളുടെ ശക്തി വൎദ്ധിപ്പിക്കാനുള്ള ശ്രമം ചെയ്തു. അവരുടെ ആ കഠിനപ്രയത്നത്തിന്റെ ഫലമായി പതിനെട്ടാം നൂററാണ്ടിന്റെ അവസാനകാലത്തിൽ സ്വതന്ത്രമായ ഒരു ശിഖരാജ്യം സ്ഥാപിക്കാൻ അവൎക്കു സാധിച്ചു.

നാനകന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളായ ചില ഗുരുവരന്മാരുടേയും ഉപദേശവൈഭവം നിമിത്തം ശിഖന്മാരുടെ ആദ്യത്തെ പുറപ്പാടു ഹിന്തുമുസൽമാന്മാരുടെ സമ്മിലനരംഗത്തിലായിരുന്നു എങ്കിലും പിന്നീടു മൊഗളന്മാരുടെ സഹിക്കാൻ പാടില്ലാത്ത ഉപദ്രവംകൊണ്ടു വിരക്തന്മാരായിട്ട് അവർ മുസൽമാന്മാരെ പരമദ്വേഷത്തോടുകൂടി വിചാരിച്ചുവന്നു. ഇപ്പോഴത്തെ ശിഖമതം ഹിന്തുമുസൽമാന്മാരെ കൂട്ടിയോജിപ്പിക്കുന്ന ഒരു മതമല്ല. അതു മിക്ക അംശങ്ങളിലും ഹിന്തുമതത്തിന്റെ ഒരു വിശിഷ്ടസമ്പ്രദായധൎമ്മമായിത്തീൎന്നിരിക്കുന്നു.

സ്വഭാവത്താൽ ക്ഷത്രിയന്മാരായ ശിഖന്മാരുടെ ശരീരപ്രകൃതി വളരെ വിശേഷമായിട്ടുള്ളതാണ്. അവരുടെ ദേഹം ഒതുങ്ങിയതും, പൊക്കമുള്ളതും, ലക്ഷണമൊത്തതും ആകുന്നു. നീണ്ട തലമുടിയും, പരന്ന മാറിടവും, ജീവസ്സുള്ള കണ്ണുകളും അവരുടെ ഒരു പ്രത്യേക വിശേഷതയാകുന്നു. ക്ഷത്രിയധർമ്മത്തിന്റെ അടയാളമായ ഒരു ആയുധം എപ്പോഴും അവരുടെ കയ്യിലുണ്ടായിരിക്കും. അവർ വളരെ സാഹസികളും ഗുരുഭക്തിയുള്ളവരും വിനയമുള്ളവരും ആകുന്നു. അവരുടെ വിക്രമത്തിനും കഷ്ടപ്പാടുകൾ സഹിക്കാനുള്ള ശേഷിക്കും അതിരില്ല. ആപത്തിനെ അവർ പുല്ലായിട്ടു ഗണിക്കുന്നു. അവർക്കു മരിക്കാൻ ലേശം കൂസലില്ല. ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കരയുദ്ധത്തിൽ ശിഖന്മാർ ഭാഗഭാക്കുകളാണ്. ഇവരുടെ യുദ്ധസാമർത്ഥ്യവും ശൌര്യാദിഗുണങ്ങളും കണ്ടു് എതിരാളികളായ ജർമ്മനിക്കാരുകൂടി മോഹിതന്മാരായിരിക്കുന്നു. ജർമ്മൻ കാലാൾ പടയോടു തുല്യമായി ഗണിക്കാൻ ശിഖകാലാൾപ്പട മാത്രമേ ഉള്ളു എന്നും അവരോടു മാത്രമേ ജർമ്മൻ കാലാൾപ്പടയ്ക്കു കുറച്ചെങ്കിലും കൂസലുള്ളു എന്നും ജർമ്മൻ ചക്രവർത്തി ഒരിയ്ക്കൽ പ്രസ്ഥാപിക്കയുണ്ടായിട്ടുണ്ടു്. ധർമ്മം രക്ഷിക്കാനും ഗുരുകല്പന പരിപാലിക്കാനും സ്വദേശത്തിന്റെ ഉദ്ധാരണത്തിന്നുംവേണ്ടി ശിഖന്മാർ പലപ്രാവശ്യവും അതിരററ വിക്രമത്തോടുകൂടി പൊരുതി പോർക്കളത്തിൽ വീണു് മരിച്ചിട്ടുണ്ടു്. പട്ടിണികിടപ്പാനും ഉറക്കമൊഴിക്കാനും അവർ ധാരാളം ശീലിച്ചിട്ടുണ്ടു്. അവർ ലേശം വിലാസപ്രിയന്മാരല്ല. ആഡംബരംകൂടാതെ ഒതുങ്ങിയമട്ടിൽകാലക്ഷേപം ചെയ്വാൻ അവർ ശീലിച്ചിട്ടുണ്ടു്.

സ്വധർമ്മരക്ഷയിൽ ശിഖന്മാർ എപ്പോഴും ശ്രദ്ധയുള്ളവരാണ്. ജനക്ഷേമതല്പരതയും സ്വദേശോന്നതിയും അവരുടെ ധർമ്മത്തിന്റെ പ്രധാന അംശങ്ങളാണ്. കാലു പിടിച്ചു ആശ്രയിക്കുന്നവർ എന്തു് അപരാധം ചെയ്തിരുന്നാലും ശിഖന്മാർ അവരുടെ അപരാധങ്ങളെ ക്ഷമിച്ചു മാപ്പുകൊടുക്കാതിരിക്കയില്ല. "ശരണാഗതജനപാലനധർമ്മം കരുണാസാഗരത്വവകുലധർമ്മം" എന്ന സാരം അവർ നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ട്. സ്ത്രീജാതിയെ അവർ അമ്മയെപ്പോലെ ബഹുമാനിക്കുന്നു. 'മാതാവിനെപ്പോലെ പരസ്ത്രീകളെക്കണ്ടിടേണം' എന്ന തത്വം അവർ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. സ്ത്രീകളെ അവമാനിക്കുന്നതു് അവർ ഒരിക്കലും സഹിക്കുകയില്ല. തങ്ങളുടെ എണ്ണം സ്വല്പമായിരുന്നാലും തങ്ങളുടെ പ്രാണനെ പുല്ലുപോലെ കളഞ്ഞു സ്ത്രീകളെ അപമാനിക്കാൻ പുറപ്പെട്ടവർ എത്രതന്നെ പ്രബലന്മാരായിരുന്നാലും അവരുടെ ഗർവ്വം ശമിപ്പിച്ചു ശിഖന്മാർ സ്ത്രീകളുടെ മാനത്തെ രക്ഷിപ്പാൻ എപ്പോഴും സന്നദ്ധന്മാരാണ്. ശിഖരമണികളും വീരത്വത്തിന്റെ പരമകാഷ്ഠയെ പ്രദർശിപ്പിച്ചതായി ചരിത്രങ്ങളിൽ കാണുന്നുണ്ട്. സ്വധർമ്മരക്ഷയ്ക്കുവേണ്ടി തങ്ങളുടെ സന്താനങ്ങളെക്കൂടി ബലികഴിപ്പാൻ അവക്കു സങ്കോചം ഇല്ല. ഭർത്താക്കന്മാക്കു യോജിച്ച ഭാര്യമാരായിത്തീരാൻ അവർ ഉത്സാഹിക്കുന്നു. അവർ പാതിവ്രത്യമുള്ളവരും ഗുരുഭക്തിയുള്ളവരും ആകുന്നു. മൊഗളരാജപുരുഷന്മാർ ബന്ധനസ്ഥകളായ ശിഖരമണികളുടെ പാതിവ്രത്യഭംഗം വരുത്താൻ എത്രപ്രാവിശ്യം എതെല്ലാം വിധത്തിൽ ശ്രമിച്ചു എന്നതിന്നു കയ്യും കണക്കുമില്ല. കുട്ടികളുടെ ചോരകൊ

ണ്ടു് അമ്മമാരുടെ മാറിടങ്ങൾ രക്തവൎണ്ണമാക്കിത്തീൎക്കു കയും പല വിലാസ ചേഷ്ടകൾകൊണ്ടു് അവരെ മോഹിപ്പിച്ചു വശത്താക്കാൻ ശ്രമിക്കുകയും ചെയ്തു എങ്കിലും മൊഗളന്മാരുടെ ഈ പ്രയത്നങ്ങളെല്ലാം നിഷ്ഫലമായതേയുള്ളു. ഈ മാതിരി ഭയങ്കരപരീക്ഷകളെ ശിഖരമണികൾ കൂസൽ കൂടാതെ ജയിച്ചു തങ്ങളുടെ പാതിവ്രത്യരത്നത്തെ സൂക്ഷിച്ചു പോന്നു സ്വദേശത്തിൻെറ മഹിമയെ നിലനിൎത്തിവന്നു.

സത്യസന്ധത ശിഖന്മാരുടെ ഒരു പ്രധാന ലക്ഷണമാണു്. അസത്യഭാഷണത്തെ അവർ നിന്ദ്യയായിട്ടു കൂടി വിചാരിച്ചുവരുന്നു. സത്യത്തിന്നുവേണ്ടി പ്രാണൻ കളയാൻ ശിഖന്മാരെപ്പോലെ സാഹസമുള്ളവർ വേറെ ഉണ്ടോ എന്നു സംശയമാണു്. അവരുടെ ചരിത്രത്തിൽ നീചതയുടെ ലാഞ്ഛനംപോലും കാണില്ല. ധൎമ്മമാൎഗ്ഗത്തിൽകൂടി നടപ്പാൻ അവർ എപ്പോഴും ജാഗരൂകന്മാരാണു്. സ്വദേശത്തിൻെറ ഗുണത്തിന്നു വേണ്ടിയാണു ദൈവം തങ്ങളെ സൃഷ്ടിച്ചതെന്നു് അവർ ആന്തരമായി വിശ്വസിച്ചുപോരുന്നു. അതുകൊണ്ടു സന്മാൎഗ്ഗികളായി ജീവകാലം കഴിപ്പാൻ അവർ എപ്പോഴും ശ്രദ്ധിക്കുന്നു.

അതിഥിസല്ക്കാരത്തിൽ ശിഖന്മാർ വളരെ പ്രിയമുള്ളവരാണു്. അതിഥിസല്ക്കാരത്തിന്നുവേണ്ടി ശിഖന്മാർ പഞ്ചാബിൽ പല ദിക്കിലും ധൎമ്മശാലകൾ സ്ഥാപിച്ചിട്ടുണ്ടു്. അതിഥികളെ അവർ ദേവകളെപ്പോലെ ആദരിച്ചു പൂജിക്കുന്നു. അവരുടെ പ്രീതിയ്ക്കുവേണ്ടി തങ്ങളുടെ സൎവ്വസ്വവും ഉപേക്ഷിക്കാൻ ശിഖന്മാൎക്കു മടിയില്ല. അതിഥിയ്ക്കു പല ദോഷങ്ങളുണ്ടായിരുന്നാലും അവൻ ക്ഷമാൎഹനാണെന്നാണു് ശിഖന്മാരുടെ ദൃഢമായ ധാരണ.

ശിഖന്മാർ യുദ്ധത്തിൽ നല്ല സമൎത്ഥന്മാരാണ്. അവർ കാലോചിതമായ യുദ്ധനീതിയെ കൈക്കൊള്ളുന്നു. കാലത്തിന്നു ഏതുമാതിരി യുദ്ധം ആവശ്യമാണോ ആ മാതിരി യുദ്ധം അവർ ചെയ്യുന്നു. തങ്ങളുടെ സംഖ്യ കുറഞ്ഞിരിക്കുമ്പോഴോ രാജ്യാധികാരികളുടെ ഉപദ്രവം സഹിച്ചുകൂടാതെ വരുമ്പോഴോ അവ്യവസ്ഥിതമായ യുദ്ധനീതിയാണു നല്ലതെന്നു അവർ വിചാരിക്കുന്നു. തങ്ങളുടെ ബലം ശത്രുബലത്തോടു തുല്യമാണെന്നു എപ്പോൾ അവൎക്കു ബോദ്ധ്യമാകുന്നുവോ അപ്പോൾ അവർ ശത്രുക്കളോടു നേരിട്ടുനിന്നു യുദ്ധം ചെയ്യുന്നു. പതിനെട്ടാം നൂററാണ്ടിൽ മൊഗളന്മാർ അവരേ കഠിനമായി ദ്വേഷിച്ചു തുടങ്ങിയപ്പോൾ അവർ ആത്മരക്ഷയ്ക്കുവേണ്ടി വേഗത്തിൽ കുതിരസ്സവാരി ചെയ്വാൻ ശീലിക്കുകയും ക്രമത്തിൽ അവർ സമൎത്ഥന്മാരായ കുതിരപ്പടയാളികളായിത്തീരുകയും ചെയ്തു. അവരുടെ സാഹസവും യുദ്ധസാമൎത്ഥ്യവുംകൊണ്ടു് അവർ ഇപ്പോൾ ഇംഗ്ലീഷുകാരുടെ വലത്തുകയ്യായിത്തീൎന്നിരിക്കുന്നു. ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന ഭയങ്കരയുദ്ധത്തിൽ അവർ തങ്ങളുടെ യുദ്ധസാമൎത്ഥ്യത്തെ നല്ലപോലെ വെളിപ്പെടുത്തി യൂറോപ്യന്മാരുടെ പ്രശംസയ്ക്കു പാത്രമായി ഭവിച്ചിരിക്കുന്നു.

ശിഖചരിത്രം ആദ്യവസാനം ആത്മത്യാഗത്തിൻെറ ചരിത്രമാണ്. രാജപുത്രജാതി ഒഴിച്ച് അവരേപ്പോലെ ആത്മത്യാഗികൾ ആരെങ്കിലും എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. അവർ ഗുരുവിൻെറ കല്പനയെ വേദവാക്യമെന്നപോലെ ബഹുമാനിക്കുന്നു. അവരുടെ ദൃഷ്ടിയിൽ ഗുരുദ്രോഹിയെപ്പോലെ മഹാ പാപിയായിട്ടു

ആരും തന്നേ ഇല്ല. ധർമ്മത്തിന്നു വേണ്ടിയും ഗുരുവിന്നു വേണ്ടിയും സ്വാതന്ത്ര്യത്തിന്നു വേണ്ടിയും അവർ എത്രപ്രാവിശ്യമാണ് ആത്മബലി ചെയ്തിട്ടുള്ളത് എന്നതിന്നു കണക്കില്ല. ആ ആത്മബലിയുടെ കഥകൾകൊണ്ടു ശിഖചരിത്രത്തിന്റെ എല്ലാ ഏടുകളും ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നു. ഈ ആത്മത്യാഗം കൊണ്ടുതന്നേയാണ് അവരുടെ ജാതി ഏററവും സ്വല്പകാലത്തിന്നുള്ളിൽ വർദ്ധിച്ചുവന്നു ഇത്ര ഉൽകൃഷ്ടസ്ഥിതിയിലെത്തിയത്. ഭൂലോകത്തിലെ ഓരോ ജാതിക്കാരുടേയും ചരിത്രം പരിശോധിച്ചു നോക്കിയാൽ ശിഖജാതിയോടു കിടപിടിക്കുന്ന മറെറാരു ജാതിയെ കണ്ടുകിട്ടാൻ ഞെരുക്കമാണ്.

---

## രണ്ടാം അദ്ധ്യായം.

---

### പൂർവ്വചരിത്രം.

ക്രിസ്ത്വാബ്ദം 1469_ാമാണ്ടു വൈശാഖ*മാസത്തിലെ വെളുത്ത വാവുദിവസം ശിഖമതസ്ഥാപകനും സൂര്യകുലത്തിന്നു അലങ്കാരഭൂതനുമായ നാനക ബാബാ ലാഹോറിന്നു സമീപത്തുള്ള താലബാണ്ടി എന്ന ഗ്രാമത്തിൽ ജനിച്ചു. ബാല്യത്തിൽ തന്നേ അദ്ദേഹത്തിന്റെ കോമളമനസ്സിൽ നട്ടിരുന്ന ധർമ്മാസക്തിയുടെ ബീജം അദ്ദേഹ

* കാർത്തികമാസത്തിലെ വെളുത്ത വാവുദിവസമാണ് നാനകന്റെ ജനനം എന്നൊരു പക്ഷാന്തരമുണ്ട്.

ത്തിൻെറ മൂതിച്ച്യയോടുകൂടി ക്രമേണ മുളച്ച് വളൎന്നുവന്ന പ്പോഠം അധോഗതിയെ പ്രാപിച്ചിരിക്കുന്ന സ്വദേശവാസികളുടെ ജീവനഗതിയെ വേറെ ഒരു വഴിക്കു തിരിക്കാൻ വേണ്ടി അദ്ദേഹത്തിൻെറ മനസ്സു വ്യഗ്രമായിത്തീൎന്നു. ഈ സദ്വിചാരം പൂൎത്തിയാക്കാനുള്ള ആഗ്രഹംകൊണ്ടു നാനകൻ മുപ്പത്താറാം വയസ്സിൽ പതിവ്രതയായ തൻെറ ഭാൎയ്യയേയും രണ്ടു കുട്ടികളേയും ഉപേക്ഷിച്ചു സൎവ്വസംഗപരിത്യാഗം ചെയ്തു ഭാരതവൎഷം മുഴുവനും ചുററിനടന്നു. അദ്ദേഹത്തിൻെറ ഉപദേശവിശേഷംകൊണ്ടും യുക്തിവാദങ്ങഠംകൊണ്ടും മോഹിതന്മാരായ അനേകം ഹിന്തുക്കളും മുസൽമാന്മാരും അദ്ദേഹത്തിൻെറ ശിഷ്യന്മാരായിത്തീൎന്നു. 'ഹിന്തു, മുസൽമാൻ' എന്നിങ്ങിനെ ഒന്നുംതന്നെ ഇല്ല. ഈ ലോകത്തിലുള്ള എല്ലാവരും ഒന്നാണ്. സകലരും അനാദിപുരുഷനായ പരമേശ്വരൻെറ സൃഷ്ടിയാണ്. ഭക്തികൊണ്ടേ അദ്ദേഹത്തിനെ കണ്ടുകിട്ടാൻ കഴികയുള്ളു. ആർ ഭഗവാനെ ഭജിക്കുന്നില്ലയോ അവൻ നരാധമനാണ്. നരകകീടവുമാണ്. എന്നിങ്ങനെ അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നു.

നാനകൻെറ ജീവിതകാലത്തിൽതന്നെ അദ്ദേഹത്തിൻെറ ശിഷ്യന്മാരുടെ സംഖ്യ ധാരാളം വൎദ്ധിച്ചുവന്നു. അവരുടെ മതഭ്രാന്ത് എപ്പോഴും പ്രബലപ്പെട്ടിരിക്കണമെന്നുള്ള ആഗ്രഹംകൊണ്ട് അദ്ദേഹം ഗുരുസ്ഥാനം പരമ്പരയായി തൻെറ വംശത്തിലാക്കാതെ തൻെറ പ്രധാനശിഷ്യനായ ലഹനനെ ആ സ്ഥാനത്തേക്കു നിശ്ചയിച്ചു. ലഹനൻ കുറെ കൊല്ലംകാലം ശിഖധൎമ്മം ഭിക്ഷിച്ചിരുന്നതിൻെറ

ശേഷം തൻെറ പ്രിയശിഷ്യനായ അമരദാസനെ തൻെറ സ്ഥാനത്തിലാക്കിവെച്ചു പരലോകം പ്രാപിച്ചു. അമരദാസൻ ഗുരുവിൻെറ പാദപദ്മസ്മരണയോടുകൂടി ഇരുന്നു പല ദിക്കുകളിലേയ്ക്കും യോഗ്യന്മാരായ പ്രചാരകസമൂഹത്തെ അയച്ചു ശിഖധൎമ്മത്തിന്നു പ്രചാരം വരുത്താൻ കഴിയുന്ന യത്നം ചെയ്തു. ആ പ്രചാരകന്മാരുടെ പ്രവൃത്തികൾകൊണ്ടു ശിഖന്മാർ ക്രമത്തിൽ ഒരു ചെറിയ ജാതിക്കാരായിത്തീൎന്നു.

നാലാമത്തെ ഗുരുവായ രാമദാസൻ തൻെറ ജീവിതം മുഴുവനും ശിഖഗുണത്തിന്നായിക്കൊണ്ടുതന്നെ വിനിയോഗിച്ചു. മൊഗളചക്രവൎത്തിയായ അക്ബർ രാമദാസൻെറ ചരിത്രമാഹാത്മ്യംകൊണ്ടു മോഹിതനായിട്ട് അദ്ദേഹത്തിൻെറ ഒരു മിത്രമായിത്തീരുകയും അമൃതസരത്തിൻെറ സമീപമുണ്ടായിരുന്ന കുറെ ഭൂമികൾ അദ്ദേഹത്തിന്നു ദാനമായിക്കൊടുക്കുകയും ചെയ്തു. ഗുരു അവിടെ താമസിച്ചു അമൃതസരം എന്ന നഗരത്തെ നിൎമ്മിക്കാൻ തുടങ്ങി. നഗരനിൎമ്മാണം പൂൎത്തിയാവുന്നതിന്നുമുമ്പു ഗുരു മരിച്ചുപോയി. ശിഖന്മാർ അദ്ദേഹത്തിൻെറ പുത്രനായ അൎജ്ജുനമല്ലനെ ഗുരുവായി വരിച്ചു. അദ്ദേഹം തൻെറ അച്ഛൻ തുടങ്ങിവെച്ച കാൎയ്യം പൂൎത്തിയാക്കി. ദീൎഘദൎശിയായ ഗുരു ചിന്നിച്ചിതറിയ ശിഖന്മാരെ ഒന്നിച്ചു കൂട്ടിച്ചേൎത്തു അവർ മേലിൽ നടക്കേണ്ട നടവടിക്രമത്തെപ്പററി ചില വ്യവസ്ഥകൾ ചെയ്തു. ശിഖ തീൎത്ഥയാത്രക്കാരുടേയും പൊതുജനങ്ങളുടേയും നന്മയ്ക്കും സൌകൎയ്യത്തിന്നും വേണ്ടി ഗുരുവായ അൎജ്ജുനമല്ലൻ ദക്ഷിണയുടെ നിലയി

ൽ എല്ലാ ശിഖന്മാരുടെ പക്കൽനിന്നും കപ്പം വാങ്ങിത്തുടങ്ങുകയും അതിനെ ഒരു നടപ്പാക്കിത്തീക്കുകയും ചെയ്തു. ശിഖന്മാരുടെ ഉന്നതിക്കുവേണ്ടി അദ്ദേഹം ഏതെല്ലാം ഉപായങ്ങൾ എടുത്തിരുന്നുവോ അവയെ അവലംബിച്ചു തന്നെ ശിഖന്മാർ സമരശ്ശൂരന്മാരായ ഒരു ജാതിക്കാരായി ഭവിച്ചു. അദ്ദേഹംതന്നെയാണ് ആദ്യമായി ശിഖന്മാക്കു രാജ്യകാൎയ്യങ്ങളേയും ഭരണതന്ത്രത്തേയുംപററി ഉപദേശിച്ചത്. നാലാമത്തെ ഗുരുവായ രാമദാസൻെറ വാഴ്ചകാലത്തു ശിഖന്മാരുടെ മനസ്സിൽ അവർ അറിയാതെതന്നെ രാജ്യസ്ഥാപനത്തെപ്പററി ഉണ്ടായിരുന്ന ഉദ്ദേശം അൎജ്ജുനഗുരുവിൻെറ വാഴ്ചകാലത്തു നല്ലവണ്ണം വെളിപ്പെട്ടുതുടങ്ങി.

അൎജ്ജുനഗുരുവിൻെറ അവസാനകാലത്ത് അദ്ദേഹം അവിചാരിതമായ ഒരു ആപത്തിലകപ്പെടുകയും തന്നിമിത്തം അദ്ദേഹത്തിൻെറ ജീവഹാനികൂടി വരികയും ചെയ്തു. അൿബരുടെ മകനായ സെലിം ജിഹംഗീർ (ജഗജ്ജയി) എന്ന പേരെടുത്ത ദില്ലി സിംഹാസനത്തിലിരുന്നു രാജ്യഭാരം തുടങ്ങിയപ്പോൾ അദ്ദേഹത്തിൻെറ മൂത്ത മകനായ ഖുസരു രാജദ്രോഹിയായിത്തീൎന്നു പഞ്ചാബിൻെറ ഏതാനും ഭാഗം കൈവശപ്പെടുത്തി. ഈ അവസരത്തിൽ അൎജ്ജുനൻ ഖുസരുവിന്നു് അനേകവിധത്തിലുള്ള ഒത്താശകൾ ചെയ്തുകൊടുക്കുകയും ഖുസരുവിനെ ദില്ലി ചക്രവൎത്തിയുടെ നിലയിൽ സ്വീകരിച്ച് അയാൾക്കു കപ്പംകൊടുക്കുകയും ചെയ്തു. നിർഭാഗ്യവശാൽ ഖുസരുവിൻെറ സ്ഥിതി പരുങ്ങലായപ്പോൾ അയാളുടെ അനുചരന്മാരെ ജിഹാംഗീർ ചക്രവൎത്തി ലേശം ദയകൂടാതെ കൊല്ലിക്കുക

യും തടവിലാക്കുകയും ചെയ്തു. വിധിബലം നിമിത്തം അർജ്ജുനനും ഈ കൂട്ടത്തിൽ തടവുശിക്ഷ കിട്ടി. 'ദെവിസ്ഥാമജാഹിബ്' എന്ന ഗ്രന്ഥം നിർമ്മിച്ച മൗലവീ മൊശിനഫണി എന്നാൾ അർജ്ജുനൻെറ കാലത്തു ജീവിച്ചിരുന്നവനായിരുന്നു. അർജ്ജുനനെ തടവിലിട്ട് അതികഠിനമായ ഭേദ്യം ചെയ്യുതായി അയാൾ പ്രസ്താവിച്ചിരിക്കുന്നു. ഈ കഠിനമായ ഭേദ്യം സഹിക്കാൻവയ്യാതെ അർജ്ജുനൻ കാരാഗൃഹത്തിൽ കിടന്നു പരലോകത്തെ പ്രാപിച്ചു.

അർജ്ജുനൻെറ പുത്രനായ ഹരിഗോവിന്ദൻ ശിഖഗുരുവായി വരിക്കപ്പെട്ടതിൻെറ ശേഷം അദ്ദേഹം ശിഖസമാജം പരിഷ്കരിച്ചു പുഷ്ടിവരുത്തുന്നതിൽ വളരെ ശ്രദ്ധവെച്ചു. ശിഖന്മാൎക്ക് ആയുധാഭ്യാസവും മററും ശീലിപ്പിക്കുന്നതിന്നു വേണ്ടി അദ്ദേഹം ഗോവിന്ദപുരത്തിൽ ഉറപ്പുള്ള ഒരു കോട്ടയെ നിർമ്മിച്ചു. മൊഗളസൈന്യവിഭാഗങ്ങളുടെ ഓരോ തത്വങ്ങൾ നല്ലവണ്ണം മനസ്സിലാക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി സമൎത്ഥനായ ഗുരു മൊഗള സൈന്യത്തിൽ ഒരുഭൃത്യനായി ചേൎന്നു മൊഗളചക്രവൎത്തി കാശ്മീരത്തിലേക്കു യാത്രചെയ്യുമ്പോൾ ഹരിഗോവിന്ദനും അദ്ദേഹത്തിൻെറ കൂടെ പോയിരുന്നു. എന്തോ കാരണവശാൽ ചക്രവൎത്തിക്കു അദ്ദേഹത്തിൻെറ നേരെ അപ്രീതി ജനിച്ചു അൎജ്ജുനന്നു തടവുശിക്ഷക്കു പുറമേ ഒരു വലിയ സംഖ്യ പിഴയായും കല്പിച്ചിട്ടുണ്ടായിരുന്നു. ആ സംഖ്യ അടക്കേണമെന്നു ഹരിഗോവിന്ദനേ ബുദ്ധിമുട്ടിച്ചിരുന്നു. എന്നാൽ നിശ്ചിതസമയത്തു പിഴ അടക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു ഗുരുഗോയാലിയ എന്ന കോട്ടയിൽ തടവി

ലാക്കപ്പെട്ടു. കുറെ കൊല്ലകാലം വേണ്ടപോലെ ആഹാരം കിട്ടാതെയും പലവിധമായ ഭേദ്യങ്ങൾ അനുഭവിച്ചും കഷ്ടപ്പെട്ടതിൻെറ ശേഷം ഗുരു ഉപായത്തിൽ അവിടേനിന്നു രക്ഷപ്പെട്ടു.

ജിഹാംഗീറിന്നു ശേഷം ഷാജഹാൻ ചക്രവത്തിയായി വന്നപ്പോൾ അദ്ദേഹത്തിൻെറ പുത്രനും പ്രജാവത്സലനും ഉദാരശീലനുമായ ദാരാസേട്ടകാ പഞ്ചാബിൻെറ ഭരണകത്താവായി നിയമിക്കപ്പെട്ടു. അദ്ദേഹവും ഹരിഗോവിന്ദനും തമ്മിൽ വളരേ മമതയുണ്ടായി. എന്നാൽ മൊഗളന്മാരുടെ അന്യായമായ നടവടികൊണ്ടു ആ മമതയ്ക്കു അധികകാലം നിലനില്ക്കാൻ എടവന്നില്ല. മൊഗളന്മാർ ശിഖന്മാരേ ഇടവിടാതേ അവമാനിച്ചുവന്നതുകൊണ്ടു അവർ മൊഗളന്മാക്കു എതിരായി പ്രവത്തിച്ചുതുടങ്ങി. അതിൻെറ ഫലമായി ഇരുകക്ഷികളും തമ്മിൽ ചില്ലാ യുദ്ധങ്ങൾ ഉണ്ടാവുകയും അവയിലെല്ലാം വിലാസപ്രിയന്മാരായ മൊഗളന്മാർ ധമ്മാചരണത്തിലുള്ള ഉണച്ച്കൊണ്ടു നൂതനശക്തിയോടുകൂടിയ ശിഖന്മാരോടു തോല്ക്കുകയും ചെയ്തു.

ശിഖന്മാരും മൊഗളന്മാരും തമ്മിൽ ആദ്യമായി ഉണ്ടായ യുദ്ധത്തിന്നു പറയത്തക്ക കാരണമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അതിന്നു ഹേതുഭൂതന്മാർ മൊഗളന്മാർ തന്നെയായിരുന്നു. ഗുരുവിന്നു കാഴ്ചയായി ഒരു ശിഖൻ ദൂരദേശത്തിൽ നിന്നു കുറെ കുതിരകളെ അയച്ചിരുന്നു. മൊഗളന്മാർ ഈ കുതിരകളെ അന്യായമായി അപഹരിച്ച് അവർ തമ്മിൽ പങ്കിട്ടെടുത്തു. ലാഹോറിലേ കാജി (ന്യായാധിപൻ) തൻെറ ഓഹരിക്കു കിട്ടിയ നൊണ്ടിക്കു

തിരയെ ആയിരം ഉറുപ്പിക വിലക്കു ശിഖഗുരുവിന്നു വിററു. എല്ലാ വിവരങ്ങളും അറിഞ്ഞിരുന്ന ഗുരു കുതിരയെ വാങ്ങി എങ്കിലും അതിൻെറ വിലകൊടുക്കാൻ കൂട്ടാക്കിയില്ല. എന്നുമാത്രമല്ല, മൊഗളന്മാർ വേട്ടക്കുപയോഗിച്ചിരുന്ന ഒരു പക്ഷിയെ ഗുരു കരസ്ഥമാക്കി. ഗുരുവിൻെറ ഈ അപരാധം സഹിക്കാൻ പാടില്ലാതെ മൊഗളസക്കാർ മുക്ക് ലുസഖാനിൻെറ കീഴിൽ ഏഴായിരം സൈന്യത്തെ ഗുരുവിൻെറ നേരെ അയച്ചു. ഗുരുവിൻെറ അയ്യായിരം ശിഖഭടന്മാരും ഇവരുമായി ഉണ്ടായ യുദ്ധത്തിൽ മൊഗളസൈന്യം തീരെ തോററ് ഓടിപ്പോയി. അതിന്നുശേഷം ഗുരു ഭതിണ്ടാ എന്ന പ്രദേശത്തിൽപോയി വീണ്ടും സൈന്യം ശേഖരിക്കാൻ ശ്രമിച്ചു. ഈ അവസരത്തിൽ ഗുരുവിൻെറ ഒരു ശിഷ്യൻ മൊഗള ചക്രവത്തിയുടെ കുതിരലായത്തിൽനിന്നു രണ്ടു കുതിരകളെ അപഹരിച്ചുകൊണ്ടുവന്നു ഗുരുവിന്നു കാഴ്ചവെച്ചു. ഈ വിവരം അറിഞ്ഞതുകൊണ്ടും മുമ്പു തങ്ങൾക്കു നേരിട്ട അപമാനത്തിന്നു പകരം ചോദിപ്പാനുള്ള അത്യാഗ്രഹംകൊണ്ടും മൊഗളസക്കാർ കുമാരവേഗൻ, ലാലവേഗൻ എന്ന രണ്ടു സേനാധിപന്മാരുടെ കീഴിൽ ഗുരുവിന്നു എതിരായി ഒരു വലിയ സൈന്യത്തെ അയച്ചു. ഇത്തവണയും ശിഖസൈന്യത്തിൻെറ ഊക്കിനേ തടുക്കാൻ കഴിയാതെ മൊഗളന്മാക്കു പോക്കളംവിട്ടു ഓടിപ്പോകേണ്ടതായിവന്നു. ഈ യുദ്ധത്തിൽ മൊഗള സേനാപതിമാർ രണ്ടുപേരും അകാലമരണത്തെ പ്രാപിച്ചു.

ഗുരുവിൻെറ പോററമ്മയുടെ മകനും പ്രിയശിഷ്യനുമായ പൈണ്ഡിഖാനിൻെറ അവിവേകത്തിൻെറ ഫല

മായി ശിഖന്മാരും മൊഗളന്മാരും തമ്മിൽ വീണ്ടും ഒരു യുദ്ധം ഉണ്ടായി. പൈണ്ഡീ പഠാണിജാതിക്കാരനായിരുന്നു. അവൻ ഗുരുവിൻെറ ശിഷ്യനായിരുന്നു എങ്കിലും അവൻെറ സ്വാഭാവികമായ ധിക്കാരശീലം തീരെ മാററാൻ അവന്നു കഴിഞ്ഞില്ല. ഗുരുവിൻെറ മകൻ വേട്ടക്ക് ഉപയോഗിച്ചിരുന്ന ഒരു മനോഹരമായ പക്ഷി പൈണ്ഡിയുടെ വീട്ടിലേക്കു പറന്നു പോയപ്പോൾ അവൻ അതിനെ സൂത്രത്തിൽ പിടിച്ചു കയ്ക്കലാക്കി. അതിൻെറ ഉടമസ്ഥൻ ആവശ്യപ്പെട്ടപ്പോൾ അവൻ അതിനെ മടക്കിക്കൊടുക്കാൻ കൂട്ടാക്കിയില്ല. ഗുരു ഈ വിവരം അറിഞ്ഞപ്പോൾ അവൻെറ അതിമോഹത്തെക്കുറിച്ച് അവനെ കുറെ ശകാരിച്ചു. ഗുരു തന്നെ അവമാനിക്കുകയാണു ചെയ്തതു് എന്നു വിചാരിച്ചു മൂഢനായ ആ പഠാണി ദില്ലിപട്ടണത്തിൽ പോയി മൊഗളസൈന്യത്തിൽ ഒരു ഭടനായിച്ചേൎന്നു ഗുരുവിൻെറ ഉന്മൂലനാശം വരുത്തേണമെന്നുള്ള ആഗ്രഹത്തോടു കൂടി മൊഗളചക്രവൎത്തി ഈ വിശ്വാസവഞ്ചകനെ ഒരു നേതാവായി നിശ്ചയിച്ചു വേണ്ട സൈന്യങ്ങളോടു കൂടി അവനെ ശിഖന്മാൎക്ക് എതിരായി അയച്ചു. ഇങ്ങിനെ ചക്രവൎത്തിയുടെ സഹായം സിദ്ധിച്ച പൈണ്ഡീ താമസിയാതെ ഗുരുവിൻെറ നേരെ യുദ്ധത്തിന്നു ചെന്നു് അവർ തമ്മിലുണ്ടായ ഭയങ്കരയുദ്ധത്തിൽ മൊഗളന്മാർ തോല്ക്കുകയും നിൎഭാഗ്യവാനായ പൈണ്ഡി കൊല്ലപ്പെടുകയും ചെയ്തു.

ശിഖന്മാരുടെ സമരശക്തിക്ക് ഉണൎച്ച വരുത്തിയതിൻെറ ശേഷം ഹരിഗോവിന്ദൻ പരലോകം പ്രാപിച്ചു. പി

ന്നെ അദ്ദേഹത്തിൻെറ പൌത്രനും ശാന്തനുമായ ഹരിരായൻ ഏഴാമത്തെ ഗുരുവായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹത്തിൻെറ ശാന്തതകൊണ്ടു ശിഖന്മാരുടെ ഉന്നതിക്കു് അത്ര വേഗത ഉണ്ടായില്ല. എങ്കിലും വേണ്ട സമയത്തു തക്ക സാഹസവും കൌശലവും പ്രദശിപ്പിക്കാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. ദില്ലിയിലെ മയൂരസിംഹാസനത്തെ ഉദ്ദേശിച്ചു രാജപുത്രന്മാരുടെ ഇടയിൽ പ്രബലമായ മത്സരം ഉണ്ടായപ്പോൾ ശിഖഗുരു ഉദാരശീലനും പ്രജാവത്സലനുമായ ദാരാസേകാവിന്നു വേണ്ടി പല്വിധത്തിലുള്ള ഒത്താശകൾ ചെയ്തു. എന്നാൽ ഭാരതലക്ഷ്മിയുടെ നിർഭാഗ്യവശാൽ പക്ഷപാതിയായ അരംഗസീബ് തൻെറ സോദരനെ കൊന്നു ചക്രവൎത്തി പദം പ്രാപിച്ചു. അപ്പോൾ ഗുരു അദ്ദേഹത്തിൻെറ ആധിപത്യം സ്വീകരിക്കുകയും ക്ഷീണശക്തിയോടു കൂടിയ ശിഖസമാജത്തെ അതിനെ ഉന്മൂലനാശം വരുത്താൻ ഉദ്ദേശിച്ചിരുന്ന അരംഗ്സീബിങ്കൽനിന്നു രക്ഷപ്പെടുത്താൻ വളരെ ബുദ്ധിമുട്ടുകയും ചെയ്തു.

ഹരിരായൻെറ മരണശേഷം അദ്ദേഹത്തിൻെറ ഒട്ടുവിലത്തെ മകനും ബാലനുമായ ഹരികൃഷ്ണൻ ശിഖഗുരു ആയിവന്നു. അദ്ദേഹം ഗുരുവായിരുന്ന കാലത്തു പ്രസ്ഥാപയോഗ്യമായ സംഭവങ്ങൾ ഒന്നും ഉണ്ടായില്ല. മൂന്നുകൊല്ലം മാത്രം ഗുരുസ്ഥാനം വഹിച്ചതിൻെറ ശേഷം അദ്ദേഹം വസൂരിദീനത്താൽ അകാലമരണത്തെ പ്രാപിച്ചു.

# മൂന്നാം അദ്ധ്യായം

## പിതൃപരിചയം

ആദ്യത്തെ ശിഖഗുരുസ്ഥാനം വംശപാരമ്പൎയ്യക്രമപ്രകാരമായിരുന്നില്ല. ശിഷ്യവഴിക്കാണു ഗുരുസ്ഥാനം വഹിക്കപ്പെട്ടിരുന്നതു്. എന്നാൽ കാലക്രമത്തിൽ ഈ നടവടിക്കു് ഒരു മാററം വരികയും നാലാമത്തെ ഗുരുവായ രാമദേവൻെറ കാലംമുതല്ക്കേ ഈ സ്ഥാനം വംശഗതമായിത്തീരുകയും ചെയ്തു. ഇതുകൊണ്ടാണു രാമദാസൻെറ ശേഷം അൎജ്ജുനനും, അൎജ്ജുനൻെറശേഷം ഹരിഗോവിന്ദനും ഗുരുപദം വഹിക്കാൻ സാധിച്ചതു്. ഇപ്രകാരം ഗുരുപദം വംശഗതമായി വന്നപ്പോൾ മാത്രമാണു ശിഖന്മാൎക്കു യുദ്ധസാമൎത്ഥ്യം സമ്പാദിക്കാനുള്ള നല്ല അവസരം കിട്ടിയതു്. മറിച്ചായിരുന്നു എങ്കിൽ അവർ കേവലം ഒരു നൂതനമതക്കാരുടെ നിലയിൽ കലാശിക്കുമായിരുന്നു.

ആറാമത്തെ ഗുരുവായ ഹരിഗോവിന്ദനു് അഞ്ചു പുത്രന്മാർ ഉണ്ടായിരുന്നു. മൂത്തവൻെറ പേർ ഗുരുദിത്യനെന്നും നടുവിലത്തെ പുത്രൻെറ പേർ തേഗബഹാദുരനെന്നും ആയിരുന്നു. അച്ഛൻ മരിക്കുന്നതിന്നു മുമ്പുതന്നെ ഗുരുദിത്യൻ മരിച്ചുപോയി. അയാൾ മരിക്കുമ്പോൾ അയാളുടെ പൌത്രന്മാരായ ഹരിരായനും ധീരമലനും നന്നേ ചെറുപ്പമായിരുന്നു. ഹിന്തുക്കളുടെ ഇടയിൽ ജ്യേഷ്ഠപുത്രനും കനിഷ്ഠപുത്രനും ആണു പ്രധാനസ്ഥാനം നല്കപ്പെട്ടിരുന്നതു്. അതിനാൽ ഗുരുപദപ്രാപ്തിക്കു തേഗബഹാദുരനു വിശേഷവിധിയായ അവകാശമൊന്നും ഉണ്ടായിരു

ന്നില്ല. തന്നിമിത്തം ഹരിഗോവിന്ദന്റെ ശേഷം ഹരിരായ് നം, അയാൾക്കുശേഷം അയാളുടെ പുത്രൻ ഹരികൃഷ്ണനും ഗുരുപദത്തെ വഹിച്ചുപോന്നു. ഹരികൃഷ്ണൻ സന്താനമില്ലാതെ മരിക്കുന്നതായാൽ ഗുരുപദം തേഗബാഹാദുരനാണു കൊടുക്കേണ്ടതെന്ന് ആറാമത്തെ ഗുരു മുമ്പുതന്നെ ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ഹരിഗോവിന്ദന്റെ ഈ നിർദ്ദേശം ഗുരുവംശത്തിലുള്ള മിക്കപേൎക്കും അറിവുണ്ടായിരുന്നു. അതുകൊണ്ടു ഹരികൃഷ്ണൻ തന്റെ മരണസമയത്തിൽ 'എന്റെ പിറേറകാലം വകാലാബാബതന്നേ ഗുരുവായിരിക്കണം' എന്നു തേഗബാഹാദുരനെ ഉദ്ദേശിച്ചു പറകയുണ്ടായി.

വകാലാ എന്നതു തേഗബാഹാദുരന്റെ മറെറാരു പേരല്ല. അതു വിപാശാ നദിയുടെ തീരത്തിൽ ഗോവിന്ദബാല എന്ന സ്ഥലത്തിന്നടുത്തുള്ള ഒരു ചെറിയ ഗ്രാമത്തിന്റെ പേരാണ്. തന്റെ സ്വജനങ്ങളിൽ വളരെപ്പേരെ ഈ ഗ്രാമത്തിൽ താമസിപ്പിച്ചിട്ടാണു ഹരിഗോവിന്ദൻ തന്റെ ശക്തി വൎദ്ധിപ്പിക്കാനായി പൎവ്വതപ്രദേശങ്ങളിലേക്കു പോയതു്. അന്നുമുതൽക്കു തേഗൻ ആ ഗ്രാമത്തിൽ തന്നെ താമസിച്ചുവന്നു.

തന്റെ മരണസമയത്തു് എട്ടാമത്തെ ഗുരു തേഗബാഹാദുരനേ ഉദ്ദേശിച്ചു പറഞ്ഞ വാക്കുകൾ ആൎക്കും അറിവില്ലാതിരുന്നില്ല. എങ്കിലും അദ്ദേഹം മരിച്ച വിവരം നാട്ടിലെല്ലാം പരന്ന ഉടനെ ഹരിഗോവിന്ദന്റെ സ്വന്തം ഗോത്രക്കാരെല്ലാവരും ഗുരുപദം സിദ്ധിക്കാൻ ആഗ്രഹിച്ചുതുടങ്ങി. എന്നാൽ സ്വഭാവത്താൽതന്നെ തപസ്വിയായ തേഗബാഹാദുരൻ അവരുടെ ഈ ന്യായമായ ആഗ്രഹ

ങ്ങളെപ്പററി അറിഞ്ഞു എങ്കിലും അദ്ദേഹം ലേശം ചാപല്യം കാണിച്ചില്ല. വിനയഗുണശാലിയായ അദ്ദേഹത്തിനു ഗുരുപദം സ്വീകരിക്കാൻ ഒട്ടും മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം മനസ്സമാധാനത്തോടുകൂടി നിർജ്ജനവാസംചെയ്തുകൊണ്ടിരുന്നു. എന്നാൽ വിജനവാസത്തിന്നല്ല അദ്ദേഹത്തിന്നു യോഗംഉണ്ടായിരുന്നതു്. വാസ്തവത്തിൽ ഗുരുപദത്തിന്നു് അദ്ദേഹം ലേശം മോഹിച്ചിരുന്നില്ലെങ്കിലും മാഖനസാഹാഎന്നാൾ എല്ലാ ശിഖന്മാരുടേയും പ്രതിനിധിയുടെ നിലയിൽ അദ്ദേഹത്തിനെതന്നെ ഗുരുവായി സ്വീകരിച്ചു. എന്നാൽ തേഗൻ വളരെ ചുമതലയുള്ള ഈ മാന്യപദവി സ്വീകരിക്കാതെ കഴിപ്പാൻ വളരെ യുക്തികൾ എടുത്തുനോക്കി എങ്കിലും ശിഖന്മാരുടെ പ്രബലമായ ആഗ്രഹത്തിന്നെതിരായി ആ യുക്തികളൊന്നും ഫലിച്ചില്ല. അവർ നിബ്ബന്ധിച്ചു് അദ്ദേഹത്തിനെക്കൊണ്ടു ഗുരുപദം സ്വീകരിപ്പിച്ചു. തേഗൻെറ ഉപയോഗത്തിന്നായി അദ്ദേഹത്തിൻെറ അമ്മയുടെവശൽ ഹരിഗോവിന്ദൻ എതെല്ലാം ശസ്ത്രങ്ങൾ കൊടുത്തിരുന്നുവോ, അതെല്ലാം കൊണ്ടുവന്നു് അഭിഷേകസമയത്തു തേഗൻെറ പുണ്യദേഹത്തിനെ അലങ്കരിപ്പിച്ചപ്പോൾ താൻ ഇതിനൊന്നും യോഗ്യനല്ലെന്നും എന്തിനാണു് ഈ ഭാരം തൻെറമേൽ ചുമത്തുന്നതെന്നും അദ്ദേഹം പിന്നെയും പിന്നെയും പറകയുണ്ടായി. മഹാന്മാരുടെ ലക്ഷണം ഇതുതന്നേയാണു്. മഹത്വമാകുന്ന തിരശ്ശീലയുടെ ഉള്ളിൽ തന്നെ ഇരുന്നുംകൊണ്ടു് അവർ തങ്ങളുടെ യോഗ്യതകളെപ്പററി അറിയുന്നതേഇല്ല. തങ്ങൾ മോശക്കാരനാണെന്നു് അവർ എപ്പോഴും വിചാരിക്കുന്നു.

തേഗൻ ഗുരുവായതിന്നു ശേഷം തന്റെ സ്വജനങ്ങളുടെ സ്വാൎത്ഥം കണ്ടു് അദ്ദേഹത്തിന്നു സഹിക്കാൻ വയ്യാതായി. അവർ അദ്ദേഹത്തിന്റെ നാശത്തിന്നുവേണ്ടി പലേ ഉപായങ്ങളും ചെയ്തുതുടങ്ങിയപ്പോൾ അദ്ദേഹത്തിന്നു് അവരുടെ നേരെ ഏററവും വിരക്തിയുണ്ടാവുകയും അവരേ ആ സകലം ഗ്രാമത്തിൽനിന്നു ദൂരത്താക്കാൻ അദ്ദേഹത്തിന്നു് ആഗ്രഹം ജനിക്കുകയും ചെയ്തു. എങ്കിലും മാഖനസാഹയുടെ അഭിപ്രായപ്രകാരം ഗുരു ആ ഉദ്ദേശത്തിൽനിന്നു പിൻവലിക്കുകയും താൻതന്നെ ആ ഗ്രാമം ഉപേക്ഷിച്ചു പഞ്ചാബിലേ പല ദിക്കുകളിലും ച്ചുററിനടന്നതിന്റെ ശേഷം ദില്ലിയിൽ ചെന്നുചേരുകയും ചെയ്തു.

തേഗൻ ദില്ലിയിൽ എത്തി എത്തിയില്ലാ എന്നായപ്പോഴേക്കും അദ്ദേഹം വിചാരിക്കാതെകണ്ടുള്ള ഒരാപത്തിലകപ്പെട്ടു. ദുഷ്ടനും പൌത്രസ്ഥാനീയനുമായ രാമരായൻ ഗുരുപദം സിദ്ധിക്കാൻവേണ്ടി വീണ്ടും വീണ്ടും പരിശ്രമിച്ചുവന്നിരുന്നു. എങ്കിലും അവന്റെ പരിശ്രമങ്ങളെല്ലാം നിഷ്ഫലമായതുകൊണ്ടു് അവൻ തേഗന്റെ പരമശത്രുവായിത്തീൎന്നു. ഈ സമയത്തിൽ തേഗൻ കൎത്താരപുരത്തിൽ ഒരു കോട്ട പണികഴിച്ചിരുന്നു. ഈ തക്കം നോക്കി രാമരായൻ തേഗനെ ദ്വേഷിക്കാൻ വേണ്ടി ചക്രവൎത്തിയുടെ സന്നിധിയിൽ ചെന്നു തേഗന്റെമേൽ ചില കുററങ്ങൾ ചുമത്തി. അതിന്റെ ഫലമായി ചക്രവൎത്തി തേഗനെ തടവിലിടാൻ കല്പനകൊടുത്തു. കുറച്ചു കാലം തടവിൽ കിടന്നതിന്റെ ശേഷം അംബരരാജാവായ രാമസിംഹന്റെ ബലമായ ശുപാൎശകൊണ്ടു തേഗൻ തടവിൽനിന്നു മോചിക്കപ്പെട്ടു.

അതിനുശേഷം ഗുരു കിഴക്കോട്ടുപോയി ഗംഗാനദിയുടെ തീരത്തുള്ള പാട്നാനഗരത്തിൽ ചെന്നു തന്റെ പരിവാരങ്ങളോടുകൂടി അവിടെ താമസിച്ചുതുടങ്ങി. അവിടെ താമസിക്കുന്ന കാലത്തു താന്ത്രികന്മാരായ പണ്ഡിതന്മാരോടുകൂടി ആലാപങ്ങൾ ചെയ്യാൻ അദ്ദേഹത്തിന്നു് അവസരം ലഭിക്കുകയും തൽഫലമായി കാമരൂപമെന്ന ദിക്ക് ദർശിക്കാൻ അദ്ദേഹത്തിന്നു് ആഗ്രഹം ജനിക്കുകയും ചെയ്തു. ഈ സമയത്തിൽ അംബരരാജാവു് ആസാമിലേക്കു പോകുന്നുണ്ടായിരുന്നു. ഈ നല്ല അവസരത്തെ വെറുതേ കളയാൻ ഗുരുവിന്നു മനസ്സു വന്നില്ല. തന്റെ കുഡുംബങ്ങളെ തന്റെ അളിയനായ കൃപാലന്റെ രക്ഷയിലാക്കി അദ്ദേഹം രാമസിംഹന്റെ ഒന്നിച്ചു പോയി. ആസാമിലുള്ള പാവനതീർത്ഥങ്ങളെ സന്ദർശിക്കുകയും കാമരൂപത്തിലെ രാജാവുമായി കൂടിക്കാഴ്ചകഴിക്കുകയും ചെയ്തതിന്റെ ശേഷം ഗുരു ആനന്ദഭരിതനായി പാട്നയിൽ മടങ്ങിഎത്തി. പാട്നയിലുള്ള ശിഖന്മാരുടെ നന്മക്കു വേണ്ടി ഗുരു ഒരു ശിഖവിദ്യാലയവും ഒരു ധർമ്മശാലയും സ്ഥാപിച്ചു. ഇവിടെ താമസിക്കുന്ന കാലത്തു വിക്രമാബ്ദം 1724-ൽ * പൌഷമാസത്തിൽ അവിട്ടം നാളിൽ വെള്ള

* ഗോവിന്ദൻ ജനിച്ച കൊല്ലം നിർണ്ണയിക്കുന്നതിൽ മിക്ക ചരിത്രകാരന്മാൎക്കും തെറ്റു വന്നിട്ടുണ്ടു്. ഗോവിന്ദൻ ക്രി. അ 1660-ാമാണ്ടിലാണ് ജനിച്ചിരിക്കുന്നതു എന്നാണ് അവരുടെ അഭിപ്രായം. എന്നാൽ ശിഖന്മാരുടെ ഗ്രന്ഥങ്ങളിൽ കാണുന്ന തിയ്യതിയാണു ഇവിടെ ചേർത്തിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ ഗോവിന്ദൻ ക്രി അ 1665-ാമാണ്ട് ഡിസംബ്രിലൊ 1666-ാമാണ്ടു് ജനവരിയിലോ ആണ് ജനിച്ചത്.

ത്ത സപ്തമി ദിവസത്തിൽ ലോകപ്രസിദ്ധനും യുഗപ്രവ ത്തകനും ആയ അദ്ദേഹത്തിന്റെ പുത്രനു ഗോവിന്ദരായൻ ജനിച്ചു. ലോകം തയ്യാറായിട്ടുണ്ടെങ്കിൽ മാത്രമെ മഹാപു രുഷന്മാരുടെ അവതാരംഉണ്ടാവുള്ളൂ. അദ്ദേഹത്തിന്റെ പൂ ർവ്വഗുരുക്കന്മാരെ മൊഗളന്മാർ അന്യായമായി ദ്രോഹിക്കു കാരണം ശിഖലോകം ഗോവിന്ദരായന്റെ അവതാരത്തി ന്നു തയ്യാറായിരുന്നു. ശിഷ്ടന്മാരും ക്ലിഷ്ടന്മാരുമായ ശിഖന്മാ രുടെ ഹൃദയത്തിൽ ഗോവിന്ദൻ ജ്വലിപ്പിച്ച സ്വദേശപ്രേ മത്തിന്റെ ഉത്സാഹവഹ്നി വളരെക്കാലം അവരുടെ ഹൃദ യത്തിൽ കത്തിക്കൊണ്ടിരുന്നു.

---

# നാലാം അദ്ധ്യായം.

## ശൈശവം

മനുഷ്യന്റെ കുട്ടികാലത്തെ കളികളിൽനിന്നു് അ വന്റെ ഭാവി സൂചിക്കപ്പെടുന്നു. ഒരുവന്നു തന്റെ ഭാവി യിൽ ഏതൊരു സ്ഥിതിയിലുള്ള കാലക്ഷേപത്തിന്നു സം ഗതിവരുമോ അതിന്നു് അനുരൂപമായ അഭ്യാസം കുട്ടിക്കാ ലം മുതല്ക്കേ അവൻ അറിയാതെ തന്നെ അവന്നു സിദ്ധി ക്കുന്നു. പരദുഃഖം സഹിക്കാൻ പാടില്ലാത്ത ഏതൊരു ശീലമാഹാത്മ്യത്താൽ ശ്രീ ബുദ്ധൻ തന്റെ ഭാവിദശ യിൽ സുഖാനുഭവങ്ങളോടുകൂടിയ സംസാരത്തെ ഉപേ ക്ഷിച്ചു കഠോരമായ സന്ന്യാസത്തെ സ്വീകരിക്കുകയും

സനാതനഹിന്തുധർമ്മത്തിൻെറ ചില ന്യൂനതകളെ പരിഹരിച്ചു ജനങ്ങൾക്കു് ഒരു പുതിയ മാതൃകയെ കാണിച്ചുകൊടുക്കുകയും ചെയ്യുമ്പോ ആ മഹത്തായ ശീലത്തിൻെറ ബീജം കുട്ടികാലത്തുതന്നെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിരുന്നു. ഏതൊരു മഹാൻെറ നാമം കേട്ടാൽ ചീനരാജ്യക്കാർ ഇപ്പോഴും കൂടി സംഭ്രമത്തോടുകൂടി തലകുമ്പിടുന്നുവോ, ഏതൊരുവൻെറ പരിശ്രമം ബുദ്ധിവിശേഷം നീതിനിപുണത ഇവയുടെ വൈഭവംകൊണ്ടു ചീനക്കാരുടെ ധർമ്മസംശയങ്ങളെല്ലാം ദൂരത്താക്കപ്പെട്ടുവൊ, വീരപ്രധാനിയും ധർമ്മപ്രചാരകനുമായ ആ ഹുയെനസാങ് കുട്ടിക്കാലത്തുതന്നെ തൻെറ ഗുണഗണങ്ങളെ വെളിപ്പെടുത്തിയിരുന്നു. അച്ഛൻെറ കാല്ക്കലിരുന്നു മനുഷ്യൻെറ ജന്മസാഫല്യത്തിന്നു വേണ്ടത്തക്ക വിദ്യകൾ അദ്ദേഹം ശ്രദ്ധയോടും ചിത്തൈകാഗ്ര്യത്തോടും കൂടി അഭ്യസിച്ചിരുന്നു. ഏതൊരുവൻെറ പ്രതാപത്തിൻെറയും സ്വാതന്ത്ര്യസിദ്ധിക്കുള്ള ആഗ്രഹത്തിൻെറയും മുമ്പിൽ ദുർജ്ജയനായ മൊഗളചക്രവർത്തിക്കു കൂടി തലതാഴ്ത്തേണ്ടിവന്നുവോ, പടിഞ്ഞാറെ ഇന്ത്യാരാജ്യത്തിൻെറ അധഃപതനകാലത്തു് ഏതൊരുവൻ ആത്മത്യാഗത്തിൻെറ ഉജ്ജ്വല മാതൃകയെ പ്രദർശിപ്പിച്ചുവോ, വീരസന്യാസിയും മഹാറാണനുമായ ആ പ്രതാപസിംഹനും കുട്ടികാലംമുതല്ക്കുതന്നെ തൻെറ സ്വാദ

* രാമരായൻ ഹരിരായൻെറ മൂത്ത മകനായിരുന്നു എങ്കിലും മൊഗളന്മാരായുള്ള സഹവാസദോഷംകൊണ്ടു വിഷയാസക്തനും ദുഷ്കർമ്മവാസനയുള്ളവനും ആയിത്തീന്നതുകൊണ്ടു ഗുരുപദത്തിന്നു അഹനല്ലെന്നു ശിഖന്മാർതീച്ചപ്പെടുത്തി. അയാൾക്കു പകരം അനുജനായ ഹരികൃഷ്ണൻ എട്ടാമത്തെ ഗുരുവായി സ്വീകരിക്കപ്പെട്ടു.

ശസ്നേഹവും ഇന്ദ്രിയനിഗ്രഹവും മനോദാർഢ്യവും നല്ല വണ്ണം വെളിപ്പെട്ടത്തിയിരുന്നു.

അഭ്യാസമാണു മനുഷ്യനെ യഥാർത്ഥമനുഷ്യനാക്കിത്തീക്കുന്നതു്. മനുഷ്യൻെറ കുട്ടികാലത്തുണ്ടാവുന്ന ഗുണങ്ങൾ സൽസംഗംകൊണ്ടും നല്ല ശിക്ഷകൊണ്ടും അവൻെറ മുതിച്ചയോടുകൂടി വികസിച്ചു വരികയും കാലക്രമത്തിൽ അവനെ ഒരു യഥാർത്ഥമനുഷ്യനാക്കിത്തീക്കുകയും ചെയ്യുന്നു. മറിച്ചു, ഉപയുക്തമായ ശിക്ഷയും സജ്ജനസംസർഗ്ഗവും കിട്ടാത്തതുകൊണ്ടു ഈ ഗുണഗണങ്ങൾ പലപ്പോഴും നഷ്ടമായിപ്പോകുന്നു. പുഷ്പം വികസിച്ചു വികസിച്ചില്ല എന്നാകുമ്പോഴക്കു് അസഹ്യമായ ചൂടുകൊണ്ടോ, പുഴക്കുത്തുകൊണ്ടോ വാടി ഉണങ്ങിപ്പോകുന്നു. ബാലനായ ശിവാജി നായാട്ടിലുള്ള ഭ്രമംകൊണ്ടു് ഒരു കൂട്ടം കവച്ചക്കാരൊന്നിച്ചു ചേരുകയും അവരുമായുള്ള സംസർഗ്ഗംകൊണ്ടു ഒളിവിദ്യയിൽ നല്ല സാമത്ഥ്യവും ഗതിവേഗതയും സമ്പാദിക്കുകയും ചെയ്തു. എന്നാൽ ദാദോജീകൊണ്ടുദേവനെപ്പോലെ ഒരു ഗുരുനാഥനെ കിട്ടീട്ടില്ലായിരുന്നുവെങ്കിൽ ശിവാജിയുടെ പ്രകൃതിക്കു ഉന്നതി വരുമായിരുന്നുവോ എന്നുള്ള കാര്യം വളരെ സംശയമാണു്. ദാദോജികുട്ടിയുടെ കോമളഹൃദയത്തിൽ സ്വദേശസ്നേഹത്തിൻെറയും സ്വാതന്ത്ര്യത്തിനുള്ള മോഹത്തിൻെറയും വിത്തുകൾ നട്ടവളത്തിയതുകൊണ്ടു് അവൻെറ കവച്ചക്കുള്ള വാസന നശിച്ചുപോവുകയും സ്വദേശോന്നതിക്കു വേണ്ടതക്ക ഗുണങ്ങൾ അവന്നു് ഉണ്ടാവുകയും ചെയ്തു. അതിന്നുശേഷം രാമദാസസ്വാമിയുടെ ശിക്ഷകൊണ്ടു് അയാളുടെ മനസ്സിൽ സന്ന്യാസവും നിഷ്കാമതയും ഉണ്ടാവുകയും അ

യാൾ ഒരു അവതാരപുരുഷന്റെ നിലയിലായിത്തീരുകയും ചെ[illegible]

കുട്ടി[illegible]ായ ഗോവിന്ദൻ തന്റെ ബാല്യലീലകൾ കൊണ്ടു അവന്റെ ഭാവിഗുണങ്ങളെ നല്ലപോലെ വെളിപ്പെടുത്തിയിരുന്നു. തന്റെ ഭാവിദശയിൽ ഏതൊരു മഹത്തായ യജ്ഞത്തിന്നുവേണ്ടി അയാൾ തന്നെത്താൻ ബലികഴിച്ചുവോ അതിന്നുവേണ്ട ഒരുക്കങ്ങളെല്ലാം അയാൾ കുട്ടിക്കാലം മുതല്ക്കുതന്നെ ചെയ്തുവന്നിരുന്നു. നെപ്പോളിയൻ കുട്ടിക്കാലത്തു മഞ്ഞിൻകട്ടികൊണ്ടുണ്ടാക്കിയ ഉണ്ടകൾകൊണ്ടും പിച്ചളത്തോക്കുകൾകൊണ്ടും കളിച്ചുംകൊണ്ടു തന്റെ ഭാവിദശയിലുള്ള ദിഗ്വിജയത്തിന്നു വേണ്ട അഭ്യാസങ്ങൾ ശീലിച്ചുവന്നപോലെ ശിഖഗുരുവായ ഗോവിന്ദനും കുട്ടിക്കളി എന്നുള്ള വ്യാജേന ഗുരുപദത്തിന്നുപയുക്തങ്ങളായ അഭ്യാസം ശീലിച്ചുവന്നു. സാധാരണ കുട്ടികളെപ്പോലെ ഓടിച്ചാടി കളിക്കുന്നതിലും മററും അവന്നു സന്തോഷമുണ്ടായിരുന്നില്ല. സമപ്രായന്മാരായ കുട്ടികളോടുകൂടി 'രാജാവും മന്ത്രിയു'മായി കളിക്കുന്നതിലാണ് അവന്ന് അധികം സന്തോഷമുണ്ടായിരുന്നത്. അവരെ സൈന്യമായി കല്പിച്ചു താൻ രാജാവിന്റെയൊ സേനാധിപന്റെയൊ നിലയിൽ കുതിരപ്പുറത്തുകയറി അവരെ യുദ്ധാഭ്യാസം ശീലിപ്പിക്കുകയും ഒളിവിദ്യ പഠിപ്പിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ചെറിയ അമ്പുകൾ എടുത്തു ഉന്നം ശീലിക്കുകയും കവണകൾകൊണ്ടു പക്ഷികളെ കൊല്ലാൻ ശ്രമിക്കുകയും ചിലപ്പോൾ ചെറിയ തോക്കുകൾ എടുത്തു കളിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ഉയന്ന സ്ഥലത്തു സിംഹാസനം ഉണ്ടാക്കിവെച്ചു അതിന്മേൽ

കയറിയിരുന്നു ഗോവിന്ദൻ രാജാവിന്റെ നിലയിൽ മററുള്ളവരുമായി ആലോചനകൾ കഴിച്ചിരുന്നു. മററു ചിലപ്പോൾ ശിഷ്യഗുരുവിന്റെ സദസ്സുപോലെ ഒരു സദസ്സുകൂടി അവിടെവെച്ചു തന്റെ ചങ്ങാതിമാരുമായി ശാസ്ത്രാലോചന ചെയ്യുകയും ഗുരുവിന്റെ നിലയിൽ അവൎക്കു ധൎമ്മോപദേശങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ഇതിനു രണ്ടു ശതാബ്ദങ്ങൾക്കു മുമ്പു നവദ്വീപത്തിൽ ഒരു കുട്ടി ഈ മാതിരിയിൽ ധൎമ്മാഭിനയം ചെയ്തിരുന്നു. ഈ ധൎമ്മാഭിനയംതന്നെ കാലാന്തരത്തിൽ അവനെ ഒരു യഥാൎത്ഥ ധാൎമ്മികശ്രേഷ്ഠനാക്കിത്തീൎത്തു. ഈ കുട്ടിയാണു പ്രസിദ്ധനായ ശ്രീ ചൈതന്യർ.

കുട്ടിക്കാലത്തു ഗോവിന്ദൻ എത്രത്തോളം ചപലനായിരുന്നുവോ അത്രത്തോളം തേജസ്വിയുമായിരുന്നു. അതിബാല്യകാലത്തിൽതന്നെ ഗോവിന്ദൻ തന്റെ ആത്മാഭിമാനത്തെ വെളിപ്പെടുത്തിയിരുന്നു. അവൻ കല്പിച്ചുകൂട്ടി ഒരിക്കലും ഒരു അന്യായമായ പ്രവൃത്തി ചെയ്തിരുന്നില്ല. സംഗതിവശാൽ വല്ല ദുഷ്പ്രവൃത്തിയും ചെയ്താൽ അതിനെപ്പററി അവൻ ലജ്ജിക്കുകയും കുണ്ഠിതപ്പെടുകയും ചെയ്തിരുന്നു. അവന്നു അന്യായമാണെന്നു ബോദ്ധ്യം വരാത്ത കാൎയ്യങ്ങളിൽനിന്നു് അവനെ പിൻവലിപ്പിക്കാൻ പലപ്പോഴും വളരെ ഞെരുക്കമായിരുന്നു. അതിനാൽ എല്ലാവരുടെ തടസ്ഥവും കൂട്ടാക്കാതെ ചില ദുഷ്പ്രവൃത്തികൾ നല്ലതാണെന്നു തീൎച്ചപ്പെടുത്തി അവൻ ചിലപ്പോൾ ചെയ്തിരുന്നു. വെള്ളം ചുമന്നുകൊണ്ടു പോകുന്നവരുടെ കുടങ്ങൾ ഉടച്ചുകളയുന്നതു്. അവന്റെ ദുഷ്പ്രവൃത്തികളിൽ ഒന്നായിരുന്നു. ആരെങ്കിലും മൺകുടത്തിൽ വെള്ളം ചു

മന്നുകൊണ്ടു പോകുന്നതു കണ്ടാൽ ഗോവിന്ദൻ കല്ലെറിഞ്ഞ് ആ കുടം ഉടച്ചിരുന്നു. ഉടഞ്ഞ കുടത്തിലെ വെള്ളം അതു ചുമന്നിരുന്നവന്റെ ദേഹത്തിൽ ധാരയായി വീഴുന്നതു കാണുന്നതു ഗോവിന്ദനു ഏററവും ആനന്ദകരമായിരുന്നു. വെള്ളം ചുമക്കുന്നവൻ ഗോവിന്ദന്റെ ഈ ദുഷ്പ്രവൃത്തി കണ്ടു കോപിച്ച് അവന്റെ അമ്മയുടെ അടുക്കൽചെന്നു ആവലാതിപറഞ്ഞിരുന്നു. അമ്മ മകന്റെ ദുസ്സ്വഭാവം മാററേണ്ടതിന്നു പലപ്പോഴും ഉപദേശം കൊടുക്കുകയും പാത്രത്തിന്റെ വില കൊടുത്തു ആവലാതിക്കാരെ സന്തോഷിപ്പിച്ചു പറഞ്ഞയക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ ഗോവിന്ദൻ ഈ മാതിരി ചാപല്യം കൊണ്ടു ഒരു സ്ത്രീ ചുമന്നും കൊണ്ടു പോയിരുന്ന കുടം ഉടയ്ക്കാൻ വേണ്ടി കല്ലെടുത്ത് എറിയുകയും എറ് ഉന്നം തെററി കുടത്തിൽ തട്ടാതെ ആ സ്ത്രീയുടെ നെററിയിൽ കൊള്ളുകയും ചെയ്തു. അവളുടെ നെററി മുറിഞ്ഞു ചോര ഒഴുകിത്തുടങ്ങി. താൻ ഉന്നം വെച്ചതു തെററിയതുകൊണ്ടും അതുനിമിത്തം ആ സ്ത്രീക്കു മുറി ഏററതുകൊണ്ടും ഗോവിന്ദൻ വളരെ വിഷണ്ണനായിത്തീൎന്നു. അവനു് അമ്മയുടെ അടുക്കൽ ചെല്ലാൻ ധൈൎയ്യം ഉണ്ടായില്ല. അവൻ വീട്ടിന്റെ തട്ടിൻപുറത്തു കയറി ഒളിച്ചിരുന്നു. ആ സ്ത്രീ കരഞ്ഞുംകൊണ്ടു ഗുരുഗൃഹത്തിൽ ചെന്നു ഗോവിന്ദന്റെ അമ്മയോടു വിവരങ്ങളെല്ലാം പറഞ്ഞപ്പോൾ അവൾ വ്യസനിച്ചു ആ സ്ത്രീക്കു വേണ്ട ശുശ്രൂഷകളെല്ലാം ചെയ്യുകയും അവൾക്കു കുറച്ചു സുഖമായപ്പോൾ കുറെ പണവും മററം കൊടുത്തു സന്തോഷിപ്പിച്ച് അവളെ വീട്ടിലേയ്ക്കു പറഞ്ഞയയ്ക്കുകയും ചെയ്തു.

അവരാം ഒരു മുസൽമാൻ സ്ത്രീയായിരുന്നു. അക്കാലത്തു മൊഗളന്ന്യായാധിപന്റെ പ്രതാപത്തിന്നു് എതിരില്ലായിരുന്നു. അയാൾക്ക് ഇഷ്ടമുണ്ടെങ്കിൽ ഏതൊരു ഹിന്തുവിനേയും പലപ്രകാരത്തിലുള്ള ആപത്തുകളിൽ പെടുത്തി മൊഗളന്മാൎക്കു മുഹമ്മദുമതത്തിലുള്ള മമത കാണിക്കാൻ ഞെരുക്കമുണ്ടായിരുന്നില്ല. അതുകൊണ്ടു പുത്രന്റെ ഈ മാതിരി നടവടിയിൽ ഗോവിന്ദന്റെ അമ്മയ്ക്കു വലിയ ഭയമുണ്ടായി. ആ സ്ത്രീ പോയ ഉടനെതന്നെ അവരാം പുത്രനെ ഉദ്ദേശിച്ചു ശകാരം തുടങ്ങി. 'മുസൽമാന്മാരുടെ രാജ്യത്തിലിരുന്നുംകൊണ്ടു മുസൽമാൻ സ്ത്രീയെ ഉപദ്രവിക്കുക ഈ മാതിരി സാഹസം ഒരിക്കലും നന്നല്ല. ഈ കഥ പുറത്തായാൽ പിന്നത്തെ കഥ എന്താണു? സൎവ്വസ്വവും നശിക്കും'.

തട്ടിൻപുറത്തിരുന്ന ഗോവിന്ദൻ അമ്മയുടെ ആക്ഷേപങ്ങളെല്ലാം കേട്ടു. ഈ ആക്ഷേപത്തിൽ മൊഗളന്മാരെ വലുതാക്കി പറഞ്ഞതു ഗോവിന്ദനു സഹിക്കാൻ കഴിഞ്ഞതല്ല. അയാളുടെ നാണവും കുണ്ഠിതവും പെട്ടെന്നു നശിച്ചു. അയാളുടെ വിശാലമായ കണ്ണുകരാം രണ്ടും ദ്വേഷ്യംകൊണ്ടു ചുകന്നു. 'തുൎക്കികളെ പേടിച്ചിരിക്കുകയോ? എന്തു്? എനിക്കു തുൎക്കികളെ ലേശം ഭയമില്ല.' എന്നിങ്ങിനെ ഗോവിന്ദൻ ഉറക്കെ പറഞ്ഞു.

വേറെ ഒരു ദിവസം ഒരു മുസൽമാൻ പ്രഭു പാട്നാനഗരം ദൎശിക്കാനായി പുറത്തേക്കു പോകയായിരുന്നു. അയാരാം പോയ്ക്കൊണ്ടിരുന്ന രാജമാൎഗ്ഗത്തിന്റെ ഒരു വശത്തു കുട്ടിയായ ഗോവിന്ദനും അവന്റെ ചങ്ങാതിമാരും കൂടി കളിച്ചുകൊണ്ടിരുന്നു. പ്രഭു വരുന്നതു കണ്ടപ്പോരാം വഴി

യിലുണ്ടായിരുന്ന ജനങ്ങളെല്ലാം അല്പം സംഭ്രമിക്കുകയും പ്രഭുവിനെ അഭിവാദ്യം ചെയ്യുകയും ചെയ്തു. ജനങ്ങളുടെ ഭയഭക്തിയും പ്രഭുവിൻെറ അന്തസ്സും കണ്ടു ഗോവിന്ദൻ ഉറക്കെ ചിരിച്ചു. അവൻ ചിരിക്കുന്നതു കണ്ടു മററുള്ള കുട്ടികളും ചിരിച്ചുതുടങ്ങി. കുട്ടികളുടെ ഈ ധാർഷ്ട്യം കണ്ടു പ്രഭുവിന്നു വളരെ ദേഷ്യം ഉണ്ടായി. "ഈ വാനരത്താന്മാർ എന്താണു പറയുന്നതു്" എന്നു പ്രഭു അടുത്തുള്ളവരോടു ചോദിച്ചു. നവാബിൻെറ ഈ ശകാരം ഗോവിന്ദനു കർണ്ണശൂലമായി ഭവിച്ചു. ഈ മാതിരി അപമാനം ആദ്യം മുതല്ക്കുതന്നെ ഗോവിന്ദനു സഹിക്കാൻ കഴിഞ്ഞിരുന്നില്ല: അവൻ കോപാന്ധനായി ഉറക്കെ പറഞ്ഞു. 'ഇതാ നോക്കു! ഇതു് ഒരു വാനരത്താൻെറ മുഖമല്ല. ഇപ്പോഠം നിങ്ങഠം മതിമറന്നു് ആരെ പുച്ഛിക്കുന്നുവോ അവൻ കാലക്രമത്തിൽ ഒരു വീരനായിത്തീൎന്നു നിങ്ങളുടെ ധാർഷ്ട്യം നശിപ്പിക്കും.' കുട്ടിയുടെ വാക്കുകഠം കേട്ടു് അടുത്തുള്ളവർ പ്രഭുവിനെ സമാധാനിപ്പിച്ചു. പ്രഭു ലജ്ജിതനായിട്ടു് ഒന്നും പറയാതെ അവിടെനിന്നു പോവുകയും ചെയ്തു.

ഈ സംഭവങ്ങളിൽനിന്നു ഗോവിന്ദൻെറ ശൈശവസുലഭമായ ചാപല്യം ഏതുപ്രകാരം വെളിപ്പെട്ടിരുന്നുവോ അപ്രകാരംതന്നെ അവൻെറ ഉള്ളിൽ വിളങ്ങിയിരുന്ന തേജസ്സും വെളിപ്പെട്ടിരുന്നു. ഗോവിന്ദൻെറ മുത്തശ്ശിയും ആറാമത്തെ ഗുരുവായ ഹരിഗോവിന്ദൻെറ ഭാൎയ്യയുമായ നാനകി തൻെറ പൌത്രൻെറ പൌരുഷം കണ്ടിട്ടു "ഗോവിന്ദൻ വംശമഹിമയെ നിലനിൎത്തും" എന്നു പലപ്പോഴും പറഞ്ഞിരുന്നു. അവഠംതന്നെയായിരുന്നു ഗോവിന്ദൻെറ ശൈശവഗുരു. അവളുടെ ശിക്ഷയിലും പ്രോത്സാഹനത്തിന്മേ

ലും ഗോവിന്ദന്റെ പൌരുഷം ക്രമേണ വൎദ്ധിച്ചു വന്നു. അവൾ ദിവസന്തോറും ഗോവിന്ദനെ തന്റെ അരികിലിരുത്തി പൂൎവ്വപുരുഷന്മാരുടെ വീരത്വം, ധൎമ്മിഷ്ഠത, സ്വാൎത്ഥത്യാഗം, അതിഥിവാത്സല്യം മുതലായ ഗുണങ്ങളെ ഏററവും സരസമായി വൎണ്ണിച്ച് അവനു മനസ്സിലാക്കികൊടുത്തിരുന്നു. ഈ വൎണ്ണനകളെല്ലാം കേട്ടുകേട്ടു ഗോവിന്ദന്റെ മനസ്സിൽ ഒരു പ്രബലമായ ആഗ്രഹം ജനിച്ചു. പൂൎവ്വഗുരുക്കന്മാരെപ്പോലെ ആയിത്തീരാൻ അവന്റെ മനസ്സ് ഏററവും വ്യാകുലമായിത്തീൎന്നു. അപ്പോൾ മുത്തശ്ശി സ്വദേശത്തിന്റെ സുഖദുഃഖാദികളെ കഥാരൂപേണ ഗോവിന്ദനെ പറഞ്ഞു കേൾപ്പിക്കുകയും മൊഗളന്മാരുടെ അന്യായമായ ഉപദ്രവംകൊണ്ടു ശിഖസമാജത്തിന്നുണ്ടായ ലാഭഃചതങ്ങളെപ്പററി നിരൂപണം ചെയ്യുകയും ചെയ്യിരുന്നു. ഗോവിന്ദന്റെ പൂൎവ്വപുരുഷന്മാൎക്കു മൊഗളന്മാരിൽനിന്നുണ്ടായ ഉപദ്രവങ്ങളെ കരുണാർദ്രമായ സ്വരത്തിൽ അവൾ വൎണ്ണിച്ചു മനസ്സിലാക്കിക്കൊടുത്തു. ഈ മാതിരിയിലുള്ള സദുപദേശങ്ങൾകൊണ്ട് അവൾ ഗോവിന്ദന്റെ അസ്പഷ്ടഭാവങ്ങൾക്ക് ഉണൎച്ച വരുത്തി. ഗോവിന്ദനു പരാപേക്ഷ കൂടാതെ സ്വന്തമായി ആലോചിച്ചു തന്റെ കൎത്തവ്യകൎമ്മത്തെ നിൎണ്ണയിക്കത്തക്ക ശക്തി ഉണ്ടാകേണ്ടതിന്നു അവൾ പരിശ്രമിച്ചു വന്നു. ഒടുവിൽ തന്റെ വംശത്തിന്റെ ഗൌരവം വൎദ്ധിപ്പിക്കത്തക്ക സാമൎത്ഥ്യം ഗോവിന്ദനുണ്ടാവാൻ വേണ്ടി അവൾ എപ്പോഴും അവനെ ഉത്സാഹിപ്പിച്ചുപോന്നു. ഈ മാതിരിയിലുള്ള ശിക്ഷയുടെ ഗുണംകൊണ്ടാണു ഗോവിന്ദൻ ഭാവിജീവിതത്തിൽ ഗുരുപദത്തിന്നു മാനഹാനി കൂടാതെ ദീക്ഷിക്കാനും തന്റെ വംശമ

ഹിമയെ വൎദ്ധിപ്പിച്ചു ലോകത്തിൽ അതിമഹത്തായ കീൎത്തി സമ്പാദിക്കാനും സമൎത്ഥനായിത്തീൎന്നതു്.

## അഞ്ചാം അദ്ധ്യായം

### തേഗബാഹാദുരൻെറ ആത്മത്യാഗം.

പുത്രൻ ജനിച്ചതിൻെറ ശേഷം ഏറെത്താമസിയാതെ തേഗബാഹാദുരൻ പാട്നാ നഗരം വിട്ടു പഞ്ചാബിലേക്കു പോയി. പോകുംവഴിക്കു ദില്ലി പട്ടണത്തിൽ ചെന്നെത്തിയപ്പോൾ ക്രൂരനായ രാമരായൻ വീണ്ടും തേജനെ ബുദ്ധിമുട്ടിലകപ്പെടുത്താൻ ശ്രമം ചെയ്തു. എന്നാൽ ഉച്ചെയ്ക്കു മുമ്പുതന്നെ അദ്ദേഹത്തിന്നു രാമരായൻെറ അഭിപ്രായം അറിവാൻ കഴിഞ്ഞതുകൊണ്ടു് അദ്ദേഹം ആ പാപപൂരിയെ വിട്ടുപോയതിനാൽ രാമരായൻെറ പരിശ്രമങ്ങളെല്ലാം വ്യൎത്ഥമായി ഭവിച്ചു.

പഞ്ചാബിൽ എത്തിയതിന്നുശേഷം തേഗൻ കഹലൂരരാജാവിൻെറ വക്കൽനിന്നു 'ദേശമഖോ' എന്നു പേരായ ഒരു ഗ്രാമം അഞ്ഞൂറുറുപ്പികക്കു വിലക്കു വാങ്ങി. അവിടെ മുഖബാല എന്ന പേരോടുകൂടി ഒരു വലിയ നഗരം നിൎമ്മിച്ചു. പിന്നീടു് ആനന്ദപുരം എന്ന പേരു് ഈ നഗരത്തിന്നുണ്ടായി വന്നു. തേഗബാഹാദുരൻെറ പരിശ്രമങ്ങൾകൊണ്ടു സ്വല്പകാലത്തിന്നുള്ളിൽ ഈ നഗരം ശിഖന്മാരുടെ കേന്ദ്രസ്ഥാനമായിത്തീൎന്നു. ഇതിന്നു മുമ്പിൽ കൎത്താരപൂരത്തു ശിഖന്മാരുടെ ഒരു കോട്ട ഉണ്ടായിരുന്നു. ശഖി

ന്മാരുടെ ശക്തിവൎദ്ധനയ്ക്കുവേണ്ടി ഈ നഗരത്തിൽ വളരെ ഉറപ്പോടുകൂടിയ വേറെ ഒരു കോട്ട നിൎമ്മിച്ചു.

ഈ സമയത്തിൽ ദില്ലീസിംഹാസനാരൂഢനായിരുന്നതു മൊഗളവംശത്തിൻെറ അസ്തമനസൂൎയ്യനായിരുന്ന അരങ്ങസിബ് ആയിരുന്നു. അദ്ദേഹത്തിൻെറ അതിയായ മതഭ്രാന്തു നിമിത്തം ഹിന്തുക്കളായ പ്രജകൾക്ക് അദ്ദേഹത്തിൻെറ നേരെ ഏററവും വിരക്തി തോന്നിയിരുന്നു. മൊഗളവംശത്തിൻെറ നേരെ പ്രജകൾക്കുണ്ടായിരുന്ന ശ്രദ്ധയും ഭക്തിയും അദ്ദേഹത്തിൻെറ നടവടികൊണ്ടു അവരുടെ മനസ്സിൽനിന്നു പൊയ്പോയി. രാജ്യമെല്ലാം ഹിന്തുരാജാക്കന്മാരുടെ കീഴിലാകണമെന്ന് എല്ലാവരും ആന്തരമായി ആഗ്രഹിച്ചുതുടങ്ങി. ഈ സൎവ്വസാധാരണമായ വിചാരം തേഗനേയും ബാധിക്കാതിരുന്നില്ല. മൊഗളന്മാർ ഇടവിടാതെ ശിഖഗുരുക്കന്മാരെ ഉപദ്രവിച്ചുവന്നിരുന്നതുകൊണ്ടു തേഗന് അവരുടെ നേരെ ഏററവും വിരക്തിയുണ്ടായിരുന്നു. ഉദയോന്മുഖമായ ശിഖശക്തിയെ നശിപ്പിക്കാൻ വേണ്ടി അറങ്ങസീബ് എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു എന്നു ഗുരു നല്ലപോലെ അറിഞ്ഞിരുന്നു. മൊഗൾസാമ്രാജ്യത്തിൻെറ ഉന്മൂലനാശം വന്നല്ലാതെ ശിഖശക്തി നിലനില്ക്കുന്നതല്ലെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ അതിന്നുവേണ്ട ശക്തി ശിഖസമാജത്തിന്നുണ്ടായിരുന്നില്ല. അതിന്നുവേണ്ടി ശിഖന്മാരെ യുദ്ധനിപുണന്മാരാക്കിത്തീൎക്കാനുള്ള ആഗ്രഹത്തോടുകൂടി അവരെയുദ്ധം, ഒളിവിദ്യ മുതലായവ ശീലിപ്പിക്കാനും പഞ്ചാബിലുള്ള രാജധനം അപഹരിക്കാനും യത്നം ചെയ്തു. ആദമഹാഫേജ് എന്നു പേരായ ഒരു മുസൽ

മാൻ പക്കീരിയും എന്തോ കാരണവശാൽരാജദ്രോഹിയായിത്തീൎന്ന ഗുരുവിൻെറ കൂട്ടുകെട്ടുകാരനായി. അവർ രണ്ടുപേരും കൂടിച്ചേൎന്നു ധനികന്മാരായ പ്രജകളുടെ പക്കൽനിന്നു കപ്പം വാങ്ങിത്തുടങ്ങി. ഇപ്രകാരം കിട്ടിയ പണത്തിൻെറ അധികഭാഗവും അവർ ദരിദ്രന്മാരായ പ്രജകളുടെ ദുഃഖമോചനത്തിന്നുവേണ്ടി അവൎക്കു കൊടുത്തു. ഇവരുടെ ഈ പ്രവൃത്തികളെല്ലാം പഞ്ചാബിലെ ശാസനകൎത്താക്കന്മാർ അറിഞ്ഞപ്പോൾ അവൎക്ക് അതിയായ ദ്വേഷം ഉണ്ടായി. അവർ ശിഖശക്തിയെ ഒതുക്കാൻവേണ്ടി ഒരു വലിയ സൈന്യത്തെ അവൎക്ക് എതിരായി അയയ്ക്കുകയും ഇരുകക്ഷികളും തമ്മിൽ ഒരു വലിയ യുദ്ധം ഉണ്ടാവുകയും ചെയ്തു. ആ യുദ്ധത്തിൽ ശിഖന്മാർ തോല്ക്കുകയും അവരിൽ വളരെപേർ തടവിലാക്കപ്പെടുകയും ചെയ്തു. ആദമഹാഫെജ് നാടുകടത്തപ്പെട്ടു. തേഗബാഹാദുരൻ ഒളിച്ചിരിക്കുകയും ചെയ്തു.

ഈ യുദ്ധം കഴിഞ്ഞ ഉടനെ കാശ്മീരക്കാരായ ചില ബ്രാഹ്മണർ മൊഗളന്മാരുടെ ഉപദ്രവം നിമിത്തം ഗുരുവിനെ ശരണംപ്രാപിച്ചു. ഈ സമയത്തു ചക്രവൎത്തിയായ അരങ്ങസീബ് കാശ്മീരരാജ്യക്കാരെ മഹമ്മദുമതത്തിൽ ചേൎപ്പാൻ വളരെ ഉത്സാഹിച്ചിരുന്നു. അദ്ദേഹം കാശ്മീരത്തിലെ അപ്പോഴത്തെ സുബേദാരോടു താഴെ പറയുംപ്രകാരം ഉപദേശിച്ചിരുന്നു. ഹിന്തുക്കൾ മഹമ്മദുമതത്തിൽ ചേൎന്നില്ലെങ്കിൽ അവരുടെ പാപത്തിന്നു മോചനം വരുന്നതല്ല. യഥാൎത്ഥസുഖത്തോടുകൂടി സ്വൎഗ്ഗവാസം ചെയ്വാൻ മഹമ്മദീയൎക്കുമാത്രമേ അധികാരമുള്ളു. അതുകൊണ്ടു സുബേദാര് അവിടെയുള്ള ബ്രാഹ്മണക്ഷത്രിയർ മുതലാ

യവരെ രാജസദസ്സിൽ വിളിച്ചുവരുത്തി നല്ല വാക്കുകഠം കൊണ്ടു് അവരെ മഹമ്മദുമതത്തിൽ ചേക്കാൻ ശ്രമിക്കണം. അതോടുകൂടിത്തന്നെ പലപ്രകാരത്തിലുള്ള നികുതി ചുമത്തി പ്രജകളെ ദരിദ്രന്മാരാക്കിത്തീക്കണം. അതിന്നുശേഷം പലവിധത്തിലുള്ള വശീകരണങ്ങഠംകൊണ്ടു് അവരെ മഹമ്മദുമതത്തിൽ ചേക്കണം. ഈ മാതിരി ഉപായങ്ങളെല്ലാം വ്യത്ഥമായിത്തീരുന്നപക്ഷം അവരെ ഭയപ്പെടുത്തി മഹമ്മദുമതത്തിന്നു പ്രചാരം വരുത്താൻ സുബേദാര് അവശ്യം ശ്രമിക്കേണ്ടതാണു്. മുശ്ധനായ ചക്രവത്തി പ്രജകളെ പലവിധത്തിലുപദ്രവിച്ചും ഭയങ്കരമായ ദാരിദ്ര്യത്തിൽ മുക്കിയും മഹമ്മദുമതത്തിന്നു പ്രചാരം വരുത്താന് ഉൽസുകനായിരുന്നു. ചക്രവത്തിയുടെ ഈ വിധത്തിലുള്ള ഉപദ്രവം സഹിക്കാൻ വയ്യാതെ സമാജരക്ഷകന്മാരായ ബ്രാഹ്മണർ ഗത്യന്തരമില്ലാതെ ഹിന്തുധർമ്മരക്ഷക്കുവേണ്ടി തേഗബാഹാദൂരന്റെ സഹായം അപേക്ഷിച്ചു. കുറച്ചുനേരം ആലോചിച്ചതിന്റെ ശേഷം ഗുരു സകലഭാരവും താൻതന്നെ ഏററു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ബ്രാഹ്മണർ ദില്ലിയിൽ ചെന്നു ചക്രവത്തിക്കു തേഗ് ബാഹാദൂരനെ മുഹമ്മദുമതത്തിൽ ചേക്കാൻ സാധിച്ചാൽ ഉടനെതന്നെ കാശ്മീരവാസികളെല്ലാവരും മഹമ്മദുമതത്തിൽ ചേരുന്നതാണെന്നു ചക്രവത്തിയെ അറിയിച്ചു. ഇതു കേട്ട ഉടനെ ചക്രവത്തി തേഗബാഹാദൂരനെ കൂട്ടിക്കൊണ്ടുവരാൻ കല്പന കൊടുത്തു. ആ കല്പനപ്രകാരം തേഗൻ ദില്ലിയിലേക്കു യാത്ര പുറപ്പെട്ടു.

യാത്ര പുറപ്പെട്ടപ്പോഠം ഗോവിന്ദനെ പാട്നയിൽ നിന്നു കൂട്ടിക്കൊണ്ടുവരുവാനായി ഗുരു ഒരാളെ അയച്ചു.

ഇതിന്നിടയിൽ ഗുരു പാതിയാലാ എന്ന ദിക്കിൽകൂടെ പോയി ദില്ലിയുടെ സമീപത്തെത്തി. ഗോവിന്ദൻ അച്ഛന്റെ കല്പന കിട്ടിയ ഉടനെ പഞ്ചാബിലേക്കു യാത്ര പുറപ്പെട്ടു. വഴിയിൽവെച്ച് അച്ഛനും മകനും തമ്മിൽ കണ്ടെത്തി. അച്ഛൻ മകനോട് ഇങ്ങിനെ പറഞ്ഞു: 'വത്സ! എന്നെ കൂട്ടിക്കൊണ്ടു ചെല്ലാനായി ചക്രവൎത്തി ഒരു യമഭടനെ അയച്ചിരിക്കുന്നു. അവിടെവെച്ചു ഞാൻ മരിക്കുന്നതായാൽ നീ അതിനെപ്പററി ദുഃഖിക്കരുത്. എന്റെ മരണശേഷം നീ തന്നെ ഗുരുപദം പ്രാപിക്കും. എന്നാൽ എന്റെ കുട്ടി! എന്റെ ദേഹം നായ്ക്കൾക്കും കുറുക്കന്മാൎക്കും ഇരയാവാതെ കഴിപ്പാൻ നീ ശ്രമിക്കണം. അച്ഛന്റെ മരണം നിന്റെ ഓൎമ്മയിൽ എപ്പോഴും ഉണ്ടായിരിക്കണം. അതിന്നു പ്രതിക്രിയ ചെയ്യാൻ നീ ഒരിക്കലും മറക്കരുത്.' അതിന്നുശേഷം ഗുരു തന്റെ അച്ഛൻ ഹരിഗോവിന്ദന്റെ അസ്ത്രാദികൾ ഗോവിന്ദന്റെ കയ്യിൽ കൊടുത്തു ഗോവിന്ദനെ ഭാവിഗുരുവായി വരിച്ചു.

ഗുരു ദില്ലിയിൽ എത്തിയതിന്നുശേഷം അരംഗസീബ് അദ്ദേഹത്തിനെ മഹമ്മദുമതത്തിൽ ചേൎത്താൻ വളരെ ശ്രമിച്ചു. എങ്കിലും ഗുരുവിന്നു ലേശം കുലുക്കം കാണാഞ്ഞതുകൊണ്ടു ചക്രവൎത്തി അദ്ദേഹത്തിനെ തടവിൽ പാൎപ്പിച്ചു. മഹമ്മദുമതം സ്വീകരിക്കാത്തപക്ഷം അദ്ദേഹത്തിനെ തടവിൽനിന്നു വിടുന്നതല്ലെന്നു ചക്രവൎത്തി അദ്ദേഹത്തെ അറിയിച്ചു. കാരാഗൃഹത്തിലിട്ട് അദ്ദേഹത്തെ കഠിനദ്ധ്യേം ചെയ്യിച്ചു. ഇങ്ങിനെ കുറെ ദിവസം തടവിൽ ഇരുത്തിയതിന്റെശേഷം തേഗനെ രാജസഭയിൽ കൊണ്ടുവരിക്കുകയും അവിടെവെച്ച് അദ്ദേഹത്തിനെ പലവിധ

ത്തിലും അടക്കപ്പെടുകയും ചെയ്തു. അദ്ദേഹം ഒരു ജാല വിദ്യക്കാരനാണെന്നു പറഞ്ഞു ചക്രവർത്തി അദ്ദേഹത്തെ പരിഹസിക്കുകയും ചില മോടിവിദ്യകൾ കാട്ടിക്കൊടുക്കേണമെന്നു പറയുകയും ചെയ്തു. തേഗൻ ഗാംഭീൎയ്യത്തോടുകൂടി ഉത്തരം പറഞ്ഞു: 'ജാലവിദ്യക്കാരും ധാർമ്മികന്മാരുമായി യാതൊരു കൂട്ടുകെട്ടും ഇല്ല. ധാർമ്മികന്മാർ സത്യം അറിയുന്നവരാണു്. അവർ നേരുവഴിക്കു നടക്കുന്നു. അവരുടെ മനസ്സു നിസ്സാരകാൎയ്യങ്ങളിൽ പ്രവേശിക്കുന്നതല്ല.'

അതിനുശേഷം തേഗൻെറയും ശിഷ്യന്മാരുടേയും ഗൂഢമായ ഉദ്ദേശം മനസ്സിലാക്കാൻവേണ്ടി ചക്രവർത്തി തേഗനെ വളരെ ബുദ്ധിമുട്ടിച്ചു. ഗുരു തൻെറ കഴുത്തിൽ കെട്ടിത്തൂക്കിയിരുന്ന ഒരു കടലാസ്സിൻെറ കഷണം കാണിച്ചുകൊടുത്തു് ഇങ്ങിനെ പറഞ്ഞു: 'ഇതിൽ എല്ലാം എഴുതീട്ടുണ്ടു്. ഇതു മുറിച്ചെടുത്താലും' പിന്നെ ചക്രവർത്തിയുടെ കല്പനപ്രകാരം ഗുരുവിനെ ജനബഹുളമായ ചന്തയിൽകൊണ്ടുപോയി വധംചെയ്തു. സംവതാബ്ദം 1732-ാമാണ്ടിൽ (ക്രി. അ. 1675-ാമാണ്ടു) അഗ്രഹായണമാസത്തിൽ വെളുത്ത പഞ്ചമിദിവസമാണു് ഈ കൃത്യം നടന്നതു്. കടലാസ്സിൽ എഴുതീട്ടുള്ളതു് എന്താണെന്നു് അറിവാനുള്ള ഔത്സുക്യത്തോടുകൂടി അറംഗസീബ് ഇതു വായിച്ചുനോക്കിയപ്പോൾ അതിൽ താഴെ പറയുംപ്രകാരം എഴുതിയിരിക്കുന്നതു കണ്ടു. 'ശിരസ്സു പോയാലും ഞങ്ങളുടെ തത്വം വെളിപ്പെടുത്തുകയില്ല. ശിരസ്സു പൊയ്ക്കോട്ടെ ഞങ്ങളുടെ രഹസ്യം മനസ്സിലാക്കിക്കൊടുക്കുകയില്ല.'

# ശിഖഗുരുക്കന്മാരുടെ വംശാവലി.

- (1) നാനകൻ
  - ശ്രീചാന്ദൻ
    - ധർമ്മദാസൻ
  - ലക്ഷ്മീദാസൻ
- (2) അംഗദൻ (ലഹനൻ)
  - വാസു
  - ദാതു
- (3) അമരദാസൻ
  - മോഹനൻ
  - മോഹിനി = (4) രാമദാസൻ
    - മഹാദേവൻ
    - പൃത്ഥീചാന്ദൻ
    - (5) അർജ്ജുനമല്ലൻ
      - (6) ഹരിഃഗോവിന്ദൻ
        - ഗുരുദിത്ത്യൻ
        - തേഗബാഹാദുരൻ (9)
        - സൂരതമലൻ
        - അമരരായൻ
        - അടലരായൻ

- (7) ഹരിരായൻ
  - രാമരായൻ
  - (8) ഹരി കൃഷ്ണൻ
- ധീരമലൻ
- ഗോവിന്ദസിംഹൻ (10)
  - അജിതസിംഹൻ
  - ജൂഝാരസിംഹൻ
  - ഫദേതസിംഹൻ
  - ജോരാവരസിംഹൻ

# ആറാം അദ്ധ്യായം.

---

### അഭിഷേകം

തന്റെ മരണത്തിന്ന് അല്പം ദിവസം മുമ്പിൽ തേഗബഹാദുരഗുരു തന്റെ പ്രിയപുത്രനായ ഗോവിന്ദരായനെ ഗുരുവായി അഭിഷേകം ചെയ്യിക്കുന്നതിന്നുവേണ്ടി വിശ്വസ്ഥനായ ഒരു ശിഖന്റെ കയ്യിൽ ഒരു നാളികേരവും അഞ്ചു പൈസ്സയും കൊടുത്തയച്ചു. ശിഖന്മാരുടേയും രാജപുത്രന്മാരുടേയും എടയിൽ നാളികേരം ഏററവും ഒരു വിശുദ്ധപദാത്ഥമായിട്ടാണ വിചാരിച്ചുവരുന്നതു്. അവരുടെ സകല ശുഭകൎമ്മങ്ങളിലും നാളികേരം ഉപയോഗിച്ചുവരുന്നതു പതിവാണ്. ശിഖഗുരുക്കന്മാരുടെ അഭിഷേകത്തിന്നു വേണ്ട പല ഉപകരണങ്ങളിൽ വെച്ച് ഒരു നാളികേരവും അഞ്ചു പൈസ്സയും ഏററവും മുഖ്യമായിട്ടുള്ളതാണ്. അഭിഷേകക്രിയ നടത്തുന്നവൻ ഈ പറഞ്ഞ സാധനങ്ങൾ അഭിഷേകം ചെയ്യപ്പെടുന്നവന്നു കൊടുത്താൽ മാത്രമേ അഭിഷേകക്രിയ പൂൎണ്ണമാവുകയുള്ളു.

അഭിഷേകത്തിന്നു വേണ്ട ഉപകരണങ്ങളോടുകൂടി ശിഖദൂതൻ പുതിയ ഗുരുവിന്റെ അടുക്കൽ എത്തുന്നതിന്നു മുമ്പിൽ തന്നെ തേഗബഹാദുരന്റെ ശിരച്ഛേദം കഴിഞ്ഞുപോയി. ഈ വിവരം കേട്ടപ്പോൾ ഗോവിന്ദന്റെ മനസ്സിന്നു് അതിയായ വേദനയും ചാഞ്ചല്യവും ഉണ്ടായി. പൂൎവ്വന്മാരായ ഗുരുക്കളുടെ വാക്കിനെ സ്മരിച്ച് അദ്ദേഹം

പ്രതിജ്ഞ ചെയ്തു. 'മഹാനായ ഗുരുവിൻെറ മുൻകരുതലോടു കൂടിയ വാക്കുകഠം നിശ്ചയമായും ശരിയായി വരും. * ഞാൻ ഗുരുവധത്തിന്നു പ്രതിക്രിയ ചെയ്തുകൊള്ളാം. ഞാൻ തുക്കികളുടെ മൂലച്ഛേദം ചെയ്യുന്നതാണു്." ഗോവിന്ദൻെറ ആത്യന്തെ ധൈര്യ്യഷണ്ഡം കണ്ടു് അദ്ദേഹത്തിൻെറ അമ്മയും മുത്തശ്ശിയും ഹൃദയം പിളൎക്കുന്ന തങ്ങളുടെ വ്യസനത്തെ ഒതുക്കി അദ്ദേഹത്തിനെ സമാധാനപ്പെടുത്താൻ ശ്രമിച്ചു. അവിചാരിതമായ ഈ ഭയങ്കരസംഭവം ഈശ്വരകല്പിതമാണെന്നു സങ്കല്പിച്ചു് അദ്ദേഹം ഒരു വിധം സമാധാനപ്പെട്ടു.

ഗുരുഭക്തനായ മാധനസാഹയുടെ കൌശലംകൊണ്ടു തേഗബഹാദുരൻെറ ദേഹം ശവാക്കഠംക്കും കുറുക്കന്മാക്കും ഇരയാവാതെ കഴിഞ്ഞു. അദ്ദേഹം ഒരു പറയൻെറ മുഖാന്തരം ഗുരുവിൻെറ ശിരസ്സിനെ ഏററവും ഗോപ്യമായി ഗോവിന്ദൻെറ അടുക്കൽ എത്തിച്ചു കൊടുത്തു. ആ ശിരസ്സു കണ്ടപ്പോഠം ഗോവിന്ദൻെറ കോപം വീണ്ടും ഉ

---

* സജ്ജനങ്ങളെ അന്യായമായി ഉപദ്രവിച്ചു കഷ്ടത്തിലാക്കിയാൽ മാത്രമേ തുക്കികളുടെ ബലം ക്ഷയിക്കുകയുള്ളുഎന്നും എല്ലാ സജ്ജനങ്ങളെ കുലപ്പെടുത്തിയാൽ തുക്കികളുടെ രാജ്യാധികാരം അധോഗതിയെ പ്രാപിക്കുമെന്നും നാനകനും അദ്ദേഹത്തിൻെറ പിൻഗാമികളായ ഗുരുക്കളും പ്രായേണ പറഞ്ഞിരുന്നു. മൊഗളന്മാരുടെ അന്യായമായ മതഭ്രാന്തിൻെറ ഫലമായിട്ടു് ഇതിന്നു മുമ്പുതന്നെ സജ്ജനങ്ങളായ പലരും മരണം പ്രാപിച്ചിരുന്നു. സിഖന്മാരുടെ രണ്ടുഗുരുക്കഠം അവരുടെ ക്രോധാഗ്നിക്കിരയായി മരണം പ്രാപിച്ചു.

* അറംങ്ങസീബ് ഗുരു ദേഹം സംസ്കാരം ചെയ്യാൻ വേണ്ട ഏപ്പാടുകളൊന്നും ചെയ്യാതെ ദില്ലിയിൽ ചാന്ദനീചകത്തിലുള്ള പെരുവഴിയിൽ കൊണ്ടുപോയി ഇടീച്ചിരുന്നു. ഒരാളെങ്കിലും ആ ശവം

ജ്ജ്വലിച്ചു. അദ്ദേഹം കൈ തിരുമ്മിക്കൊണ്ടു പറഞ്ഞു. 'മഹാനായ എന്റെ അച്ഛൻ വധിക്കപ്പെട്ടു എങ്കിലും അദ്ദേഹം വ്യസനംകൂടാതെയാണു് ഇഹലോകവാസം വെടിഞ്ഞതു്. ധർമ്മത്തിനുവേണ്ടിയാണു് അദ്ദേഹം ഇതെല്ലാം അനുഭവിച്ചതു്. അദ്ദേഹം തന്റെ തല കൊടുത്തു എങ്കിലും ധർമ്മത്തെ കൊടുത്തില്ല.''

അതിനുശേഷം ഗോവിന്ദൻ അച്ഛന്റെ ശേഷക്രിയാദികളെല്ലാം വിധിയാംവണ്ണം നടത്തി. ഗുരുവിന്റെ ശവസംസ്കാരം ചെയ്ത സ്ഥലത്തു ഗോവിന്ദൻ മനോഹരമായ മന്ദിരം പണിചെയ്യിച്ചു. അതു് ഇപ്പോൾ ശിഖന്മാരുടെ പുണ്യസ്ഥലങ്ങളിൽ ഒന്നായി കരുതപ്പെടുന്നു. അനേകം ശിഖന്മാർ ഇപ്പോഴും ആ സ്ഥലത്തു ചെന്നു ത

---

മറചെയ്യപോകരുതെന്നും കല്പനക്കു വിരോധമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവനു കഠിനശിക്ഷ കിട്ടുമെന്നും ചക്രവർത്തി കല്പനകൊടുത്തു. ലുബാനാവംശക്കാരനും ലക്ഷ്മി എന്നുപേരുള്ളവനും ഗുരുഭക്തനുമായ ഒരു ശിഖൻ അന്നേദിവസം ദില്ലിയിലെ കോട്ടയിലേക്കു ഇഷ്ടികയും കമ്മായവും കടത്തായിരുന്നു. സന്ധ്യക്കു വീട്ടിലേക്കു മടങ്ങിവരുന്ന സമയം മാഖനസാഹയുടെ ഗൂഢമായ കല്പനപ്രകാരം തല വേറിട്ടുപോയ ഗുരുവിന്റെ ദേഹത്തെ ലക്ഷ്മി തന്റെ കാളവണ്ടിയിൽ കയററി വയ്ക്കോൽകൊണ്ടു മൂടി വണ്ടി വേഗത്തിൽ ഓടിച്ചുകൊണ്ടുപോയി. വീട്ടിൽ ചെന്നശേഷം വീട്ടിന്റെ ഉള്ളിൽ ഒരു ചിതകൂട്ടി ഗുരുവിന്റെ ദേഹം അതിന്മേൽ വെച്ചു ഗുരുവിന്റെ ശവസംസ്കാരം ചെയ്യുന്നതു മൊഗളന്മാർ അറിയാൻ എടവന്നെങ്കിലോ എന്നു ഭയപ്പെട്ടു് അവൻ ഗുരുവിന്റെ ദേഹം കൊള്ളിവെക്കുന്നതോടുകൂടി തന്റെ വീടും കൊള്ളിവെച്ചുകളഞ്ഞു. പിന്നീടു ശിഖന്മാർ ഭസ്മാവശേഷമായിപ്പോയ ഈ വീടു നിന്നിരുന്ന സ്ഥലത്തു മനോഹരമായ ഒരു കെട്ടിടം പണിയിച്ചു അതിന്നു 'മന്ദിര ഖോദഹരാ' എന്നു പേർകൊടുത്തു.

15 AUG 19.7



ങ്ങളുടെ ഗുരുക്കളുടെ ഗുണങ്ങളെ വർണ്ണിച്ചു സ്തുതിചെയ്തു തങ്ങളുടെ മനസ്സിനെ പരിശുദ്ധമാക്കുകയും ജീവിതത്തെ സഫലമാക്കുകയും ചെയ്തുവരുന്നുണ്ടു്.

ശ്രാദ്ധാദിക്രിയകൾ കഴിഞ്ഞതിന്റെ ശേഷം ശിഖന്മാരുടെ അതിയായ താല്പര്യം നിമിത്തം അമ്മയുടേയും മുത്തശ്ശിയുടേയും സമ്മതപ്രകാരം ഗോവിന്ദന്റെ അഭിഷേകത്തിന്നുള്ള ശ്രമങ്ങൾ തുടങ്ങി. ഈ ശുഭവർത്തമാനം കേട്ടിട്ടു നാലുദിക്കുകളിൽനിന്നും ശിഖന്മാർ പലവിധത്തിലുള്ള കാഴ്ചദ്രവ്യങ്ങളോടുകൂടി ഗുരുവിന്റെ സദസ്സിൽ വന്നുചേർന്നു. ഗുരുവാകട്ടെ വന്നവരെയെല്ലാം പരമസ്നേഹത്തോടും ആദരവോടുംകൂടി എതിരേററു സൽക്കരിച്ചു. വന്നവരെയെല്ലാം ഗോവിന്ദൻ ഇപ്രകാരം അറിയിച്ചു. "ഈ അവസരത്തിൽ മററുള്ള കാഴ്ചദ്രവ്യങ്ങളെക്കാൾ അധികം നല്ലതു നല്ലകുതിരകളും അസ്ത്രശസ്ത്രങ്ങളും ആണ്. ആ വക കാഴ്ചകളാണു ഗുരുവിന്നു ഏററവും പ്രീതികരമായിട്ടുള്ളതു്". അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടു ഗുരുഭക്തന്മാരായ ശിഖന്മാരെല്ലാവരും തങ്ങളുടെ ശക്തിക്കനുസരിച്ചു കുതിരകൾ, വാളുകൾ, പരിചകൾ, കഠാരങ്ങൾ, കുന്തങ്ങൾ തുടങ്ങിയ കാഴ്ചദ്രവ്യങ്ങളെടുത്തുംകൊണ്ടു ഗുരുവിന്റെ അഭിഷേകോത്സവത്തെ കൊണ്ടാടുവാൻ വന്നെത്തി. ഗുരു സന്തോഷത്തോടുകൂടി അവരുടെ കാഴ്ചകൾ പ്രത്യേകം പ്രത്യേകമായി വളരെ ആദരവോടുകൂടി സ്വീകരിച്ചു. അദ്ദേഹം തന്റെ സ്വന്തം കൈകൾകൊണ്ടു കാഴ്ചദ്രവ്യങ്ങൾ സ്വീകരിച്ചതുകൊണ്ടു തങ്ങൾ ധന്യന്മാരാണെന്നു ശിഖന്മാൎക്കു തോന്നിത്തുടങ്ങുകയും തങ്ങളുടെ ജന്മം സഫലമായിഎന്നു വിചാരിച്ചു് അവർ രോമാഞ്ച

രിതന്മാരാവുകയും ചെയ്തു. ഗുരുവിനെക്കുറിച്ചുള്ള പ്രശംസകൊണ്ടു ദിക്കുകളെല്ലാം മുഴങ്ങി. ഇപ്രകാരം ശിഷ്യന്മാരുടെ ഹൃദയത്തെ വശീകരിച്ചു ഗോവിന്ദൻ പത്താമത്തെ വയസ്സിൽ വളരെ ആഘോഷത്തോടുകൂടി ഗുരുപദത്തെ വഹിച്ചു.

## ഏഴാം അദ്ധ്യായം

### സാധന

അച്ഛന്റെ മരണം ഗോവിന്ദന്റെ ഹൃദയത്തിൽ നല്ലവണ്ണം തട്ടിയതുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഗതിക്കു തീരെ ഒരു മാററം വന്നു. ഒതുക്കാൻ കഴിയാതിരുന്ന ആ കുട്ടിയുടെ ചാപല്യം ദൂരേ നീങ്ങിപ്പോവുകയും അദ്ദേഹം ശാന്തനും നല്ല ആലോചനയോടുകൂടിയവനും ആയിത്തീരുകയും ചെയ്തു. ഏതൊരു പ്രായത്തിൽ ബാലകന്മാരുടെ മനസ്സു കേവലം കുട്ടിക്കളികളിൽ ലയിച്ചുകിടക്കുന്നുവോ ആ പ്രായത്തിൽ ഗോവിന്ദന്റെ മനസ്സിൽ വ്യസനമാകുന്ന മേഘനിരകൾ നിറഞ്ഞു പിതൃവധത്തിന്നു തക്ക പ്രതിക്രിയ ചെയ്വാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുതുടങ്ങി. മനോവൃത്തികൾക്കു ദൃഢത വന്നതോടുകൂടി ഗോവിന്ദന്റെ ബാഹ്യചാപല്യങ്ങൾ തീർന്നുപോയി. തന്റെ ബലഹീനതയെപ്പററി നല്ലവണ്ണം അറിവുണ്ടായിരുന്നതുകൊണ്ടു ശത്രുവിനോടു തുല്യബലം ഉണ്ടാകേണമെന്നുള്ള ആഗ്രഹത്തോടുകൂടി അദ്ദേഹം യമുനാതീരത്തിലുള്ള പർവ്വതങ്ങളിൽ ചെന്നു സമാധിനിഷ്ഠനായി ഈശ്വരനെ സേവിച്ചുതുടങ്ങി.

ഈ വനവാസകാലത്തു ഗോവിന്ദൻെറ വിവാഹക്രിയ നടന്നു * വിവാഹം വളരെ ആഘോഷത്തോടുകൂടി കഴിക്കുകയും ദരിദ്ര്യന്മാൎക്കു വളരേ പണം ദാനംചെയ്തു ഗോവിന്ദൻ അവരെ സന്തോഷിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ നിൎവ്യാജമായ നടവടികണ്ടു മോഹിതന്മാരായ ശിഖന്മാൎക്ക് അദ്ദേഹത്തിൻെറ നേരെ ക്രമത്തിൽ പൂൎവ്വാധികമായ അനുരക്തിയുണ്ടായിത്തുടങ്ങി. ഈ സമയത്തിൽ അറംഗസീബ് ചക്രവൎത്തിയും സ്വാൎത്ഥതല്പരനായ രാമരായനും അദ്ദേഹത്തിൻെറ നേരെ വിരോധദൃഷ്ടി വെച്ചുവന്നിരുന്നു. എന്നാൽ ഗോവിന്ദൻ ഏററവും ചാതുൎയ്യത്തോടുകൂടി കാൎയ്യം നടത്തിവന്നതുകൊണ്ടു് അദ്ദേഹം സകല ആപത്തുകളിൽ നിന്നും രക്ഷപ്പെട്ടുപോന്നു.

അമ്മാമനായ കൃപാലൻെറ രക്ഷയിലിരുന്നുംകൊണ്ടു ഗോവിന്ദൻ ശിഖന്മാരുടെ ചോരവൃത്തിയെ ശാസിച്ചടക്കി. അവരെ മൎയ്യാദക്കാരും അടക്കവുമൊതുക്കവും ഉള്ളവരാക്കിത്തീൎക്കാൻ യത്നിച്ചുപോന്നു. ചോരവൃത്തി കൂടാതെതന്നെ അവരെ യുദ്ധസാമൎത്ഥ്യമുള്ളവരാക്കിത്തീൎക്കാൻ വേണ്ടി വേട്ടയാടുക എന്നുള്ള വ്യാജേന അദ്ദേഹം വങ്കാടുകളിൽചെന്നു

* ഗോവിന്ദനു മൂന്നു ഭാൎയ്യമാരായിരുന്നു. ജിതോജീമാതാ എന്നും, സുന്ദരീജീമാതാ എന്നും, സാഹിബദീവാനമാതാഎന്നും ആയിരുന്നു അവരുടേ പേരുകൾ. സുന്ദരിജീമാതാവിന്നു അജിതസിംഹനെന്ന ഒരുപുത്രൻ ഉണ്ടായി. ജിതോജീമാതാവിന്നു ജുഝാരസിംഹൻ ജോരാവരസിംഹൻ ഫതഹസിംഹൻ എന്നിങ്ങനെ മൂന്നുപുത്രന്മാരുണ്ടായി. സാഹിബദിവാനമാതാവിന്നു സന്താനമൊന്നും ഉണ്ടായില്ല. അതുനിമിത്തം അവൾ ഗോവിന്ദൻെറ കല്പനപ്രകാരം ശിഖസമുദായത്തിലുള്ള എല്ലാവരുടേയും ജനനിയായി ബഹുമാനിക്കപ്പെട്ടു വന്നു.

ശിഖന്മാക്കു യുദ്ധകൌശലം പഠിപ്പിച്ചുകൊടുത്തു. ചില സമയങ്ങളിൽ ക്ഷുദ്രപർവ്വതപ്രദേശങ്ങളിലുള്ള രാജാക്കന്മാരുമായി ചില്ലറ യുദ്ധങ്ങൾ ചെയ്തു് അദ്ദേഹം ശിഖരുടെ സാഹസത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

തൻെറ സമയം മുഴുവനും ഈ മാതിരി വേട്ടകൊണ്ടുതന്നേ കഴിക്കാതെ ഗോവിന്ദൻ അവസരം കിട്ടുമ്പോഴെല്ലാം സംസ്കൃതം, പാരസ്യം, ഹിന്ദി മുതലായ ഭാഷകൾ പഠിക്കുന്നതിൽ ശ്രദ്ധവെച്ചു പ്രാചീന ധർമ്മശാസ്ത്രങ്ങളെ അദ്ദേഹം പ്രത്യേകം മനസ്സിരുത്തി പഠിച്ചു. ശത്രുക്കളായ തുൎക്കികളുടെ ധൎമ്മശാസ്ത്രങ്ങളിലും അദ്ദേഹം മനസ്സിരുത്താതിരുന്നില്ല. സ്വരാജ്യത്തിലെ കീൎത്തികഥകളെ ആരാഞ്ഞറിയാൻ അദ്ദേഹം ഏററവും വ്യഗ്രനായിരുന്നു. സ്വദേശവാസികളുടെ ശൌൎയ്യപരാക്രമങ്ങൾ വൎണ്ണിച്ചു കേൾക്കുമ്പോൾ അദ്ദേഹത്തിൻെറ ഹൃദയം ആനന്ദഭരിതമായിത്തിരും. എന്നാൽ ക്ഷണനം തന്നെ ദേശവാസികളുടെ അപ്പോഴത്തെ ദുരവസ്ഥയും അധോഗതിയും ഓൎത്തു് അദ്ദേഹത്തിന്നു സഹിക്കാൻ പാടില്ലാത്ത വ്യസനവും ഉണ്ടാവും. എങ്കിലും നൈരാശ്യം എന്നതു് എന്താണെന്നു് അദ്ദേഹത്തിന്നു് അറിവുണ്ടായിരുന്നില്ല. പ്രയത്നംകൊണ്ടു സ്വരാജ്യത്തിൻെറ സ്ഥിതിക്കു് ഒരു മാററം ഉണ്ടാവുമെന്നു പ്രബലമായ ഒരു വിശ്വാസം അദ്ദേഹത്തിൻെറ ഉള്ളിൽ കടന്നുകൂടി.

ഇങ്ങിനെ ഇരുപതിലധികം കൊല്ലത്തോളം പരിശ്രമം ചെയ്തതിൻെറശേഷം സ്വദേശോദ്ധാരണംചെയ്യേണ്ടതിന്നായി പുതിയ ഒരു ക്ഷത്രിയ ശക്തിയെ ഉണ്ടാക്കേണമെന്നു ഗോവിന്ദനു ആഗ്രഹം ജനിച്ചു. ഈ കാൎയ്യം ശരിയായി ന

ർഷിക്കുന്നതിൽ ബലമായ പ്രതിബന്ധങ്ങൾ നേരിടുമെന്നു ബോദ്ധ്യമുണ്ടായിരുന്നു എങ്കിലും അദ്ദേഹം നിരാശനായിഭവിച്ചില്ല. അദ്ദേഹത്തിൻെറ ഈ പുതിയ പരിശ്രമംകൊണ്ടു് അനേകം ശിഷ്യന്മാൎക്കു് അദ്ദേഹത്തിൻെറ നേരെ വിരക്തിയുണ്ടായി. എന്നാൽ അദ്ദേഹം അവരുടെ വിരക്തിയെ വകവെക്കാതെ നീചകുലങ്ങളിൽനിന്നു വിശ്വസ്ഥന്മാരും ധാൎമ്മികന്മാരുമായവരെ തിരഞ്ഞെടുത്തു് അവരെ തൻെറ നവധൎമ്മത്തിൽ ചേൎത്തു. ഈ ബഹുമതിനിമിത്തം നീചകുലത്തിൽ ജനിച്ച ശിഷ്യന്മാൎക്കു് അദ്ദേഹത്തിൻെറ നേരേ പൂൎവ്വാധികമായ അനുരക്തിയുണ്ടായിത്തീൎന്നു.

ധൎമ്മപ്രാണന്മാരായ ഭാരതവാസികൾ എന്തെങ്കിലും മഹത്തായ ഒരു കാൎയ്യം തുടങ്ങുന്നതിന്നുമുമ്പിൽ ഇഷ്ടദേവിയുടെ അടുക്കൽ കാൎയ്യസിദ്ധിക്കുവേണ്ട ശക്തി ഉണ്ടാക്കിക്കൊടുക്കേണമെന്നു പ്രാൎത്ഥിക്കുക പതിവാണു്. ആ പതിവനുസരിച്ചു താൻ ഉദ്ദേശിച്ച കാൎയ്യം നിറവേറുന്നതിലേക്കു ശക്തിസ്വരൂപിണിയായ ദേവിയുടെ അനുഗ്രഹം അത്യാവശ്യമാണെന്നു ഗോവിന്ദൻ വിചാരിച്ചു. ദേവിയുടെ അനുഗ്രഹമുണ്ടെങ്കിൽ വിശ്വാസമുള്ള മനുഷ്യനു് എന്തുകാൎയ്യമാണു് അസാദ്ധ്യമായിട്ടുള്ളതു്? ശക്തിസ്വരൂപിണിയായ ദേവിയുടെ അനുഗ്രഹം ലഭിച്ച വംഗദേശത്തിലെ വീരചൂഡാമണിയായ പ്രതാപാദിത്യൻ സ്വാതന്ത്ര്യസിദ്ധിക്കുവേണ്ട പരിശ്രമങ്ങൾചെയ്തു. മഹാവീരനായ ശിവാജി സ്വാതന്ത്ര്യമായ ഒരു രാജ്യം സ്ഥാപിച്ചു. ഗോവിന്ദനും പണ്ടേയ്ക്കുപണ്ടേയുള്ള നടവടിയനുസരിച്ചു ദേവീപൂജ ചെയ്വാൻ മനസ്സുകൊണ്ടുറച്ചു. കാശിയിൽനിന്നു വേദജ്ഞനായ ഒരു പുരോഹിതനെ വരുത്തി ഒരു കൊല്ലം ഇടവിടാതെ ദേ

വീ പൂജ നടത്തി. ഭക്തിപൂർവ്വമായ ഗോവിന്ദൻെറ പൂജകൊണ്ടു ദേവി പ്രസാദിച്ചു ഗോവിന്ദൻെറ വാളിേന്മൽ ഒരു അടയാളം കൊത്തി എന്നും ദേവിയുടെ പ്രസാദത്താൽ പരിശുദ്ധമായ ഹോമാഗ്നിയിൽനിന്നു ഒരു കഠാരം പൊങ്ങിവന്നു എന്നും കേട്ടിട്ടുണ്ടു്. ദേവിയുടെ പ്രീതിക്കുവേണ്ടിയും ശിഖസമുദായത്തിൻെറ മംഗലത്തിന്നുവേണ്ടിയും ഗോവിന്ദൻ ദേവിയുടെ ശ്രീപാദത്തിങ്കൽ ഒരു മഹാബലികഴിച്ചു യജ്ഞം സമർപ്പിച്ചു. ഇതു സ്വാതന്ത്ര്യത്തിന്നുള്ള ഭാവിയജ്ഞത്തിൻെറ ഒരു സൂചകമായിരുന്നു.

ദേവിയുടെ വരപ്രസാദത്താൽ നൂതനശക്തിയോടുകൂടിയ ഗോവിന്ദൻ ശിഖന്മാരെക്കൊണ്ടു നൂതനധർമ്മം അനുഷ്ഠിപ്പിക്കാൻ ശ്രമം ചെയ്തുതുടങ്ങി. താമസിയാതെ ആനന്ദപുരത്തിൽവെച്ചു് ഒരു മഹോത്സവം കൊണ്ടാടാൻ നിശ്ചയിച്ചു. ഗുരുവിനെ കാണ്മാനായി പല ദിക്കുകളിൽനിന്നും ശിഖന്മാർ അവിടെ എത്തിച്ചേൎന്നു. അവരിൽവെച്ചു ശ്രേഷ്ഠന്മാരായുള്ളവരെ തിരഞ്ഞെടുക്കാനുള്ള ആഗ്രഹത്തോടുകൂടി ഗോവിന്ദൻ ഒരു കൌശലം പ്രയോഗിച്ചു. അദ്ദേഹം അവിടെ കൂടിയിരുന്ന ശിഖന്മാരുടെ നടുവിൽ വാളും കയ്യിൽ പിടിച്ചുകൊണ്ടുനിന്നു് ഇപ്രകാരം പറഞ്ഞു. "അഞ്ചു ശിഖന്മാരുടെ ശിരസ്സുകൾ എനിക്കു് ആവശ്യമുണ്ടു്. അതു് ആർ തരും. ഗുരുവിൻെറ പ്രീതിക്കുവേണ്ടി നിഷ്കാമഭാവത്തോടുകൂടി മരിക്കാൻ എത്ര ശിഖന്മാർ ഒരുക്കമുണ്ടു്?" ഗുരുവിൻെറ ഈ വാക്കുകൾ കേട്ടപ്പോൾ അതുവരെയുണ്ടായിരുന്ന കോലാഹലങ്ങളെല്ലാം പെട്ടെന്നു ശമിച്ചു. ശിഖസംഘം മുഴുവനും നിശ്ശബ്ദമായിത്തീൎന്നു. ഗുരുവിൻെറ വാക്കുകൾക്കു യാതൊരു ഉത്തരവും ഉണ്ടായില്ല.

എല്ലാവരും ഇളക്കമില്ലാതെ മരങ്ങൾപോലെനിന്നു. ഘോരമായ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് 'ആർ തരും' എന്നു ഗുരു വീണ്ടും ചോദിച്ചു. ഗുരുവിൻെറ വാക്കുകൾ മാറെറാലികൊണ്ട് ആ ദിക്കു മുഴുവൻ മുഴങ്ങി. എന്നിട്ടും ഒരാളെങ്കിലും നിന്ന ദിക്കിൽനിന്ന് അനങ്ങിയില്ല. ഗുരു പിന്നെയും 'ആർ തരും' എന്നു ചോദിച്ചു. അപ്പോൾ ഒരു ഭാഗത്തു ജനങ്ങൾ അനങ്ങുന്നതു കാണാറായി. ലാഹോരവാസിയും ക്ഷത്രിയനുമായ ദയാസിംഹൻ ജനങ്ങളുടെ തിക്കിൽകൂടി കടന്നുവന്നു ഗുരുവിൻെറ പാദങ്ങളിൽ തൻെറ ദേഹത്തെ സമർപ്പിക്കുകയും ആദ്യത്തെ രണ്ടു ചോദ്യത്തിന്ന് ഉത്തരം പറയാതിരുന്ന തൻെറ അപരാധത്തെ ക്ഷമിക്കണമെന്നു വളരെ താഴ്മയോടുകൂടി അപേക്ഷിക്കുകയും ചെയ്തു. ഇതുകണ്ടു ജനങ്ങൾ അമ്പരന്നുപോയി. ഗുരു ആനന്ദത്തോടുകൂടി അയാളെയും കൂട്ടിക്കൊണ്ടു തൻെറ ഗൃഹത്തിലേക്കുപോയി. അവിടെവെച്ചു ദയാസിംഹന്നു പകരം ഒരു ആടിനെ ബലികഴിച്ചു. ഗുരുവിൻെറ വെറും പ്രീതിക്കുവേണ്ടി ദയാസിംഹൻെറ തല പോയല്ലോ എന്നു വിചാരിച്ചു ജനങ്ങൾ സ്തബ്ധന്മാരായിപ്പോയി.

ഒരിക്കൽ ഒരാൾ വഴികാണിച്ചാൽ അവനെ പിന്തുടരുവാൻ പലരും ഉണ്ടാവുമെന്നുള്ളതു മനുഷ്യരീതിയാണ്. ദയാസിംഹന്നു ശേഷം നാലുപേർ അയാളെ പിന്തുടർന്നു ഗുരുവിൻെറ പാദങ്ങളിൽ ആത്മസമർപ്പണം ചെയ്തു. ഗുരു അവരെ ഓരോരുത്തരായി കൂട്ടിക്കൊണ്ടുപോയി അവർക്കു പകരം ഓരോരോ ആടിനെ ബലി കഴിച്ചു. ഇപ്രകാരം വിശ്വസ്തന്മാരായ അഞ്ചു പേരോടുകൂടി ഗുരു വീണ്ടും ശിഷ്യന്മാരുടെ എടയിൽ വന്നെത്തിയപ്പോൾ അവരെല്ലാ

വരും ആശ്ചര്യഭരിതന്മാരായിതീൎന്നു. ആ സമയത്തിൽ അദ്ദേഹത്തെ ദ്വാപരയുഗത്തിലെ പഞ്ചപാണ്ഡവന്മാരുടെ നേതാവും പാൎത്ഥസാരഥിയുമായ കൃഷ്ണനാണെന്നു എല്ലാവരും സങ്കല്പിച്ചു എല്ലാവരും ആനന്ദപരവശന്മാരായിട്ടു ജയഘോഷം കൂട്ടി. ഈ മാതിരി കൌശലംകൊണ്ടു ഗുരു തന്റെ സാധാരണ ശിഷ്യന്മാരുടെ കൂട്ടത്തിൽനിന്നു ശ്രേഷ്ഠന്മാരായ അഞ്ചു ശിഷ്യരെ തിരഞ്ഞെടുത്തു. ഇവർ തന്നെ ഒടുക്കം 'ഖാലാസാ' എന്ന പേരോടുകൂടിയ ഒരു സംഘമായിത്തീൎന്നു. ഈ അഞ്ചു് ആളുകളുടെ പേരുകൾ യഥാക്രമത്തിൽ താഴെ ചേൎക്കുന്നു. (1)ലാഹോരനിവാസിയും ക്ഷത്രിയനുമായ ദയാസിംഹൻ. (2) ഹസ്തിനാപുരനിവാസിയും ജാഠ (യട്ടു) വംശക്കാരനുമായ ധൎമ്മസിംഹൻ (3) ദ്വാരകാനിവാസിയും നെയ്ത്തുകാരനുമായ മാഹ്കസിംഹൻ. (4) വിദർഭനഗരവാസിയും ക്ഷുരകനുമായ സാഹേബ്സിംഹൻ. (5) ഉറീഷ്യയിലുള്ള പുരീനിവാസിയും തണ്ടെടുക്കുന്നവനുമായ ഹിമ്മതസിംഹൻ.

അതിന്നു ശേഷം നൂതന ധൎമ്മത്തിന്റെ ദീക്ഷ തുടങ്ങി. * ഈ ദീക്ഷയെ ശിഖന്മാർ പഹലോത്സവം അല്ലെങ്കിൽ അമൃതോത്സവം എന്നു വിളിച്ചുവരുന്നു. ഗോവിന്ദൻ താൻ തന്നെ ഒരു ലോഹപാത്രം ഉണ്ടാക്കി അടുത്തുള്ള പുഴ

* ഏതൊരു ദിക്കിൽവെച്ചു ദീക്ഷ നിൎവ്വഹിച്ചുവോ ആ ദിക്കിന്നു കേശം എന്നു പേർ വിളിച്ചുവരുന്നു. ഈ സ്ഥലം അനന്ദപുരത്തിന്നു അടുത്താകുന്നു. ഈ ദീക്ഷയുടെ കാലനിൎണ്ണയത്തിൽ അഭിപ്രായഭേദങ്ങളുണ്ടു്. ദീക്ഷോത്സവം നടന്നതു സംവതാബ്ദം 1757-ാമാണ്ടു വൈശാഖമാസത്തിലെ സംക്രാന്തിദിവസമാണെന്നു ചിലരും 1756-ാമാണ്ടു വൈശാഖമാസം ഒന്നാം തിയ്യതിയാണെന്നു മററു ചിലരും വ്യവഹരിക്കുന്നുണ്ടു്. പല കാരണങ്ങളാലും ഒടുവിൽ പറഞ്ഞ തിയ്യതിയാണു ശരിയെന്നു തോന്നുന്നതു്.

യിൽനിന്നു വെള്ളം കൊണ്ടുവന്നു് ഈ സമയത്തിൽ ഗുരു പത്നി അഞ്ചു വിധത്തിലുള്ള മധുരപദാൎത്ഥങ്ങൾ എടുത്തും കൊണ്ടു പെട്ടെന്നു് അവിടെ എത്തി. ഈ സംഭവം ഒരു ശുഭസൂചകമാണെന്നു ഗുരുവിന്നു തോന്നുകയും ശിഖസമ്പ്രദായം ക്രമത്തിൽ ഉന്നതിയെ പ്രാപിക്കുമെന്നും ശിഖന്മാർ വാങ്മാധുൎയ്യമുള്ളവരായിത്തീരുമെന്നും അദ്ദേഹം ശിഷ്യന്മാരോടു പറയുകയും ചെയ്തു. അതിന്നു ശേഷം അദ്ദേഹം ആ മധുരപദാൎത്ഥങ്ങളെല്ലാം വെള്ളത്തിലിട്ടു ദേവിയുടേ അടയാളമുള്ള ചെറിയ വാളുകൊണ്ടു് എളക്കിത്തുടങ്ങി. ഇങ്ങിനെ ഉണ്ടാക്കിയ സൎവ്വത്തിനെ എടുത്തു് അദ്ദേഹം അഞ്ചു പ്രാവശ്യം തന്റെ തലയിൽ വെച്ചു. പിന്നെ അതിനെ മുൻപറഞ്ഞ ഖാലാസന്മാരുടെ കണ്ണുകളിൽ പ്രോക്ഷിച്ചു. ഖാലാസന്മാർ ഓരോരുത്തരായി കൈക്കുമ്പി സൎവ്വത്തു കുടിക്കയും തദനന്തരം ഗുരു ജയിക്കട്ടെ' എന്നിങ്ങിനെ ഉച്ചത്തിൽ ജയഘോഷം കൂട്ടുകയും ചെയ്തു. ഇങ്ങിനെ അവരെ ദീക്ഷിപ്പിച്ചതിന്റെ ശേഷം ഗുരു അവരെക്കൊണ്ടു തന്റെ ദീക്ഷയും കഴിപ്പിച്ചു. ദീക്ഷാവസാനത്തിൽ ഗുരു എല്ലാവരുടേയും പേരുകൾക്കു മാററം വരുത്തി. ഇക്കാലം വരെ ശിഖസമാജത്തിൽ 'സിംഹൻ' എന്ന സ്ഥാനപ്പേരുണ്ടായിരുന്നില്ല. ദീക്ഷാവസാനത്തിൽ ഗോവിന്ദൻ എല്ലാം ശിഖന്മാൎക്കും ഈ സ്ഥാനപ്പേർ കൊടുത്തു. താനും 'സിംഹൻ' എന്ന സ്ഥാനപ്പേരെടുത്തു. അദ്ദേഹത്തിന്നു് അച്ഛനിട്ട പേർ ഗോവിന്ദരായൻ എന്നായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പേർ ഗോവിന്ദസിംഹൻ എന്നായി. ദീക്ഷാവസാനത്തിൽ ഗുരു പറഞ്ഞു. 'ഖാലാസാ' ഗുരുവിങ്കൽനിന്നും ഗുരു 'ഖാലസാ'യിൽനിന്നും ഉണ്ടായതാണു്.

അവരിൽ ഓരോരുത്തൻ മററുള്ളവരുടെ രക്ഷകർത്താവും ദാസനുമാകുന്നു. അഞ്ചാളുകളോടു കൂടിയ 'ഖാലസാ' ഒന്നിച്ചു കൂടുമ്പോൾ ഗുരുവും അവിടെ ഉണ്ടാകും. അഞ്ചാളുകളോടു കൂടിയ 'ഖാലസാ' ഗുരുവിന്നു തുല്യമായി ബഹുമാനിക്കപ്പെടേണ്ടതാണ്'. അതിന്നു ശേഷം അദ്ദേഹം അവിടെ കൂടിയിരുന്ന ശിഖന്മാരെ താഴെ പറയുംപ്രകാരം ഉപദേശിച്ചു.

'ശിഖന്മാർ തമ്മിൽ തമ്മിൽ ഉപദ്രവിക്കുകയോ അന്യോന്യം കലഹിക്കുകയോ ചെയ്യരുത്. അവർ അദൃശ്യനും അകാലപുരുഷനും ആയ പരമേശ്വരനെ മാത്രമേ പൂജിക്കാവു. നാനാകിന്റെയും മററുള്ള ഗുരുക്കളുടേയും നാമം അവർ ആദരവോടുകൂടി സ്മരിക്കണം. അവരുടെ സങ്കേതവാക്ക 'വാഹിഗുരു' എന്നാകുന്നു 'ഗ്രന്ഥം' ഒന്നൊഴിച്ചു മററൊരു ദൃശ്യപദാർത്ഥത്തേയും അവർ പൂജിക്കാൻ പാടില്ല. ഗുരു ഗ്രന്ഥത്തെ എല്ലായ്പോഴും പഠിക്കുകയും അതിനെ ഗുരുവിനെപ്പോലെ കരുതുകയും വേണം. അവർ ദൃഢവ്രതന്മാരും പ്രിയഭാഷികളും സത്യവാദികളും ആയിരിക്കണം. 'മാതാവിനെപ്പോലെ പരസ്ത്രീകളെ കണ്ടീടേണം', എപ്പോഴും വിനയമുള്ളവരായിരിക്കണം. ജന്തുക്കളെ വെട്ടിക്കൊന്നു് അവററിന്റെ മാംസം ഭക്ഷിക്കരുത്. പുകയില ഉപയോഗിക്കുകയും മ്ലേച്ഛന്മാരുടെ കയ്യിൽനിന്നു മദ്യം മാംസം മുതലായതു വാങ്ങിക്കഴിക്കുകയും അരുതു്. 'കെ' എന്ന ആദ്യാക്ഷരത്തോടുകൂടി അഞ്ചു സാധനങ്ങളെ അതായതു കേശം (മുടി) കൃപാണം (വാള്) കാംഗാ (ചീപ്പ്) കച്ഛ (അരക്കെട്ടു) കഡാ (മോതിരം) അവർ എല്ലായ്പോഴും ദേഹത്തിൽ ധ

രിക്കണം. ആരുടേയും ചുരുക്കപ്പേരു വിളിക്കരുതു്. തല ഒരിക്കലും മൂടാതെ ഇരിക്കരുതു്. എല്ലായ്പോഴും തലപ്പാവു ധരിക്കണം. ഒരിക്കലും ചൂതുകളിക്കരുതു് ധർമ്മരക്ഷക്കും ദേശരക്ഷക്കും ദരിദ്രന്മാരുടെ ദുഃഖം പോക്കുന്നതിന്നും വേണ്ടിയാണു ശിഖന്മാർ ജന്മം എടുത്തിട്ടുള്ളതു് എന്ന വിശ്വാസം അവർക്കു് എല്ലായ്പോഴും ഉണ്ടായിരിക്കണം. മനസ്സിൽനിന്നു അധൈര്യം ദൂരെക്കളയണം. തുർക്കികളെ ഒരിക്കലും വിശ്വസിക്കരുതു്. യോദ്ധാക്കന്മാരുടെ ആത്മധർമ്മത്തിന്നു ബാഹുബലം താങ്ങായിക്കരുതണം. വാളുതന്നെയാണു് ശിഖന്മാരുടെ പ്രധാനസഹായം. നിങ്ങളുടെ പേരുകളിൽ 'സിംഹൻ' എന്ന പേരും കൂട്ടിച്ചേർക്കണം. അസ്ത്രാഭ്യാസം ഉള്ളവനെ മാത്രമെ യോഗ്യപുരുഷനായി ഗണിക്കപ്പെടുകയുള്ളു. ശിഖന്മാർ എപ്പോഴും യുദ്ധതല്പരന്മാരായിരിക്കണം. ആർ എതിരാളികളുടെ മുമ്പിൽ ചെന്നു യുദ്ധം ചെയ്യുന്നുവോ, ആർ ശത്രുക്കളെ കൊല്ലുന്നുവോ, യുദ്ധത്തിൽ തോററാലും ആർ നിരാശനായി ഭവിക്കുന്നില്ലയോ അവൻ സർവ്വശ്രേഷ്ഠനായി ബഹുമാനത്തിന്നു പാത്രമായി ഭവിക്കുന്നു". ആരെങ്കിലും ഗുരുക്കന്മാർക്കു വിരോധമായി നടക്കുകയൊ ശിശുവധം ചെയ്യുകയൊ ചെയ്യാൽ ഗോവിന്ദൻ അവരെ എല്ലാവരും കാണ്കെ ശിഖസമാജത്തിൽനിന്നു പുറത്താക്കിയിരുന്നു.

---

## എട്ടാമദ്ധ്യായം

### അറങ്ങ്സീബ്.

ഈ ലോകത്തിലുള്ള സകല വിരോധങ്ങൾക്കും കൈകണ്ട മരുന്നു പ്രേമം തന്നെയാണു്. ശക്തിമാനായവൻ

തൻെറ കായബലത്തെ അവലംബിക്കാതെ പ്രേമംകൊണ്ടു ദുർബ്ബലന്മാരെ രക്ഷിക്കാൻ ശ്രമിക്കുന്നതായാൽ അവർ എളുപ്പത്തിൽ അവൻെറ കീഴിലായി വരുന്നതാണ്. എന്നാൽ പ്രബലൻ ബലമദാന്ധനായി ദരിദ്രന്മാരെ ദ്രോഹിക്കുകയോ അവരുടെ നേരെ അന്യായമായി പ്രവൎത്തിക്കുകയോ ചെയ്യുന്നതായാൽ ദുർബ്ബലന്മാൎക്ക് ആദ്യത്തിൽ അവനു് എതിരായി ഒന്നും പ്രവൎത്തിക്കാൻ കഴികയില്ലെങ്കിലും അവരുടെ ഹൃദയം വ്യസനംകൊണ്ടും ദ്വേഷ്യംകൊണ്ടും ക്ഷോഭിച്ചു വശാവുകയും ക്രമത്തിൽ അവർ നിരാശന്മാരായിത്തീരുകയും ചെയ്യും. ഈ മാതിരി നൈരാശ്യത്തിൻെറ പരിണാമം രണ്ടു വിധത്തിലായി കണ്ടുവരുന്നുണ്ട്. ദുർബ്ബലനു് അദൃഷ്ടത്തിൽ ദൃഢമായ വിശ്വാസം ഉണ്ടെങ്കിൽ അവൻെറ സഹനശക്തി ക്രമത്തിൽ വൎദ്ധിച്ചുവരുന്നു. വ്യസനം ഒന്നുമാത്രം അവൻെറ ഉററ സഹായിയായിത്തീരുന്നു. എന്നാൽ അവനു് അദൃഷ്ടവാദത്തിൽ ദൃഢമായ വിശ്വാസം ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ ക്രമത്തിൽ ആ വിശ്വാസത്തിന്നു ഭംഗം വരികയോ ചെയ്താൽ അവൻെറ ഹൃദയം തടുക്കാൻ പാടില്ലാത്തതായ ക്രോധത്തിന്നു് ഇരിപ്പിടമായിത്തീരുകയും അവൻ ആ ക്രോധത്തിന്നധീനനായിട്ടോ അല്ലെങ്കിൽ ക്രോധത്തിൽനിന്നു ജനിക്കുന്ന കുടിലകൌശലപ്രയോഗങ്ങൾകൊണ്ടോ പ്രബലനായവൻെറ ഗൎവ്വ് ശമിപ്പിക്കത്തക്ക ദുസ്സാഹസം ഉള്ളവനായിത്തീരുകയും ചെയ്യുന്നു. അപ്പോൾ അവന്നു മരണത്തെക്കുറിച്ചു ലേശം ഭയമോ ക്ലേശമോ ഉണ്ടാകുന്നില്ല. പ്രബലൻെറ ഉപദ്രവങ്ങളെ അവൻ ആഹ്ലാദത്തോടുകൂടി കയ്ക്കൊള്ളുന്നു.

മൊഗളകുലതിലകനായ അക്ബർ ചക്രവൎത്തി ഈ തത്വം നല്ലവണ്ണം മനസ്സിലാക്കീട്ടാണ രാജ്യഭാരം നടത്തി വന്നത്. അതുകൊണ്ടാണ മിക്ക ഭാരതവാസികളും അദ്ദേഹത്തിന്റെ നേരെ അനുരക്തിയുള്ളവരായിത്തീൎന്നത്. തല്ക്കാലസുഖവും സമാധാനവുംകൊണ്ടു മാത്രം തൃപ്തിപ്പെടാത്തവരും ചിരസ്ഥായിയായ ക്ഷേമത്തെ ചരമലക്ഷ്യമായി കരുതിയിരുന്നവരും ആയ ദുല്ലഭം ചിലർ മാത്രം അക്ബരുടെ സമ്മോഹനമന്ത്രംകൊണ്ടു മോഹിതന്മാരായില്ല. എന്നാൽ അങ്ങിനെയുള്ള നീതിമാന്മാരും സൂക്ഷ്മദശികളും സത്യനിഷ്ഠന്മാരും ആയവരുടെ എണ്ണം രാജ്യത്തിൽ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. യഥാൎത്ഥത്തിൽ സമ്മോഹനമന്ത്രമാണ വിജാതീയരായ ഭരണകൎത്താക്കന്മാരുടെ ഏററവും പ്രധാനമായ അസ്ത്രമെന്നു ഗണിക്കപ്പെട്ടുന്നുണ്ട്.

അക്ബർ പ്രയോഗിച്ച മന്ത്രത്തിന്റെ അചിന്തനീയസാഫല്യം കണ്ടു ജിഹാംഗീരും സാഹജാഹാനും പ്രജകൾക്കു സുഖവും സമാധാനവും വരുത്താൻ വളരെ പ്രയത്നങ്ങൾ ചെയ്തു. എന്നാൽ മൊഗളരാജ്യലക്ഷ്മിയുടെ ദുർഭാഗ്യവശാൽ അറങ്ങ്സീബിന്നു ഈ വാസ്തവതത്വം ഗ്രഹിപ്പാൻ സാമത്ഥ്യമുണ്ടായില്ല. കൂടകൌശലവും അമിതമായ ബാഹുബലവുമാണ രാജ്യത്തിന്റെ മുഖ്യ അവലംബം എന്നു് അദ്ദേഹം തെററിദ്ധരിച്ചു. കയ്യൂക്കുകൊണ്ടാണ തുക്കികൾ ഭാരതവഷത്തെ പിടിച്ചടക്കിയതു് എന്നുള്ളതു സത്യംതന്നെ. എന്നാൽ രാജ്യം പിടിച്ചടക്കുന്ന കാൎയ്യവും പിടിച്ചടക്കിയ രാജ്യം രക്ഷിക്കുന്ന കാൎയ്യവും ഒരുപോലെയല്ല. രാജ്യജയംകൊണ്ടു കായബലം മാത്രമാണ വെളിപ്പെടുന്നതു്. അതുകൊണ്ടു മാത്രം രാജ്യരക്ഷ ചെയ്വാൻ

കഴിയുന്നതല്ല. രാജ്യം രക്ഷിച്ചു നിലനിൎത്തേണമെങ്കിൽ ഒന്നാമതായിട്ടു ജയിക്കപ്പെട്ട പ്രജകളുടെ മനസ്സിനെ വശീകരിക്കണം. രാജ്യത്തിന്റെ നിലനില്പ് മുഴുവനും പ്രജകളുടെ സ്വാധീന ഇച്ഛയെ ആശ്രയിച്ചു നില്ക്കുന്നു. വിശേഷിച്ച് ഈ ഭാരതവൎഷം രാജാക്കന്മാരുടെ ഒരു പരീക്ഷകളെമായി ഗണിക്കപ്പെടാവുന്നതാണ്. ഭാരതവൎഷനിവാസികൾ സ്വതേ തന്നെ ശാന്തശീലന്മാരും ജന്മാന്തരകൎമ്മത്തിൽ വിശ്വാസമുള്ളവരും ആകകൊണ്ടു രാജാക്കന്മാരുടെ നേരെ അവർ വിദ്വേഷശൂന്യന്മാരാണ്. ഈ മാതിരി പ്രജകളെ പരിപാലിക്കുന്നതു ഏററവും എളുപ്പമായ കാൎയ്യമാണ്. ഇങ്ങിനെയിരിക്കെ പ്രജകളെ ഉപദ്രവിച്ചമൎത്താൻ ഉത്സാഹിക്കുന്നതു രാജാക്കന്മാരുടെ അതിയായ ദുഷ്ടതയെ വെളിപ്പെടുത്തുകയാണെന്നു പറയേണ്ടതില്ലല്ലോ. പ്രജകളുടെ ശാന്തശീലതയെ അവലംബമായിക്കരുതി തങ്ങളുടെ ശരീരബലത്തെ വൎദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നവരായ രാജാക്കന്മാർ എളുപ്പത്തിൽ ഗൎവ്വിഷ്ഠന്മാരായിത്തീരുകയും ശാന്തന്മാരായ പ്രജകളെ ഉപദ്രവിക്കാൻ പരിശ്രമം ചെയ്തു രാജവംശത്തിന്നു ഒടുക്കം അധോഗതിയും നാശവും വരുത്തുകയും ചെയ്യുന്നു.

തന്റെ പ്രജകളുടെ ശാന്തസ്വഭാവംകണ്ടു അറംഗ്സീബ് ചക്രവൎത്തി മദോന്മത്തനായിത്തീരുകയും ധൎമ്മത്തിന്റെ പേരുപറഞ്ഞു ധൎമ്മവിരുദ്ധമായ അനേകം പ്രവൃത്തികൾ ചെയ്യാനും തുടങ്ങി. ഒരു ഉഗ്രതപസ്വിയുടെ മട്ടിലായിരുന്നു ചക്രവൎത്തി കാലക്ഷേപം കഴിച്ചുവന്നിരുന്നതു് എങ്കിലും അദ്ദേഹത്തിന്റെ മനസ്സു സന്ന്യാസിയുടേതുപോലെ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയം

സംശയംകൊണ്ടും കൂടകൌശലങ്ങൾകൊണ്ടും നിറഞ്ഞതായിരുന്നു. എല്ലാററിലുംവെച്ച തൻെറ സ്വന്തം ഐശ്വൎയ്യവൎദ്ധനയാണ് അദ്ദേഹത്തിൻെറ ശ്രദ്ധയ്ക്കു വിഷയമായിഭവിച്ചതു്. പരശ്രീ എന്നുവേണ്ട തൻെറ കീഴിലുള്ളവരുടെ ഏതൊരു വിധത്തിലുള്ള ഉന്നതിയും അദ്ദേഹത്തിന്നു കണ്ടുകൂടായിരുന്നു. കൂടതന്ത്രങ്ങൾ പ്രയോഗിച്ച് അദ്ദേഹം ഉന്നതി പ്രാപിക്കുന്ന ആളുകളെ താമസം കൂടാതെ നശിപ്പിച്ചു. ഈ വിധത്തിലാണ് അദ്ദേഹം മാരബാരരാജാവായ യശോവന്തനേയും അംബര രാജാവായ ജയസിംഹനേയും സൈന്യാധിപനായ മിരജ്ജുമലനേയും അമൎത്തിയതു്.

അൿബൎപ്പോലെയുള്ള ദീൎഘദൎശിത്വം അറങ്ങ്സീബിന്നുണ്ടായിരുന്നില്ല. ഉണ്ടായിരുന്നു എങ്കിൽ ഭാരതവൎഷചരിത്രം മറെറാരു വിധത്തിൽ എഴുതേണ്ടിവരുമായിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈശ്വരേച്ഛ അതല്ലായിരുന്നിരിക്കാം. മുസൽമാന്മാരായ പ്രജകളുടെ പ്രീതി സമ്പാദിച്ചാൽ രാജ്യം ബുദ്ധിമുട്ടുകൂടാതെ ഭരിക്കാമെന്നു ഭ്രമിച്ചുവശായിട്ടു് അറങ്ങ്സീബു തൻെറ ഹിന്തുപ്രജകളെ പല വിധത്തിലും ഉപദ്രവിച്ചുതുടങ്ങിയപ്പോൾ രാജ്യത്തിലെല്ലാം വലിയ കലക്കങ്ങളും കുഴപ്പങ്ങളും ഉണ്ടായി. ജനങ്ങളുടെ അസന്തോഷവഹ്നി കത്തിജ്വലിച്ചുതുടങ്ങി. തൽഫലമായി രാജപുതനയിലെ രാജസിംഹൻ, ദുൎഗ്ഗദാസൻ മുതലായ സ്വാതന്ത്ര്യചിത്തന്മാരായ ജനങ്ങൾ രാജപുത്രജാതിക്കാരെ മൊഗളന്മാൎക്കു പരമവിരോധികളാക്കിത്തീൎത്തു. സാമാന്യനായ ഒരു ജെമിന്ദാരുടെ പുത്രനായ ശിവാജി ഉറങ്ങിക്കിടന്നിരുന്ന പ്രജകളുടെ ശക്തിക്കു

ഉണൎച്ച വരുത്തി അവരെ അതി പൌരുഷമുള്ള ഒരു ജാതിയാക്കിത്തീൎത്തു തെക്കൻദിക്കിൽ ഒരു പുതിയ രാജ്യത്തെ പ്രതിഷ്ഠിച്ചു. ശിഖഗുരുവായ ഗോവിന്ദസിംഹൻ ശിഖന്മാരുടെ ഹൃദയത്തിൽ പ്രതിക്രിയയാകുന്ന തീ ജ്വലിപ്പിച്ച് ഒരു പുതിയ ശിഖരാജ്യം പ്രതിഷ്ഠിക്കാൻ വേണ്ട ശ്രമങ്ങൾ തുടങ്ങി.

ഹീനബലനായ ഗോവിന്ദന്റെ ഈ പരിശ്രമം ദുസ്സാഹസമായിരുന്നു എന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഈ പ്രപഞ്ചത്തിൽ ദുസ്സാഹസം കൂടാതെ മഹത്തായ ഏതൊരു കാൎയ്യമാണു സാധിക്കാൻ കഴിയുന്നതു്? രാജ്യത്തിന്നു സ്ഥായിയായ ശുഭം വരുത്തേണമെങ്കിൽ എല്ലാററിനും മുമ്പിൽ രാജ്യവാസികളെ നിഷ്ഠുരന്മാരായ മൊഗളന്മാരുടെ ആധിപത്യത്തിൽനിന്നു വേറിട്ടുത്തേണ്ടതു പ്രത്യേകം ആവശ്യമാണെന്നു ഗോവിന്ദൻ സ്പഷ്ടമായി മനസ്സിലാക്കിയിരുന്നു. ഈ വിശ്വാസംകൊണ്ടു തന്റെ മനസ്സിലെ തീവ്രവേദന സകല രാജ്യക്കാരുടേയും തീവ്രവേദനയുടെ അത്യുഗ്രമായ മാറെറാലിയാണെന്ന് അദ്ദേഹത്തിന്നു അനുഭവമായി. ഇതുകൊണ്ടുതന്നേ ഒടുവിൽ അദ്ദേഹം തന്റെ സ്വന്തം വൈരബുദ്ധിയെ വളൎത്തു അതിനെ സകലരാജ്യവാസികളുടേയും വൈരബുദ്ധിയാക്കിത്തീൎത്തു് അദ്ദേഹം തന്റെ അനുചരന്മാരോടു പ്രത്യേകം പറഞ്ഞിരുന്നു. 'തുക്കികളെ വിശ്വസിക്കരുതു്. അവർ മാരനെപ്പോലെ പല രൂപങ്ങളും ധരിച്ചു ജനങ്ങളുടെ മനസ്സിനെ ഏളക്കിത്തീക്കുന്നു. നേരായ മാൎഗ്ഗത്തിൽനിന്നു് അവർ വഴിതെററിക്കുന്നു. എപ്പോഴും അവരെ ദൂരെനി

MUL 091657

ത്തി അവരുമായുള്ള സമ്പൎക്കം ഒഴിക്കണം. മനുഷ്യന്റെ ഉള്ളിലുള്ള നൈതികശക്തിയെ ഉണൎത്തുന്നതിന്നു വേണ്ടി അദ്ദേഹം ശിഖന്മാരുടെ മനസ്സിന്നു് ഒരു ഉന്മാദത്തെ ഉണ്ടാക്കിത്തീൎത്തു. ഈ ഉന്മാദശക്തികൊണ്ടാണു മദ്ധ്യയുഗത്തിൽ കഠിനോപദ്രവങ്ങൾ നേരിട്ടിട്ടുംകൂടി ശിഖന്മാൎക്കു സ്വധൎമ്മത്തിലുള്ള വിശ്വാസം ഹാനിവരാതെ നിലനിൎത്താനും ലോകത്തിൽ അതുലമായ കീൎത്തി സമ്പാദിപ്പാനും ത്രാണിയുണ്ടായതു്.

ശിഖന്മാരുടെ മനസ്സിനെ യഥോചിതമായ വഴിയിൽകൂടെ നയിപ്പിച്ച ഗോവിന്ദൻ അവരെ ഓരോ ചെറിയ വിഭാഗങ്ങളായി തിരിക്കുകയും ദൃഢവിശ്വാസവും കാൎയ്യസാമൎത്ഥ്യവുമുള്ള ഓരോരുത്തരെ എല്ലാ വിഭാഗങ്ങൾക്കും നേതാക്കന്മാരായി നിശ്ചയിക്കുകയും ചെയ്തു ശിഖന്മാരുടെ യുദ്ധാഭിലാഷത്തിന്നു് ഉണൎച്ചവരുത്തി. അദ്ദേഹത്തിൻെറ സൈനികന്മാരെല്ലാവരും പുതിയവരും കാലാളുകളും ആയിരുന്നു. അവരുടെ കൂട്ടത്തിൽ കുതിരപ്പടയാളികളായ ആരുംതന്നെ ഉണ്ടായിരുന്നില്ല. പഠാണികളായ അഞ്ഞൂറു കുതിരപ്പടയാളികളെ മാസപ്പടിക്കാരായി തൻെറ സൈന്യത്തിൽചേൎത്തു് അദ്ദേഹം കുതിരപ്പടയാളികളുടെ ഇല്ലായ്മ തീൎത്തു. ശതദ്രുവിൻെറയും യമുനയുടെയും നടുവിലുള്ള പൎവ്വതങ്ങളുടെ അടിവാരത്തിൽ അദ്ദേഹം ചില കോട്ടകൾ നിൎമ്മിച്ചു. മുഖവയാല എന്ന ദിക്കിൽ ശിഖന്മാരുടെ ഒരു കോട്ടയുണ്ടായിരുന്നു. ഇതു ഗോവിന്ദൻെറ അച്ഛനായ തേഗബഹാദുരൻെറ കീൎത്തിസ്തംഭമായിരുന്നു. ഇപ്പോഴത്തെ രോപര എന്ന താലൂക്കിൽപെട്ട ചമകൌറ എന്ന ദിക്കിൽ ഗോവിന്ദൻ വേറെ ഒരു കോട്ട നിൎമ്മിച്ചു. ഈ

രണ്ടു കോട്ടകഠം ചെറുതായിരുന്നു എങ്കിലും പൎവ്വതങ്ങളുടെ മുകളിലായിരുന്നതുകൊണ്ട് അവയെ ആക്രമിച്ചു പിടിക്കാൻ ഞെരുക്കമായിരുന്നു.

ഈ രണ്ടു കോട്ടകളുടെ പ്രഭാവംകൊണ്ടും ശിഖസൈന്യങ്ങളുടെ സഹായംകൊണ്ടും സമീപവൎത്തികളായ രാജാക്കന്മാരുടെ തോന്നിവാസത്തെ നിൎത്താൻ ഗോവിന്ദനു സാധിച്ചു. അൎദ്ധസ്വാതന്ത്ര്യമുണ്ടായിരുന്ന ചില രാജാക്കന്മാരുമായി അദ്ദേഹം ബന്ധുത്വം സമ്പാദിച്ചു. ചിലപ്പോഠം സ്നേഹംകൊണ്ടും മററു ചിലപ്പോഠം ബലംകൊണ്ടും. അദ്ദേഹം രാജാക്കന്മാരുടെ മേൽ തൻെറ ആധിപത്യം സ്ഥാപിച്ച് ഒരു ചെറിയരാജ്യം സ്ഥാപിക്കേണ്ടതിന്നു കഴിയുന്ന പരിശ്രമങ്ങഠം ചെയ്തുവന്നു.

---

## ഒമ്പതാം അദ്ധ്യായം.

---

### ഹൃദയപരിചയം.

മഹാരാജാവായ ശിവാജി ഏതൊരു നീതിയെ അവലംബിച്ചു പ്രബലമായ മഹാരാഷ്ട്രരാജ്യത്തിൻെറ അസ്ഥിവാരമുറപ്പിച്ചുവോ അതുതന്നെ ഒടുക്കം ആ രാജ്യത്തിൻെറ നാശത്തിന്നു മുഖ്യകാരണമായിത്തീൎന്നു. അദ്ദേഹം സ്വന്തനിലയിൽ സന്ന്യാസിയായിരുന്നുവെങ്കിലും കയറിവരുന്ന മാറാഠന്മാരുടെ ഹൃദയത്തിൽനിന്നു പണഭ്രാന്തിനെ ദൂരത്താക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. തൽഫലമായി അദ്ദേഹത്തിൻെറ മരണത്തിന്നുശേഷം അമ്പതുകൊല്ലം ക

ഴിയുന്നതിന്നു മുമ്പുതന്നെ അവർ ചോരവൃത്തിയെ അവലംബിക്കുകയും അതുനിമിത്തം അവക്കു 'ചോരവർഗ്ഗക്കാർ' എന്ന പേരുണ്ടാവുകയും ചെയ്തു. എല്ലാവക്കും മാരാന്മാരുടെ നേരെ ദ്വേഷ്യവും ഭയവുമുണ്ടായിത്തീന്നു. ഇപ്രകാരം പ്രജകളുടെ മനഃപൂർവ്വമായ സഹാനുഭൂതിയെ അവർ ഇല്ലാഴ്ചചെയ്തു.

ധനാശ വളരെ ഭയങ്കരമായിട്ടുള്ളതാണെന്നും അതു സകല പാപത്തിന്റെയും മൂലവേരാണെന്നും അതു ക്രമത്തിൽ വദ്ധിച്ച മനുഷ്യന്റെ മഹത്തായ സകല ഗുണങ്ങളേയും മൂടിക്കളയുന്നതാണെന്നും ധനാശയിൽനിന്നു മനുഷ്യന്റെ മനസ്സിനെ ദൂരെ നിൎത്തേണ്ടതു് അത്യാവശ്യമാണെന്നും ഏതൊരുത്തൻ മഹത്തായ ഒരു കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി ശ്രമിക്കുന്നുവോ അവൻ സൎവ്വപ്രകാരത്തിലും പരിശുദ്ധനും നിസ്പൃഹനും ആയിരിക്കേണമെന്നും അല്ലാത്തപക്ഷം അവൻ ലക്ഷ്യഭ്രഷ്ടനായി ഭവിക്കുന്നതാണെന്നും ഗോവിന്ദസിംഹൻ തന്റെ ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു. അതിനാൽ ഗോവിന്ദൻ വീണ്ടുംവീണ്ടും ധനാശയെ നിന്ദിക്കയും നിഷ്കാമത്തെ വൎണ്ണിക്കുകയും ചെയ്തുകൊണ്ടിരുന്നു. സമ്പാദിച്ച പണം മുതൽക്കൂട്ടി വെക്കാതെ ദരിദ്രന്മാക്കു പങ്കിട്ടു കൊടുക്കേണ്ടതിന്നു വേണ്ടിയും ഗുരുസേവക്കു ഉപയോഗപ്പെടുത്തുന്നതിന്നു വേണ്ടിയും അല്ലെങ്കിൽ അതിഥികളേയും വഴിപോക്കരേയും സല്ക്കരിക്കുന്നതിന്നു വേണ്ടിയും ഉപയോഗിക്കേണ്ടതാണെന്നു ഗുരു പലവുരുവും ശിഖന്മാരെ ഉപദേശിച്ചിരുന്നു. ഗുരുഭക്തന്മാരായ ശിഖന്മാർ ഗുരുവാക്യത്തെ നിസ്സങ്കോചമായി സ്വീകരിക്കുകയും ഗുരൂപദേശപ്രകാരം നടക്കാൻ പ്രത്യേകം യത്നിക്കുകയും

ചെയ്തു. പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ മൊഗളചക്രവൎത്തികളുടെ കഠിനദ്രോഹം നിമിത്തം ശിഖന്മാർ കാട്ടിൽ പോയി താമസിച്ചു വന്നിരുന്ന കാലത്തു തങ്ങളുടെ ഉദരപൂരണത്തിന്നുവേണ്ടി അവൎക്കു കുറച്ചു കാലം ചോരവൃത്തി ആശ്രയിക്കേണ്ടി വന്നു. എന്നാൽ ഈ ചോരവൃത്തി അവരുടെ ജാതിയടക്കം ഉള്ള ഒരു സ്വഭാവമായിരുന്നില്ല. മറിച്ച് ആ സമയത്തിൽകൂടി ശേഷിച്ചിരുന്ന ധനത്തെ അവർ ഈശ്വരവിഷയമായി ചിലവു ചെയ്തു.

കേവലം ഉപദേശം കൊണ്ടു മാത്രം ഗോവിന്ദൻ തൃപ്തിപ്പെട്ടിരുന്നില്ല. തൻെറ ഉപദേശങ്ങൾ ശിഷ്യന്മാരുടെ ഹൃദയത്തിൽ കൊത്തിയ വിധത്തിൽ നില നിൎത്താൻ വേണ്ടി അദ്ദേഹം താൻ തന്നെ തൻെറ ഉപദേശമനുസരിച്ചു കാൎയ്യങ്ങൾ നടത്തി വന്നു. വിലാസപദാൎത്ഥങ്ങളെ അദ്ദേഹം കൈകൊണ്ടു തൊട്ടിരുന്നില്ല. ശിഖന്മാരിലാരെങ്കിലും തെററിദ്ധാരണകൊണ്ട് എന്തെങ്കിലും ഒരു വിലാസപദാൎത്ഥം അദ്ദേഹത്തിന്നു കൊടുത്താൽ അദ്ദേഹം അതിനെ സ്വീകരിക്കാതിരുന്നില്ല. എന്നാൽ താമസിയാതെ അദ്ദേഹം അതിനെ നശിപ്പിച്ചു കളഞ്ഞിരുന്നു. ഇതുകൊണ്ടു ശിഷ്യൻെറ മനസ്സിൽ വലിയ ക്ഷോഭമൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല തൻെറ തെററിനെ കുറിച്ച് അവന്നു ലജ്ജയുണ്ടാകയും ചെയ്തു.

ഒരിക്കൽ ഒരു ശിഖൻ സിന്ധുദേശത്തിൽനിന്നു മനോഹരമായ ഒരു ജോടി വള കൊണ്ടുവന്നു ശ്രീഗുരുവിന്നു കാഴ്ചയായി വെക്കുകയും അവ ഉപയോഗിക്കേണ്ട മാതിരി ഇന്ന വിധത്തിലാണെന്നു വളരെ വിനയത്തോടും ഔത്സു

കൃതജ്ഞതയോടുംകൂടി ഗുരുവിനെ അറിയിക്കുകയും ചെയ്തു. വളകളുടെ വില അമ്പതിനായിരം ഉറുപ്പികയായിരുന്നു. ശിഷ്യന്റെ പ്രീതിക്കുവേണ്ടി പുഞ്ചിരിയോടുകൂടി ഗുരു അവയെ സ്വീകരിച്ചു തന്റെ ദേഹത്തിൽ ധരിച്ചപ്പോൾ ശിഷ്യന്നു പരമ സന്തോഷം ഉണ്ടായി. പിന്നെ ഗുരു പുഴയിലേക്കു പോയി ചിരിച്ചുംകൊണ്ടു ഒരു വള വെള്ളത്ത് എറിഞ്ഞു. തിരിച്ചു വന്നപ്പോൾ ശിഷ്യൻ ആ വള കാണാതെ അതിനെപ്പററി ഉത്സുകനായിട്ടു ചോദിച്ചപ്പോൾ അതു വെള്ളത്തിൽ വീണുപോയി എന്നു ഗുരു പറഞ്ഞു. അപ്പോൾ അതിനെ തിരഞ്ഞെടുക്കേണ്ടതിന്നായി ശിഷ്യൻ നല്ല സമ്മാനം കൊടുക്കാമെന്നു ഏർപ്പാടു ചെയ്തു മുങ്ങിത്തപ്പി എടുക്കുന്നതിൽ മിടുക്കനായ ഒരുവനെ വരുത്തി. വള വീണുപോയ സ്ഥലം കാണിച്ചുകൊടുത്താൽ അതു എടുത്തുകൊണ്ടുവരാമെന്നു അവൻ പറഞ്ഞു. അപ്പോൾ ആ സ്ഥലം കാണിച്ചുകൊടുത്താൽ കൊള്ളാമെന്നു ശിഷ്യൻ ഗുരുവിനോടു വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോൾ ഗുരു പുഴക്കൽ പോയി മറേറ വള വെള്ളത്തിലെറിഞ്ഞ് അതു വീണ ദിക്കിലാണ് ആദ്യത്തെ വള പോയത് എന്നു പറഞ്ഞു. ഗുരുവിന്റെ ഈ പ്രവൃത്തികണ്ടു ശിഷ്യൻ ആശ്ചര്യപ്പെടുകയും ഗുരുവിന്റെ ഇംഗിതം അറിഞ്ഞു വള തിരഞ്ഞെടുപ്പിക്കാനുള്ള ആശയെ കൈവിടുകയും ചെയ്തു.

പിന്നെ ഒരിക്കൽ ഒരു ശിഖൻ തെക്കൻ ദിക്കിൽനിന്നു ഒരു വാളും ഓാനയും വേട്ടയ്ക്കുള്ള ചില വെളുത്ത പക്ഷികളും സ്വർണ്ണംകൊണ്ടു പണിചെയ്തു വിശേഷപ്പെട്ട ഒരു കൂടാരവും ഒരു അറബിക്കുതിരയും കൊണ്ടുവന്നു ഗുരുവിന്നു

കാഴ്ചവെച്ചു. ഇതു വിലപിടിച്ച കാഴ്ചദ്രവ്യങ്ങളുടെ കഥ നാലു ദിക്കിലും ഘോഷിക്കപ്പെട്ടു. ഗോവിന്ദന്റെ സ്നേഹിതന്മാരും പർവ്വതപ്രദേശങ്ങളിൽ വാഴുന്നവരുമായ രാജാക്കന്മാർ ഈ കാഴ്ചദ്രവ്യങ്ങൾ കാണാൻവേണ്ടി ആനന്ദപുരത്തിൽ * വന്നെത്തി. ഗോവിന്ദൻ വളരെ ആദരവോടുകൂടി അതിഥികളെ സല്ക്കരിച്ചു. പരക്കെയുള്ള മഹാജനങ്ങൾക്കു ഈ കാഴ്ചദ്രവ്യങ്ങൾ കാണിച്ചുകൊടുക്കാൻവേണ്ടി ഗുരു താമസിയാതെ ആഘോഷമായ ഒരു കൂടിക്കാഴ്ച നടത്തി. വളരെ വിലപിടിച്ചതും വിശേഷപ്പെട്ട ചിത്രപ്പണികളോടുകൂടിയതും ആയ ആ കൂടാരം നിവത്തികെട്ടി അതിൽ പശുക്കളെ നല്ലവണ്ണം അലങ്കരിപ്പിച്ചു മുളപ്പിച്ചു. ഈ സകല ദ്രവ്യങ്ങളും കണ്ടിട്ടു രാജാക്കന്മാക്കു അതിയായ ആഗ്രഹം ജനിക്കുകയും വല്ല വിധത്തിലും അവയെ കയ്ക്കലാക്കിയാൽ കൊള്ളാമെന്നു അവക്കു ആശ ജനിക്കുകയും ചെയ്തു. ആനയും കൂടാരവും കിട്ടേണമെന്നു കഹലൂ രാജാവായ ഭീമചന്ദ്രനും; കുതിര, വാളു, പക്ഷികൾ ഇവ കയ്ക്കലാക്കണമെന്നു ഹിണ്ഡൂർരാജാവായ ഹരിചന്ദ്രനും മോഹമുണ്ടായി. അതിയായ മോഹം തടുക്കാൻ കഴിയാതെ ഹരിചന്ദ്രൻ ആ വാളെടുത്തു തന്റെ വാളുറയിൽ ഇടാൻ ഭാവിച്ചപ്പോൾ അവരുടെ ദുഷ്ടാഭിപ്രായം അറിഞ്ഞു ഗോവിന്ദനു മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു. 'ശിഷ്യന്മാർ എനിക്കുവേണ്ടി ഈ ദ്രവ്യങ്ങളെ വളരെ ദൂരദിക്കുകളിൽനിന്നു കൊണ്ടുവന്നിട്ടുള്ളതാണ്. ഞാൻ ഇവയെ ഉപയോഗിച്ചുകാണേ

* അനന്ദപുരം മുഖവയാല എന്ന പ്രദേശത്തിന്നടുത്തുള്ളതോ അല്ലെങ്കിൽ അ പ്രദേശത്തിൽ പെട്ടതോ ആയ ഒരു നഗരമായിരുന്നു.

ണമെന്ന് അവർ എന്നോടു നിർബന്ധപൂർവ്വം അപേക്ഷി ക്കുന്നു. അവരുടെ പ്രീതിക്കുവേണ്ടി! ഒരിക്കൽ ഉപയോ ഗിക്കാനായി ഇവയെ എനിക്കു തന്നാലും. ഒരിക്കലെങ്കി ലും ഞാൻ ഇവയെ ഉപയോഗിച്ചു എന്നറിഞ്ഞാൽ എൻെറ ശിഷ്യന്മാക്കു വളരെ പ്രീതിയുണ്ടാവും. അതിന്നുശേഷം ഇവയിൽ ആഗ്രഹമുണ്ടെങ്കിൽ അവയെ കൊണ്ടുപോ വാൻ നിങ്ങൾക്ക് എളുപ്പത്തിൽ കഴിയുമല്ലൊ. അതിന്നു മുമ്പിൽ എനിക്ക് ഇവയെ ഒരിയ്ക്കൽ ഉപയോഗിച്ചു ക ഴിയൂ.

ഗോവിന്ദൻ ഇങ്ങിനെ പറഞ്ഞുവെങ്കിലും തൻെറ വാക്കുകൾ രാജാക്കന്മാക്ക് ഒട്ടും രസിക്കില്ലെന്നും വേണ്ടി വന്നാൽ ചോര വീഴ്ത്തീട്ടുകൂടി അവർ കാഴ്ചദ്രവ്യങ്ങളെ അ പഹരിച്ചു കൊണ്ടുപോകാൻ ഒരുങ്ങുമെന്നും അദ്ദേഹം ന ല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് ആ വക ദുഘടങ്ങൾ നേരിടാതിരിക്കാൻ വേണ്ടി അദ്ദേഹം അവരെ സന്തോഷിപ്പിക്കാൻ കഴിയുന്ന യത്നങ്ങൾ ചെയ്തു. എ ന്നാൽ ലോഭാൽ ക്രോധഃ ക്രോധാൽ സഞ്ജായതേ മോഹഃ (അത്യാഗ്രഹത്തിൽനിന്നു ദ്വേഷ്യവും, ദ്വേഷ്യത്തിൽനിന്നു കത്തവ്യമൂഢതയും ഉണ്ടാകുന്നു) എന്ന് ഒരു കവി പറഞ്ഞിട്ടു ണ്ട്. ആഗ്രഹിച്ച വസ്തു കിട്ടുന്നതിന്നു വല്ല പ്രതിബന്ധ വും നേരിടുമ്പോൾ ദുർബലഹൃദയത്തിൽ കോപം ജ്വലി ക്കുകയും കോപവശനായ മനുഷ്യന് എന്തു സാഹസവും ചെയ്യാൻ മടിയില്ലാതാവുകയും ചെയ്യുന്നു. ലോഭപരവ ശന്മാരായ രാജാക്കന്മാക്കും ഗോവിന്ദൻെറ വാക്കുകൾ കേ ട്ടു കോപം ജ്വലിക്കുകയും പലപ്രകാരത്തിലും അവർ അദ്ദേഹത്തെ അവമാനിക്കാനും ശകാരിക്കാനും തു

ടങ്ങുകയും ചെയ്യും. അതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഗോവിന്ദന്റെയും ശിഖസമാജത്തിന്റെയും ഉന്മൂലനാശം വരുത്തിക്കളെയുമെന്ന് അവർ ഭീഷണിപ്പെടുത്തുകയും ചെയ്യും. ഈ മാതിരി കരാറ പറയുന്നതുകൊണ്ടു ഗോവിന്ദൻ അവരെ അവമാനിക്കുകയാണു ചെയ്യുന്നതെന്നും അവർ ഗോവിന്ദന്റെ ദാസന്മാരല്ലെന്നു ഗോവിന്ദനു നല്ല ഓർമ്മ വേണമെന്നും മററും അവർ ഗോവിന്ദനെ അധിക്ഷേപിച്ചു.

രാജാക്കന്മാരുടെ ഈ മാതിരി ശകാരങ്ങൾ കേട്ടു കേട്ടു ശിഖന്മാക്കു സഹിക്കാൻ പാടില്ലാതായി. വളരെ നേരം അവർ ക്ഷമിച്ചു മൌനമായിരുന്നു. എങ്കിലും ഒടുവിൽ അവരുടെ ക്ഷമ ദൂരെ പോയി. ആയുധങ്ങൾ കയ്യിലെടുത്തു 'ഗുരു ജയിക്കട്ടെ എന്നിങ്ങിനെ അവർ എല്ലാവരും ഘോഷം കൂട്ടി. ഈ ഘോഷശബ്ദം കേട്ടപ്പോൾ രാജാക്കന്മാർ ഭയംകൊണ്ടു വിറച്ചുപോയി. തങ്ങൾ തീരെ ഗോവിന്ദന്റെ അധീനത്തിലാണെന്നു രാജാക്കന്മാക്കു് അപ്പോൾ ഓർമ്മയുണ്ടായി. തങ്ങളുടെ ഒന്നിച്ചു് അധികം സൈന്യം കൊണ്ടുവരാത്തതിനെ ഓത്തു് അവരുടെ മനസ്സു വല്ലാതെ ഇടിഞ്ഞുപോയി. ഗോവിന്ദൻ അവരുടെ ഭാവഭേദത്തെ കണ്ടു. കൈകൊണ്ടു് ആംഗ്യം കാട്ടി ഗോവിൻ ഉന്മത്തന്മാരായ ശിഖന്മാരെ ശാന്തന്മാരാക്കിയതിന്നുശേഷം തൽക്ഷണം തന്നെ ഗോവിന്ദൻ രാജാക്കന്മാരെ അവിടെനിന്നു വേറെ ഒരു ദിക്കിലേക്കു കൂട്ടിക്കൊണ്ടു പോയി. പിറെറ ദിവസം അവർ അവമാനംകൊണ്ടുള്ള മനക്ഷോഭത്തോടുകൂടി സ്വന്തം രാജ്യങ്ങളിലേക്കു പുറപ്പെട്ടുപോയി.

ഗുരുവിന്റെ നേരെയുള്ള അവമാനം സഹിച്ചു കൂടാ

തെ ശിഖന്മാർ ക്രോധാന്ധന്മാരാവുകയും രാജാക്കന്മാരെ പലവിധത്തിലും അധിക്ഷേപിക്കുകയും ചെയ്തു. അതിഥിവത്സലനായ ഗോവിന്ദന്നു ശിഖന്മാരുടെ ഈ നടവടി ഒട്ടും പ്രീതിയുണ്ടായില്ല. എല്ലാ ഹിന്ദുകുഡുംബങ്ങളിലും അതിഥി സവ്വഥാ ആദരണീയനാണു്. ആ അതിഥി ഭ്രമവശാലോ ലോഭവശാലോ വല്ല അന്യായപ്രവൃത്തി ചെയ്യാൻ ഒരുമ്പെട്ടാൽ സദുപദേശംകൊണ്ടും നല്ല നടവടികൊണ്ടും അവനെ ആ കൃത്യത്തിൽനിന്നു പിൻവലിപ്പിക്കേണ്ടതാണു്. അങ്ങിനെ ചെയ്യാതെ കോപത്തിന്നധീനനായിട്ടു് അവനെ അധിക്ഷേപിക്കുന്നതു പാപമാണു്. അതുകൊണ്ടു ഗോവിന്ദൻ ശിഖന്മാരെ നിന്ദാവ്യാജേന ഇപ്രകാരം ഉപദേശിച്ചു:—എന്റെ മാനം ദീക്ഷിക്കാനുള്ള നിങ്ങളുടെ ബലമായ ആഗ്രഹം പ്രംശസനീയമാണെന്നുള്ളതിന്നു സംശയമില്ല. എങ്കിലും രാജാക്കന്മാരെപ്പററി നിങ്ങൾ ചെയ്ത അധിക്ഷേപങ്ങളെല്ലാം വളരെ അന്യായമായിപ്പോയി. അതൊക്കെ എന്റെ അഭിപ്രായത്തിന്നും അഭിലാഷത്തിന്നും തീരെ വിരോധവുമാണു്. ശിഖന്മാർ പ്രിയവാദികളായിരിക്കേണമെന്നും മേലിൽ നിങ്ങളാരും ഈ മാതിരി അന്യായം പ്രവത്തിച്ചുപോകരുതെന്നും ഞാൻ നിങ്ങളോടു വീണ്ടും പറയുന്നു. ഗുരുവാക്കുകൾ കേട്ടു ശിഖന്മാർ ലജ്ജകൊണ്ടു തലതാഴ്ത്തിനിന്നു.

32D.
91657
Q8441:6212wK66
32F9

## പത്താം അദ്ധ്യായം

---

### ഭിംഗാലീയുദ്ധം

തന്റെ രാജ്യത്തിൽ മടങ്ങി എത്തിയ ഉടനെ കഹലൂര രാജാവായ ഭീമചാന്ദൻ ശിഖന്മാരെ തോല്പിക്കുന്നതിനുവേണ്ടി സൈന്യം ശേഖരിച്ചു തുടങ്ങി. ഗോവിന്ദന്റെ അഭിവൃദ്ധിയിൽ അസൂയയുണ്ടായിരുന്ന മററു ചില പാർശ്വരാജാക്കന്മാരും അദ്ദേഹത്തിനെ സഹായിച്ചു. ഇവരുടെ യുദ്ധശ്രമത്തെപററി തക്കസമയത്ത് അറിവു കിട്ടിയ ഗോവിന്ദൻ യുദ്ധത്തിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ സൈനികന്മാരിൽ മിക്കവരും പുതിയവരായിരുന്നതുകൊണ്ടു മററചില രാജാക്കന്മാരുമായി സഖ്യം ചെയ്യാൽ കൊള്ളാമെന്നു ഗോവിന്ദനു് ആഗ്രഹം ഉണ്ടായി. ഈ സമയത്തു നാഹനരാജാവായ മേദിനീപ്രകാശനും ഹിണ്ഡൂരരാജാവായ ഹരിചാന്ദനും തമ്മിൽ കുറെ വിരോധമായിരുന്നു. യുദ്ധം വേഗത്തിൽ ഉണ്ടാവുമെന്നു കരുതി പ്രകാശൻ ഗോവിന്ദന്റെ സഹായത്തെ ആവശ്യപ്പെട്ടു. ഹിണ്ഡൂരരാജാവു തന്റെയും ശത്രുവായിരുന്നതുകൊണ്ടു് ഈ അവസരത്തെ വെറുതെ കളയാതെ ഗോവിന്ദൻ മേദിനീപ്രകാശനുമായി സന്ധി ചെയ്തു തന്റെ രാജധാനിയായ ആനന്ദപുരത്തെ ഉപേക്ഷിച്ചു നാഹനരാജ്യത്തിൽപെട്ട പാവടാ എന്നു പേരായ ഒരു ഗ്രാമത്തിൽ സ്ഥിരമായി താമസം തുടങ്ങുകയും അവിടെ ഒരു കോട്ടകെട്ടി യുദ്ധത്തെ കാത്തുകൊണ്ടിരിക്കുകയും ചെയ്തു

ഈ സമയത്തിൽ ഗോവിന്ദന്റെ ബന്ധുവും ശ്രീനഗരരാജാവുമായ ഫതഹസാഹയുടെ മകളെ ഭീമചാന്ദന്റെ മകന്നു വിവാഹം ചെയ്യാൻ നിശ്ചയിച്ചിരുന്നതുകൊണ്ടു യുദ്ധം കുറച്ചുകാലത്തേയ്ക്കു നീങ്ങിപ്പോയി. വിവാഹത്തിന്നുമുമ്പായി കുടിലശീലനായ ഭീമചാന്ദൻ ആനയെ വീണ്ടും തനിക്കു കിട്ടിയാൽ വേണ്ടില്ലെന്നു അപേക്ഷിക്കാനായി ഗോവിന്ദന്റെ അടുക്കൽ ഒരു ദൂതനെ പറഞ്ഞയച്ചു. ഇത്തവണ ഗോവിന്ദനെ വശീകരിക്കാൻ പല വിദ്യകളും പ്രയോഗിച്ചുനോക്കി. എന്നാൽ ഗോവിന്ദൻ ആരുടെ പിരട്ടിലും അത്ര എളുപ്പത്തിൽ അകപ്പെടുന്നവനായിരുന്നില്ല. അദ്ദേഹം ഭീമചാന്ദന്റെ കൂടതന്ത്രത്തെ നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ടു ദൂതനെ അകററിക്കളഞ്ഞു. ഭീമചാന്ദന് ഈ അപമാനം സഹിക്കവയ്യാതായിത്തീൎന്നു. എന്നാൽ വിവാഹത്തിന്നു പ്രതിബന്ധം നേരിട്ടെങ്കിലോ എന്നു വിചാരിച്ച് അദ്ദേഹം പെട്ടെന്നു യുദ്ധത്തിന്നൊരുങ്ങിയില്ല.

കഹലൂരിൽനിന്നു ശ്രീനഗരത്തിലേയ്ക്കു പോകാൻ രണ്ടു വഴികളുണ്ട്. ശ്രീനഗരത്തിലേയ്ക്കു എളുപ്പത്തിൽ എത്താനുള്ള വഴിയരികെയാണു പാവടാ എന്ന പ്രദേശം സ്ഥിതിചെയ്യുന്നതു്. ഭീമചാന്ദൻ ഗോവിന്ദനെ വളരെ ഉപദ്രവിച്ചിരുന്നു എങ്കിലും ഗോവിന്ദന്റെ സ്വാഭാവികമായ ഔദാൎയ്യത്തെപ്പററി ഭീമചാന്ദന് അണുമാത്രവും സന്ദേഹം ഉണ്ടായിരുന്നില്ല. അതിനാൽ ലേശം കൂസൽകൂടാതെ അദ്ദേഹം മകനെ എളുപ്പവഴിക്കയച്ചു താൻ മറേറ വഴിയിൽക്കൂടെ ശ്രീനഗരത്തിലേയ്ക്കു പോയി. രാജകുമാരൻ പാവടാ പ്രദേശത്തിന്നടുത്തെത്തിയപ്പോൾ ഗോവിന്ദൻ

ചിരിച്ചുംകൊണ്ടു് ഇങ്ങിനെ പറഞ്ഞു. 'കുമാരാ! ഞാൻ ഇപ്പോൾ നിങ്ങളെ തടവിലാക്കിയാൽ നിങ്ങളുടെ അച്ഛൻ എന്തുചെയ്യും?' ഗുരു ഇങ്ങിനെ പറഞ്ഞു എങ്കിലും രാജകുമാരന്റെ വഴി മുടക്കിയില്ല. എന്നുമാത്രമല്ല വിവാഹത്തിന്നു ലക്ഷം ഉറപ്പികയിലധികം വിലപിടിച്ച സമ്മാനദ്രവ്യങ്ങൾ തന്റെ ദിവാൻജി മുഖാന്തരം ശ്രീനഗരത്തിൽ എത്തിച്ചുകൊടുത്തു. വിവാഹം മുറപ്പു നടന്നു. എന്നാൽ വിവാഹം കഴിയുന്നതുവരെ ഗോവിന്ദൻ അയച്ചുകൊടുത്ത സമ്മാനദ്രവ്യങ്ങളെപ്പററി ഭീമചാന്ദൻ അറിഞ്ഞതേയില്ല. ഗോവിന്ദൻ സമ്മാനങ്ങളയച്ച വിവരം അറിഞ്ഞപ്പോൾ ഭീമചാന്ദന്റെ സർവ്വാംഗം ക്രോധംകൊണ്ടു ജ്വലിച്ചു് അദ്ദേഹം പറഞ്ഞു. 'ഫതഹസാഹയുടെ നേരെ ഗോവിന്ദനു് ഒരു പ്രത്യേകതാല്പര്യമുള്ളതായി ഞാൻ കാണുന്നുണ്ടു്. ഈ സ്ഥിതിക്കു ഞാൻ ഫതഹസാഹയുമായി കൂടിക്കഴിയാൻ വിചാരിക്കുന്നില്ല.' ഈ കഥ കേട്ടപ്പോൾ ഫതഹസാഹ വിഷണ്ണനായിത്തീൎന്നു. ഒടുക്കം ഭീമചാന്ദന്റെ കോപം ശമിപ്പിക്കാൻവേണ്ടി ഗോവിന്ദനുമായുള്ള കൂട്ടുകെട്ടു് ഇല്ലായ്മചെയ്തു ഫതഹസാഹയ്ക്കു വിവാഹകൃത്യം നടത്തേണ്ടതായിവന്നു.

വിവാഹം കഴിഞ്ഞു കഴിഞ്ഞില്ല എന്നായപ്പോഴയ്ക്കു കഹോജപതിയായ കൃപാലചന്ദ്രൻ, ജസ്സോബാലരാജാവായ കേസരിചന്ദ്രൻ, ജസരുറരാജാവായ സുഖദയാലൻ, ഹിണ്ഡൂറപതിയായ ഹരിചാന്ദൻ, ഡഡ്വാലരാജാവായ പൃഥ്വീചന്ദ്രൻ, ശ്രീനഗരരാജാവു് ഇവരോടുകൂടി ഭീമചാന്ദൻ വീരവിക്രമത്തോടുകൂടി ഗോവിന്ദന്റെ നേരെ യുദ്ധത്തിന്നു പുറപ്പെട്ടു. ഗോവിന്ദൻ ഈ വിവരം കേട്ടമാത്ര

യിൽ രണ്ടായിരം ഭടന്മാരോടുകൂടി അവരുടെ നേരെ ചെന്നു. ക്രി. അ. 1685-ാമാണ്ടിൽ യമുനാ, ഗരി എന്നി രണ്ടു നദികളുടെ മദ്ധ്യത്തിലുള്ള ഭിംഗാലീ എന്ന സ്ഥലത്തു് ഇരുകക്ഷികളും നേരിട്ടു. ആദ്യം ഇരുഭാഗക്കാരും അസ്ത്രപ്രയോഗം തുടങ്ങി. ക്രമത്തിൽ യുദ്ധം ഭയങ്കരമായിത്തീൎന്നു. രണ്ടു സൈന്യങ്ങളുടേയും ഉത്സാഹശബ്ദംകൊണ്ടു പോക്കളം മുഴങ്ങി. പകൽ മുഴുവനും യുദ്ധം ചെയ്തിട്ടും ഇരുകക്ഷികൾക്കും തോൽമയുണ്ടായില്ല. രാത്രിയായപ്പോൾ ഇരുകക്ഷികളും ക്ഷീണിച്ചവരായിട്ടു തങ്ങളുടെ കൈനിലകളിൽ ചെന്നു താമസിച്ചു.

അന്നു് അൎദ്ധരാത്രിയായപ്പോൾ ഗോവിന്ദന്റെ കീഴിലുണ്ടായിരുന്ന അഞ്ഞൂറു നാഗഭടന്മാർ ഭയങ്കരയുദ്ധം പേടിച്ചു ഗോവിന്ദന്റെ കൈനിലവിട്ടു് ആരും കാണാതെ ഓടിപ്പോയി. എന്നാൽ കൃപാലദാസൻ എന്നു പേരായ നാഗൻ ഈ മാതിരി ഭീരുത്വം കാണിച്ചില്ല. അവൻ തന്റെ അഞ്ചു് അനുചരന്മാരോടുകൂടി ഗുരുവിന്റെ മാനം രക്ഷിക്കാൻ ഒരുങ്ങിയവനായിട്ടു് അവിടെത്തന്നെ നിന്നതേയുള്ളു.

പിറേറദിവസം രാവിലെ ഗോവിന്ദന്റെ കൈനിലയിൽ വേറെ ഒരാപത്തുണ്ടായി. ഗോവിന്ദന്റെ കീഴിൽ പഠാണികളായ അഞ്ചു പ്രഭുക്കൾ യുദ്ധം ചെയ്തിരുന്നു. ശിഖസൈന്യത്തിൽ കുതിരപ്പടയാളികളായി അപ്പോൾ ഇവർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവർ യുദ്ധമാത്രംകൊണ്ടു അഹോവൃത്തി കഴിച്ചുവരുന്നവരായിരുന്നു. തുൎക്കികളുടെ വാഴ്ചകാലത്തിന്റെ ആദ്യം മുതൽക്കുതന്നെ മദ്ധ്യ ഏഷ്യയിൽ നിന്നു് ഈ മാതിരി അനേകം പ്രഭുക്കന്മാർ ഇടക്കി

ടെ ഭാരതവൎഷത്തിലേക്കു വന്നു യുദ്ധത്തിൽ ഏൎപ്പെട്ടിരുന്നു. അവരുടെ ഓരോരുത്തരുടേയും കീഴിൽ പേരിനു ചില ഭടന്മാരും ഉണ്ടായിരുന്നു. ഈ ഭടന്മാരോടുകൂടി അവർ ചിലപ്പോൾ ഈ പക്ഷത്തിലും ചിലപ്പോൾ ആ പക്ഷത്തിലും ചേൎന്നു തങ്ങളുടെ സ്വാൎത്ഥം നേടിയിരുന്നു. ഗോവിന്ദൻെറ കീഴിലുള്ള അഞ്ചു പ്രഭുക്കന്മാർ മുമ്പു മൊഗളസൎക്കാരിലെ സൈന്യത്തിൽ ചേൎന്നു യുദ്ധം നടത്തിയവരായിരുന്നു. ഒടുവിൽ എന്തോ കാരണവശാൽ അവരുടെ നേരെ ചക്രവൎത്തിക്കു അപ്രീതി തോന്നുകയാൽ അവരെ അദ്ദേഹം പിരിച്ചയച്ചു. അതിനുശേഷം യാതൊരു രാജാക്കന്മാരും അവരെ സൈന്യത്തിൽ ചേൎത്തുപോകരുതെന്നു സൎക്കാരിൽനിന്നു നിബന്ധനയും ചെയ്തു. ഗത്യന്തരമില്ലാതെ അവർ ഗോവിന്ദനെ ശരണം പ്രാപിച്ചു. ബുദ്ധുശാഹപക്കീരിയുടെ ആവശ്യപ്രകാരം ദിവസം ഒരു ഉറുപ്പിക ശമ്പളത്തിന്മേൽ ഗോവിന്ദൻ അവരെ തൻെറ സൈന്യത്തിൽ ചേൎത്തു അവൎക്കു പട്ടിണികൂടാതെ കഴിച്ചു. എന്നാൽ നന്ദികെട്ടവരായ ഈ പഠാണിമാൎക്കു ഇതിൻെറ സ്മരണ അധികകാലം നിന്നില്ല.

ലോഭംകൊണ്ടു അന്ധന്മാരായിട്ടു അവർ സകല ഉപകാരങ്ങളെയും വിസ്മരിച്ചു ശത്രുപക്ഷത്തോടുകൂടിച്ചേരാൻ ഉത്സാഹിച്ചു. ഗോവിന്ദനെ ഇപ്രകാരം പെട്ടെന്നു ഉപേക്ഷിച്ചുപോയാൽ ഗോവിന്ദൻ ദുൎബ്ബലനായിത്തീരുമെന്നും തൽഫലമായിട്ടു ശത്രുപക്ഷക്കാൎക്കു വളരെ ഉപകാരമാവുമെന്നും ഈ സ്ഥിതിയിൽ ശത്രുപക്ഷത്തിൽനിന്നു സമ്മാനങ്ങളും കോട്ട കവൎച്ചചെയ്താൽ അതിലൊരുഭാഗവും കിട്ടുമെന്നുള്ള ആശകൊണ്ടു മോഹിതന്മാരായി അവർ ഗുരു

വിനെ ഉപേക്ഷിച്ചു. അവരുടെ ഈ വിധത്തിലുള്ള അവിചാരിതമായ നടവടി കണ്ടു ഗോവിന്ദൻ അമ്പരന്നുപോയി. എന്നാൽ കേവലം പണത്തിന്നു വേണ്ടി ആർ യുദ്ധജാലി നടത്തുന്നുവോ പണപിശാചു പിടിച്ച ആ വകക്കാർ ഇപ്രകാരമല്ലാതെ മറെറാരു വിധത്തിൽ പ്രവൎത്തിക്കുമെന്ന് ആശിക്കാൻ വഴിയുണ്ടോ? അവർ യാത്ര പറഞ്ഞപ്പോൾ ഗോവിന്ദൻ പറഞ്ഞു. "നിങ്ങളെ ഞാൻ സഹായിച്ചതു നല്ല സമയത്തല്ല. ഞാൻ പലപ്പോഴും ദയയോടു കൂടി നിങ്ങളുടെ നേരെ അനുവൎത്തിച്ചിരുന്നു. ഇതാണൊ അതിന്നുള്ള സമ്മാനം? നിങ്ങളെക്കൊണ്ട് എനിക്കു തക്കതായ ആവശ്യം വന്നപ്പോൾ അ തക്കംനോക്കി നിങ്ങൾ പോകുന്നുവെല്ലോ."

ദുരാഗ്രഹികളായ പഠാണികൾ കോട്ടവിട്ടു പോയപ്പോൾ മററുള്ള സൈന്യങ്ങൾക്കും ഭയമായി പാൎവ്വത്യരാജാക്കന്മാരുടെ കുതിരപ്പട്ടയാളികളുടെ ഗതിയെ തടയുവാനുള്ള സാമൎത്ഥ്യം അവൎക്കില്ലായിരുന്നു. ഗോവിന്ദൻ സൈന്യങ്ങളുടെ മനോഭാവം മനസ്സിലാക്കി പലവിധത്തിലുള്ള ഉപദേശങ്ങൾകൊണ്ടു നഷ്ടപ്രായമായ അവരുടെ സാഹസത്തിന്നു് ഉണൎച്ചവരുത്തി. പിന്നെ അദ്ദേഹം സൈന്യങ്ങളോടുകൂടിപൊടുന്നനവേ വിശ്വാസഘാതകന്മാരായ ആ പ്രഭുക്കന്മാരെ ആക്രമിച്ച് അവരെ തോല്പിച്ചു. അനേകം പഠാണികൾ പോൎക്കളത്തിൽ വീണുമരിച്ചു. ബാക്കിയുള്ളവർ ഓടിപ്പോയി ശത്രുക്കളുടെ കൈനിലയിൽപോയി അഭയം പ്രാപിച്ചു.

ഈ സംഭവംകൊണ്ടു ശത്രുക്കളുടെ കൈനിലയിൽ ഒരു വലിയ കോലാഹലം ഉണ്ടായി. തങ്ങൾ നിശ്ചയമാ

യും ജയിക്കുമെന്നു സങ്കല്പിച്ച് അവർ പ്രമത്തന്മാരായി ത്തീൎന്നു. ജയഘോഷം കൂട്ടിയും ആൎപ്പു വിളിച്ചുകൊണ്ടും അവർ ഗോവിന്ദന്റെ സൈന്യങ്ങളെ ഊക്കോടു കൂടി ആക്രമിച്ചു. ആ ആക്രമണം തടുക്കത്തക്ക ശക്തി ഗോവിന്ദന്റെ സൈന്യങ്ങൾക്കുണ്ടായില്ല. അവർ പതറിത്തുടങ്ങി; എന്നാൽ ഫകീർ ബുദ്ധൂഷാവി പ്രഭുക്കന്മാരുടെ നടവടിയെപ്പററി കേട്ടപ്പോൾ അധികതാമസം കൂടാതെ അനേകം കുതിരപ്പടയാളികളോടും കാലാൾപ്പടയോടും കൂടി വന്നു ഗുരുപക്ഷത്തിൽ ചേൎന്ന് അതിനെ പ്രബലമാക്കിത്തീൎത്തു. ആ ഘോരയുദ്ധത്തിൽ പല പ്രാവശ്യവും ഗോവിന്ദന്റെ ജീവഹാനി വരത്തക്ക അപകടസ്ഥിതിയിൽ അയാൾ അകപ്പെട്ടിരുന്നു. ഹിണ്ഡൂരപതിയായ ഹരിചാന്ദന്റെ കൂൎത്തു കൊള്ളുന്ന ശരങ്ങളേററ് അയാളുടെ ദേഹമാസകലം മുറിപ്പെട്ടിരുന്നു. ഗോവിന്ദനും ഒരു സാമാന്യവില്ലാളിയല്ലായിരുന്നു. അയാളും ഹരിചാന്ദന്റെ നേരെ ശരവൎഷം ചെയ്തുതുടങ്ങി. ഗോവിന്ദന്റെ ശരങ്ങളേററ് ആ വീരൻ പോൎക്കളത്തിൽ വീണുമരിച്ചു. പിന്നെ ഗോവിന്ദൻ കുറേക്കൂടി വിക്രമത്തോടു കൂടി കേസരിചന്ദ്രന്റെയും സുഖദേവചന്ദ്രന്റെയും സൈന്യങ്ങളോടെതിൎത്തു. അയാളുടെ ആ ആക്രമണത്തിന്റെ ഊക്കിനെ തടുക്കാൻ കഴിയാതെ അവൎക്കു പിന്മാറേണ്ടിവന്നു. ഗുരുവിന്റെ അസ്ത്രങ്ങളേററ് അവർ ഇരുവരും വല്ലാത്ത വിഷമത്തിലായി. ഇതിനിടയിൽ ഗോവിന്ദന്റെ പക്ഷക്കാരായ ലാലചന്ദ്രൻ, നന്ദലാലൻ, മോഹാന്തകൃപാലദാസൻ, സാഹിബചന്ദ്രൻ, കൃപാലചന്ദ്രൻ, ദിവാൻ നന്ദചാന്ദൻ, മാഹിരിചന്ദ്രൻ, ഭായിസന്ത, ഭായിജയതമല്ലൻ, ഗു

ലാഖരായൻ, ഗംഗാരാമൻ, ദയാരാമൻ, ജീവനസിംഹൻ മുതലായ ശിഖസേനാധിപന്മാരുടെ ആക്രമണം കൊണ്ടു ശത്രുപക്ഷത്തിലെ പ്രധാനപ്പെട്ട വീരന്മാരിൽ മിക്കവരും പോൎക്കളത്തിൽ വീണപ്പോൾ ഫതഹശാഹ പോൎക്കളം വിട്ടു വേഗത്തിൽ ഓടിപ്പോയി. അപ്പോൾ പഠിച്ച വിദ്യയെല്ലാം നോക്കീട്ടും ഭീമചാന്ദനു പാൎവ്വത്യസൈന്യങ്ങളെ കൂട്ടിപ്പിടിച്ചു നിൎത്താൻ കഴിഞ്ഞില്ല. താമസിക്കാതെ ആ സൈന്യങ്ങൾ ചിന്നിച്ചിതറിപ്പോയി. പ്രാണഭയംകൊണ്ടു കണ്ട വഴിയിൽ കൂടി അവർ ഓടിപ്പോയി. ഒടുവിൽ ഭഗ്നാശനായിട്ടു ഭീമചാന്ദനും യുദ്ധക്കളം വിട്ടു പോകേണ്ടിവന്നു. ശിഖസൈന്യങ്ങൾ കുറെ കാതം ദൂരം അവരെ പിന്തുടൎന്നു് അവരെ വളരെ ദൂരത്തേക്കു് ഓടിച്ചുകളഞ്ഞു.

ഭായിസംഘൻ, ഭായിജയതമല്ലൻ ബുദ്ധുശാഹയുടെ പുത്രൻ മുതലായ വിശ്വസ്തബന്ധുക്കൾ ഈ യുദ്ധത്തിൽ മരിച്ചുപോയി. ഈ ഭയങ്കരയുദ്ധത്തിൽ ഗോവിന്ദൻ ജയം നേടി. ഈ യുദ്ധം തന്നെയാണു ഗോവിന്ദന്റെ ചരിത്രത്തിൽ പ്രസ്താവയോഗ്യമായ ആദ്യത്തെ യുദ്ധം. ഒന്നാമത്തെ യുദ്ധത്തിൽ തന്നെ അദ്ദേഹം തന്റെ മുത്തച്ഛനെപ്പോലെ ജയം പ്രാപിച്ചു.

ജയഭേരി അടിപ്പിച്ചുകൊണ്ടു ഗോവിന്ദൻ ബഹുമതിയോടുകൂടി പുതിയ വാസസ്ഥലമായ പാവടാ കോട്ടയിലേക്കു മടങ്ങിച്ചെന്നു പടയാളികൾക്കെല്ലാം അവസ്ഥാനുസരണം സമ്മാനങ്ങൾ കൊടുത്തു് അവരുടെ ഉത്സാഹത്തേയും കീൎത്തിയേയും വൎദ്ധിപ്പിച്ചു. ഈ അവസരത്തിൽ ഗുരു ഫകീരശ്രേഷ്ഠനായ ബുദ്ധുശാഹയുടെ നേരെ തനിക്കു

ള്ള ആന്തരമായ നന്ദികാണിക്കുന്നതിന്നുവേണ്ടി അയാ ൾക്ക വിലയേറിയ ഒരു തലപ്പാവും ഗുരുവിൻെറ സ്വന്തം കയ്യക്ഷരത്തിൽ എഴുതിയ ഒരു തീട്ടൂരവുംകൊടുത്തു. തീട്ടൂരം ഇന്നും ബുദ്ധൂശാഹയുടെ വംശക്കാർ ഏറ്റവും ആദരവോടുകൂടി സൂക്ഷിച്ചുവരുന്നുണ്ട്. മോഹാന്തകൃപാലുദാസൻെറ മനോധൈയ്യത്തിന്നു സമ്മാനമായിട്ട് അയാൾക്ക ഗുരു ഒരു വിലയേറിയ തലപ്പാവു കൊടുത്തു. ആ തലപ്പാവ് ഇപ്പോഴും "ഫേഹര"എന്ന സ്ഥലത്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

---

## ഏകാദശപരിച്ഛേദം.

### രാജ്യവിസ്താരം

യുദ്ധത്തിൽ ജയിച്ചതിൽപിന്നെ ഒരുകൊല്ലകാലത്തോളം പാവടയിൽ താമസിച്ചതിന്റെ ശേഷം ഗോവിന്ദൻ അമ്മയുടേ കല്പനയനുസരിച്ചു വിക്രമാബ്ദം 1743-ാമാണ്ടിൽ ജ്യേഷ്ഠമാസം 13-ാംനു- (ക്രിസ്തുവഷം 1685-ാം മാണ്ടിൽ) ആൾക്കാരോടുകൂടി ആനന്ദമഠത്തിലേയ്ക്കു മടങ്ങി. ഗുരു സ്വഗൃഹത്തിൽ തിരിച്ചെത്തിയ വിവരംകേട്ടു ശിഖന്മാർ പലവിധത്തിലുള്ള ആയുധങ്ങൾ മുതലായ കാഴ്ചകളോടുകൂടി കൂട്ടം കൂട്ടമായി ഗുരുവിനേകാണാൻ വന്നുതുടങ്ങി. ഗോവിന്ദനും അവരേ യഥായോഗ്യം ബഹുമാനിച്ചു ജ്ഞാനം, വൈരാഗ്യം, ഭക്തി, ധമ്മനീതി, രാജനീതി മുതലായ പലവിഷയങ്ങളേയും അവക്കു ഉപദേശിച്ചു അവരുടേ മനസ്സിനെ വിശാലവും ഉന്നതവുമാക്കാൻ പരിശ്രമി

ച്ചു തുടങ്ങി. ശിഷ്യന്മാരുടേ നേരേയുള്ള അദ്ദേഹത്തിൻെറ വാത്സല്യംകൊണ്ടു് മോഹിതന്മാരായിട്ടു ഗുരുദശ്ശനം ചെയ്യാൻ വേണ്ടിവന്നവർ വേഗത്തിൽ സ്വഗൃഹങ്ങളിലേക്കു മടങ്ങിപ്പോകാൻ ആഗ്രഹിച്ചില്ല. ഗോവിന്ദനാകട്ടേ അവരേ തൻെറകൂടേ താമസിപ്പിച്ചു് അവരേ പലവിധത്തിലുള്ള യുദ്ധവിദ്യകഠം അഭ്യസിപ്പിച്ചു. ഇപ്രകാരം അനേകം ശിഷ്യന്മാർ രണ്ടും നാലും ആറുംമാസകാലം ഗുരുവിൻെറ അടുക്കൽ താമസിച്ചു സമത്ഥന്മാരായ പടയാളികളായിത്തീൎന്നു. ഇതിന്നുമുമ്പു ഗോവിന്ദനു കുതിരപ്പടയാളികഠം ഇല്ലാത്ത കോട്ടം ഉണ്ടായിരുന്നു. ഈ നല്ല അവസരത്തിൽ അയാഠം ആ കോട്ടം തീൎത്തു.

ശിഷ്യന്മാരേ യുദ്ധാഭ്യാസം ചെയ്യിച്ചു ഗോവിന്ദൻ വെറുതേ ഇരുന്നില്ല. ഒരു വിശാലവും സ്വാതന്ത്ര്യവുമായി രാജ്യം സ്ഥാപിക്കാനുള്ള മോഹം അയാഠംക്കു വളരേ മുമ്പു തന്നെ ഉണ്ടായിരുന്നു. ഈ അവസരത്തിൽ അയാഠം പലേ ദിക്കുകളിലും പുതിയതും ഉറപ്പുള്ളതും ആയ പല കോട്ടകഠം പണിചെയ്യിച്ചു. അവയിൽവെച്ചു ലോഹഗഡം ആനന്ദഗഡം ഹോലഗഡം ഫതഹഗഡം സോഗഡം മുഘലഗഡം എന്നിവ പ്രധാനമേറിയവയായിരുന്നു. ഈ കോട്ടകഠം കൊണ്ടു് ഗോവിന്ദൻെറ പ്രഭാവം അത്ര അധികം വൎദ്ധിച്ചുവന്നതുകൊണ്ടു വടക്കൻ പഞ്ചാബിൽ മൊഗളന്മാൎക്കോ അധികം പ്രാബല്യം ഗോവിന്ദനോ അധികം പ്രാബല്യം എന്നു നിണ്ണയിക്കാൻ ഞെരുക്കമായിത്തീൎന്നു. അദ്ദേഹത്തിൻെറ ശാസനയുടെ ഗുണംകൊണ്ടു് വടക്കൻ പഞ്ചാബിൽ കള്ളന്മാർ കൊള്ളക്കാർ കൂട്ടായ്മക്കവെച്ചക്കാർ മുതലായവരെക്കൊണ്ടുള്ള ദ്രോഹം തീ

രേ ഇല്ലാതായി. അവരിൽ മിക്കപേരും ഗോവിന്ദനു കീഴടങ്ങി സാധാരണപ്രജകളേപ്പോലേ മൎയ്യാദക്കാരായി അദ്ദേഹത്തിൻെറ രാജ്യത്തിൽ താമസിക്കേണ്ടിവന്നു. ബാക്കിയുള്ളവർ ദൂരരാജ്യങ്ങളിലേയ്ക്കു ഓടിപ്പോയി രക്ഷ പ്രാപിച്ചു.

ഗോവിന്ദൻെറ പ്രതാപം ക്രമത്തിൽ വൎദ്ധിച്ചുവരുന്നതുകണ്ടു പേടിച്ചു പൎവ്വതപ്രദേശങ്ങളിലേ രാജാക്കന്മാർ അദ്ദേഹത്തിനോടുള്ള ശത്രുത ദൂരെകളഞ്ഞു ശിഖസംഘത്തോടുകൂടി യോജിച്ചു. മൊഗളന്മാരുടേ ശക്തി ഏററവും എളുപ്പത്തിൽ നശിപ്പിക്കുന്നതിന്നു ഹിന്തുരാജാക്കന്മാരേയെല്ലാം ഒന്നായി കൂട്ടിപ്പിടിച്ചു ഒരു ശക്തിയേറിയ സംഘം ഏൎപ്പെടുത്തണമെന്നു ഗോവിന്ദന് ആഗ്രഹമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ പാൎവ്വത്യരാജാക്കന്മാരുമായിട്ടുള്ള സഖ്യം സഫലമാക്കിത്തീൎക്കാനുള്ള ഉദ്ദേശത്തോടുകൂടി ഗോവിന്ദൻ പരസ്യമായി മൊഗളന്മാരുടേ ആധിപത്യത്തേ നിരാകരിച്ചു. എന്നാൽ ഈ അവസരത്തിൽ മൊഗളന്മാരുടേ രാജ്യങ്ങളേ പെട്ടെന്നു ആക്രമിയ്ക്കാതേ അദ്ദേഹം ദീൎഘാലോചനയോടുകൂടി പതുക്കെപ്പതുക്കേ കാൎയ്യം നടത്താൻ തുടങ്ങി. അദ്ദേഹത്തിൻേറ കല്പനയനുസരിച്ച് എല്ലാവരും മൊഗളചക്രവൎത്തിക്കു കൊടുക്കേണ്ട കപ്പം കൊടുക്കാതേയായി.

ഇക്കാലത്ത് അറങ്ങ്സീബു തെക്കെഇന്ത്യയിൽ ചെന്നു ബീജാപുരം ഗോലകുണ്ഡം എന്നീ രാജ്യങ്ങളേ പിടിച്ചടക്കാൻ ഉത്സാഹിച്ചുകൊണ്ടിരുന്നു. ഈ രാജ്യങ്ങളേ കീഴടക്കാൻ വേണ്ടി ഹിന്തുസ്ഥാനത്തിലുള്ള പ്രബലസൈന്യങ്ങളെല്ലാം അവിടേ കൂടിയിരുന്നു. അതിനാൽ പഞ്ചാ

ബിലേ ഈ രാജദ്രോഹത്തേക്കുറിച്ചു മനസ്സിരുത്താനുള്ള അവസരം മൊഗളചക്രവൎത്തിക്കു ലഭിച്ചില്ല. തൽഫലമായിട്ടു ഈ രാജസംഘത്തിന്റെ ശക്തി ക്രമത്തിൽ വൎദ്ധിച്ചു വന്നു.

ഗോപകുണ്ഡുയ ജയിച്ചിട്ടു അല്പം അവസരം കിട്ടിയപ്പോൾ ഈ രാജസംഘത്തിന്റെ ശക്തിനശിപ്പിക്കാൻ വേണ്ടി മിയാൻഖാൻ, അലഫ്ഖാൻ, ജബാലകാർഖാൻ മുതലായ സേനാധിപന്മാരോടുകൂടി ചക്രവൎത്തി തന്റെയും ഏതാനും സൈന്യങ്ങളേ അയച്ചു. മൊഗളസൈന്യങ്ങൾ വളരേ ആഡംബരത്തോടുകൂടി പഞ്ചാബിൽ എത്തിച്ചേന്നപ്പോൾ പാൎവ്വത്യരാജാക്കന്മാൎക്കു ആദ്യം ഉത്സാഹക്കുറവുണ്ടായി എങ്കിലും ഗോവിന്ദന്റെ ഉത്തേജനംകൊണ്ടു അവരുടേ ഭയമെല്ലാം താമസിയാതേ നീങ്ങിപോയി. മിയാൻഖാൻ ജംബുവിന്റെ നേരെ ബദ്ധപ്പെട്ടുചെന്നു. അലഫ്ഖാൻ സൈന്യസമേതം നാഹന, കഹലൂർ, നാലാഗഡം, ചമ്പാ മുതലായ രാജ്യങ്ങളിലേ രാജാക്കന്മാരുടേ നേരേ യുദ്ധത്തിന്നു പുറപ്പെട്ടു. അവരുടേ വരവിന്റെ വിവരം അറിഞ്ഞപ്പോൾ കരൌജരാജാവായ കൃപാലചന്ദ്രനും വിജസബാലരാജാവായ ദയാലുചന്ദ്രനും രാജസംഘത്തിന്റെ നേരേ വിശ്വാസവഞ്ചനചെയ്തു മൊഗളപക്ഷത്തിൽ ചെന്നു ചേൎന്നു. *നാദൌനത്തിലേ വിസ്തൃതമായ മൈതാനത്തിൽ വെച്ചു പാൎവ്വത്യരാജാക്കന്മാർ മൊഗളസൈന്യാധിപന്മാരോടെതൃത്തു. അവിടെ വെച്ചു നടന്ന ഭയങ്കരയുദ്ധത്തിൽ രാജപക്ഷക്കാർ തോററുപോകുമെന്ന ഘട്ടത്തിലാ

* വിക്രമാബ്ദം 1744-ാമാണ്ടിൽ (ക്രിസ്തുവൎഷം 1688-ാമാണ്ടിൽ) ഈ യുദ്ധമുണ്ടായി.

യി. എന്നാൽ തക്കസമയത്തു ശിഖഗുരു അയച്ച അഞ്ഞൂറു കുതിരപ്പടയാളികളോടുകൂടി ശിഖസേനാധിപന്മാരായ ദിവാൻ നന്ദചാന്ദനും ദിവാൻ മോഹരിചാന്ദനും കൃപാലുചാന്ദൻമുതലായവരുംപോക്കളത്തിൽഎത്തിച്ചേന്നുകൊണ്ടു മൊഗളന്മാർ തോററുട്ടിമറിഞ്ഞു പിന്തിരിഞ്ഞോടിപ്പോയി ശിഖന്മാർ വളരെദൂരത്തോളം അവരെപിന്തുടൎന്നു്, അവരെ വളരെകുഴപ്പത്തിലാക്കി. എങ്കിലും മൊഗളന്മാർ വേഗത്തിൽ വീണ്ടും സൈന്യം ശേഖരിച്ചു രാജാക്കന്മാരുടേ സംഘത്തെ ആക്രമിച്ചു. എന്നാൽ ഇത്തവണയും അവർ തോററു ലാഹോരിലേക്കു ഓടിപ്പോയി. ഈ യുദ്ധത്തിൽ ഗോവിന്ദൻ താൻതന്നേവന്നു രാജാക്കന്മാരേ വീണ്ടും വീണ്ടും സഹായിച്ചിരുന്നു.

മൊഗളന്മാർ എളുപ്പത്തിൽ പിൻവലിക്കുന്ന കൂട്ടരല്ല. ലാഹോരിലെ സുബേദാരായ ദിലബാരഖാൻ തൻെറ പുത്രനായ രുസാംഖാനേ സേനാപതിയായി നിശ്ചയിച്ചു ഗുരുവിനോടു എതൃത്തു പൊരുതാനായി അയച്ചു. എന്നാൽ രുസാം ഭഗീരഥപ്രയത്നം ചെയ്തിട്ടും ഗുരുവിന്നു ഒരു അനിഷ്ടവും ചെയ്യാൻ സമത്ഥനായില്ല. പോക്കളത്തിൻെറ ചോട്ടിൽക്കൂടി "ഹിമാവതീനാലാ"എന്നു പേരായ ഒരു ചെറിയ നദി ഒഴുകിക്കൊണ്ടിരുന്നു. യുദ്ധകാലത്തു ഒരു ഘോരരാത്രിയിൽ പവ്വതത്തിൽ അത്യധികമായ മഴ പെയ്യുതുകൊണ്ടു വെള്ളപ്പൊക്കമുണ്ടായി നദിയുടെ ഇരുകരയും കവിഞ്ഞു വെള്ളം ഒഴുകിത്തുടങ്ങി. ഈ സമയത്തു മൊഗളന്മാരുടെ കൈന്നില പുഴയുടെ വക്കിലായിരുന്നു സ്ഥിതിചെയ്യിരുന്നതു്. അതിനാൽ അവരുടെ ഭക്ഷണസാധനങ്ങളും ആയുധം മുതലായ യുദ്ധോപകരണങ്ങളും ഊക്കോടുകൂടിയ

വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി. അവരോടുകൂടിത്തന്നെ അനേകം ഭടന്മാരും ഒലിച്ചുപോയി മരണം പ്രാപിച്ചു.

ഈ വിവരം ലാഹോരിൽ യഥാസമയം അറിഞ്ഞപ്പോൾ ദിലബാരഖാൻ പുത്രന്റെ കഷ്ടകാലത്തെക്കുറിച്ച് ഏററവും ദുഃഖിച്ച് അയാളുടെ സഹായത്തിന്നു സൈന്യങ്ങളെ മീതെക്കുമീതെ അയച്ചു. എന്നാൽ എന്തുചെയ്തിട്ടും ഒരു ഫലവും കണ്ടില്ല. അടിക്കടിതോററു രുസാംപവ്വത പ്രദേശങ്ങൾവിട്ടു ഓടിപ്പോയി.

ഇത്രയെല്ലാം യത്നം ചെയ്തിട്ടും മൊഗളന്മാർക്കു ശിഖന്മാരെ കീഴടക്കാൻ കഴിഞ്ഞില്ലെന്നു കണ്ടപ്പോൾ അറങ്ങ്സീബിന്നു വളരെ കുണ്ഠിതമായി. തന്റെ പുത്രനായ മുരാജമരാജകുമാരനെ സേനാപതിയായി നിശ്ചയിച്ചു ചക്രവത്തി അയാളെ ഗുരുവിന്നു് എതിരായി അയച്ചു. മുരാജമ താൻതന്നെ പോക്കളത്തിലിറങ്ങാതെ തന്റെ കീഴിലുള്ള സേനാധിപനായ മീർജാബെഗ്ഗിനെ പാവ്വത്യപ്രദേശങ്ങളിലേക്കയച്ചു താൻ ലാഹോരിലേക്കുപോയി. മീർജാബെഗ് ആദ്യമാദ്യം ശിഖന്മാരെ തോല്പിച്ച് അവരെ വളരെ ബുദ്ധിമുട്ടിച്ചു. യുദ്ധജയംകൊണ്ടു തൃപ്തിപ്പെടാതെ അയാൾ നഗരങ്ങളും ഗ്രാമങ്ങളും കൊള്ളയിട്ടുതുടങ്ങി. അയാളുടെ ദ്രോഹങ്ങൾകൊണ്ടു പ്രജകളുടെ സ്ഥിതിക്രമത്തിൽ ശോചനീയമായിത്തീരുന്നതുകണ്ടു ഗോവിന്ദന്റെ കോമളമായ ഹൃദയം പിളൎന്നുപോയി. അദ്ദേഹം ഒരിക്കൽ ഒരു ഗംഭീരരാത്രിയിൽ പെട്ടെന്നു മൊഗളന്മാരുടെ കൈന്നിലയെ ആക്രമിച്ചു ശത്രുക്കളെ തോല്പിച്ചപ്പോൾ അവർ തങ്ങളുടെ പ്രാണനിലുള്ള കൊതികൊണ്ടു അനേകം അസ്ത്രശസ്ത്രങ്ങളും

കൊള്ളയിട്ടു കിട്ടിയ അനവധി ധനവും ഇട്ടെറിഞ്ഞു ഓടിപ്പോയി. ഏകദേശം എട്ടുകാതം വഴി അവരെ പിന്തുടന്നു. ഗോവിന്ദൻ അവരെ അത്രയധികം ഭയപ്പെടുത്തിയതുകൊണ്ടു് അവർ അതിൽപിന്നെ കുറച്ചു കാലത്തേയ്ക്കു് അയാളുടെ നേരെ യുദ്ധത്തിന്നു പുറപ്പെട്ടില്ല.

ഇപ്രകാരം കുറെ കൊല്ലകാലത്തെ അശ്രാന്തപരിശ്രമംകൊണ്ടു പഞ്ചാബിലെ പർവ്വതപ്രദേശങ്ങളിൽ മിക്കഭാഗത്തും ഗോവിന്ദനു തൻെറ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞു. ഈ സമയത്തു ശതദ്രുനദിയുടെ ഇടത്തു ഭാഗത്തുള്ള രോവഡ എന്ന പ്രദേശംവരെതെക്കോട്ടു ഗോവിന്ദൻെറ രാജ്യം വ്യാപിച്ചിരുന്നു എന്നു സ്പഷ്ടമായി പറവാൻ കഴിയുന്നതാണു്. * പർവ്വതപ്രദേശങ്ങളിലെ രാജാക്കന്മാർ യഥാൎത്ഥത്തിൽ ഗോവിന്ദൻെറ സാമന്ത രാജാക്കന്മാരായിത്തീൎന്നു.

ഈ വിധത്തിലുള്ള ഗോവിന്ദൻെറ ഐശ്വൎയ്യവദ്ധനകണ്ടു പാൎവ്വത്യരാജാക്കന്മാൎക്കു് ഏററവും മനഃക്ലേശമുണ്ടായിത്തീൎന്നു. എന്നാൽ അദ്ദേഹത്തിന്നു വിരോധമായി നില്ക്കാനുള്ള സാഹസമോ ത്രാണിയൊ അവൎക്കു് അപ്പോഠം ഉണ്ടായില്ല. ഈ സമയത്തു കഹലുരരാജ്യം വാണിരുന്ന

* കിഴക്കും പടിഞ്ഞാറും ഗോവിന്ദൻെറ രാജ്യം എത്രത്തോളം വ്യാപിച്ചിരുന്നു എന്നു ശരിയായിപറവാൻ കഴിയുന്നതല്ല. ഇതിനെ സംബന്ധിച്ചു് ശരിയായ പ്രമാണങ്ങഠം ഇനിയും കിട്ടീട്ടില്ല. ചിലതെല്ലാം കിട്ടീട്ടുള്ളതിൽനിന്നു വടക്കു കാശ്മീരം വരേയും തേക്കു ശതദ്രു അല്ലെങ്കിൽ അമ്പാലാജില്ലാവരേയും കിഴക്കു ഗംഗാലവരേയും പടിഞ്ഞാറു അമൃതസരസ്സുവരേയും ഗോവിന്ദൻെറ രാജ്യം വ്യാപിച്ചിരുന്നു എന്നു വിചാരിക്കാവുന്നതാണു്.

ത്ത് അജമേരചന്ദ്രനായിരുന്നു. ആദ്യം മുതല്ക്കേ അദ്ദേഹത്തിന്നു ഗോവിന്ദൻെറ പ്രതാപം സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ക്രുദ്ധമായി പാൎവ്വത്യരാജാക്കന്മാരെ കൂട്ടിപ്പിടിച്ചു ഗോവിന്ദനു വിരുദ്ധമായി നില്ക്കാൻ അവരെ പ്രോത്സാഹിപ്പിച്ച് അദ്ദേഹത്തിനെ സേനാധിപനായി വരിച്ചു. പാൎവ്വത്യരാജാക്കന്മാർ ഒരിക്കൽ ആനന്ദപുരത്തെ പൊടുന്നനവേ ആക്രമിച്ചു വളഞ്ഞു. എന്നാൽ ഗോവിന്ദൻെറ ശക്തി സഹിക്കാൻ വയ്യാതെ അവർ വേഗത്തിൽ പോൎക്കളംവിട്ടു കാടിപ്പോയി.

തോല്മകൊണ്ടു മനഃക്ഷോഭത്തോടുകൂടിയ അജമേരസിംഹൻ സിരഹിന്ദരാജാവിൻെറ അടുക്കൽചെന്നു രണ്ടായിരം ഭടന്മാരെ അയച്ചു കിട്ടണമെന്നു അപേക്ഷിച്ചു. സിരഹിന്ദരാജാവു സൈന്യശ്ശിലവിലേക്കു ഇരുപതിനായിരം ഉറപ്പികവാങ്ങി അജമേരചന്ദ്രൻെറ ആഗ്രഹം സാധിപ്പിച്ചു. പൂൎവ്വാധികധൈൎയ്യത്തോടുകൂടി അദ്ദേഹം ഗുരുവിനോടു നേരിട്ടു. ഇത്തവണ ശിഖന്മാർ വളരെ ശൌൎയ്യത്തോടും വീൎയ്യത്തോടുംകൂടി പൊരുതി എങ്കിലും ഫലമൊന്നുമുണ്ടായില്ല. അടിക്കടി യുദ്ധത്തിൽ തോല്മ വന്നപ്പോൾ ഗോവിന്ദൻ കോട്ടവാതിലടച്ച് അകത്തു് ഇരിപ്പായി. അവസരം കിട്ടുമ്പോളൊക്കയും ഗോവിന്ദൻ രാജാക്കന്മാരെ പൊടുന്നനവേ ആക്രമിച്ച് അവരുടെ യുദ്ധക്കോപ്പുകളും ഭക്ഷണപദാൎത്ഥങ്ങളും അപഹരിച്ചിരുന്നു. എന്നാൽ എത്രകാലം ഇങ്ങനെ കോട്ടയ്ക്കുള്ളിൽ താമസിക്കാൻ കഴിയും? ക്രമത്തിൽ കോട്ടയിൽ ഭക്ഷണപദാൎത്ഥങ്ങൾ ഇല്ലാതായിത്തുടങ്ങി. ഒരു പിടി അരിപോലും കിട്ടാൻ ഞെരുക്കമായിത്തീൎന്നു. അപ്പോൾ ഗോവിന്ദൻ പട്ടിണി

പെട്ടു കുഴങ്ങുന്ന ശിഖന്മാരൊന്നിച്ച കോട്ടയെ ഉപേക്ഷി ച്ചു ശത്രുവിൻെറ വക്കത്തുള്ള വസൊഹലീരാജ്യത്തിലേ ക്കു് ഓടിപ്പോയി. അവിടത്തെ രാജാവു ഗുരുവിനെ വള രെ ബഹുമാനത്തോടുകൂടി സല്ക്കരിച്ചു.

വസാഹലിയിൽ കുറച്ചു ദിവസം താമസിച്ചപ്പോഴ ക്കു വൈശാഖസംക്രാന്തി അടുത്തുകൂടി. "രബാലസരം" എന്ന ദിക്കിൽചെന്നു ഗോവിന്ദൻ സംക്രാന്തി സംബ ന്ധിച്ച ആഃഘോഷം നടത്തി. ഈ സമയത്തു ഗുരുവിനെ കണ്ടു വന്ദിക്കാനായി അനേകായിരം ശിഖന്മാർ അവിടെ ചെന്നു. അപ്പോൾ ഗുരു അവരുടെ സഹായത്തോടുകൂടി അല്പകാലത്തിന്നുള്ളിൽ ആനന്ദപുരത്തെ ജയിച്ചു കയ്ക്ക ലാക്കി.

കോട്ട നന്നാക്കുന്നതിന്നും വേണ്ട അസ്ത്രശസ്ത്രാദികൾ ശേഖരിക്കുന്നതിന്നും വേണ്ടി ഗോവിന്ദൻ ആനന്ദപുരത്തി ൽവെച്ചു് ഒരു വലിയ കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാ ഴ്ചയിൽ ഗോവിന്ദൻ തൻെറ നാലു പുത്രന്മാരുടേയും അമൃ ത്സംസ്കാരവും ദീക്ഷക്രിയയും കഴിച്ചു. ഈ സകല കാ ൎയ്യങ്ങളും വേണ്ട വിധത്തിൽ നടത്തിയതിന്നു ശേഷം ഗോ വിന്ദൻ രാജ്യസഞ്ചാരത്തിന്നു പുറപ്പെട്ടു. പല ദിക്കുകളി ലും ചുററി നടന്നതിന്നു ശേഷം ഗോവിന്ദൻ ചമകൌറ എ ന്ന ദിക്കിലെത്തി. ഇവിടെ താമസിക്കുന്ന കാലത്തു ഹൈ ദരവേഗനെന്നും അലഫ്ഖാൻ എന്നും പേരായ രണ്ടു സൈന്യാധിപന്മാർ രണ്ടായിരം ഭടന്മാരോടുകൂടി ലാഹോ രിലേക്കു പോകുന്നു എന്നുള്ള വൎത്തമാനം ഗോവിന്ദൻ കേ ട്ടു. അപ്പോൾ ഗോവിന്ദൻ കാലതാമസം കൂടാതെ സൈ ന്യസമേതം അവരുടെ നേരേ ചെന്നു. ഇരുകക്ഷികളും

തമ്മിൽ നല്ല ഒരു യുദ്ധം നടന്നു. ഗോവിന്ദൻ അവരെ തോല്പിച്ച് അവരുടെ സകല സാധനങ്ങളും കയ്ക്കലാക്കി. മൊഗളന്മാർ തലതാഴ്ത്തി ലാഹോരിലേക്ക് ഓടിപ്പോയി.

അല്പകാലത്തിന്നുള്ളിൽ ഗോവിന്ദനു തന്റെ പദവി പുനരുദ്ധാരണം ചെയ്യാൻ കഴിഞ്ഞതുകൊണ്ടു പാൎവ്വത്യരാജാക്കന്മാൎക്കു വളരെ ഭയമായിത്തീൎന്നു. ഹൈദരബേഗൻ മുതലായവരുടെ തോല്മയും കൂടി കണ്ടപ്പോൾ അവരുടെ ഭയത്തിന്നു അവസാനമുണ്ടായില്ല. ഒരു സമയം ഗോവിന്ദൻ തങ്ങളെ എല്ലാവരേയും രാജ്യഭ്രഷ്ടന്മാരാക്കിയെങ്കിലോ എന്നു ശങ്കിച്ച് അവർ വീണ്ടും ഏകോപിച്ചു ഗോവിന്ദന് എതിരായി കൂടതന്ത്രങ്ങൾ പ്രയോഗിച്ചു തുടങ്ങി. അവർ എല്ലാവരും മൊഗള ചക്രവൎത്തിയെ ശരണം പ്രാപിച്ചു. തങ്ങളുടെ കഷ്ടാവസ്ഥയെപ്പററി അവൻ അറങ്ങസീബിന്ന് എഴുതി അറിയിക്കുകയും ശിഖഗുരുവിന്റെ ശക്തി നശിപ്പിച്ചു കളയുവാൻ പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ അവർ അജമേരചന്ദ്രനെ തങ്ങളുടെ പ്രതിനിധിയാക്കി ചക്രവൎത്തിയുടെ അടുക്കലേക്കു പറഞ്ഞയച്ചു. തങ്ങളുടെ നേരെ ഗോവിന്ദൻകാണിച്ചിരുന്ന അകൃത്രിമബന്ധുത്വത്തെ അവർ തീരെ മറന്നുകളഞ്ഞു.

ഛിദ്രാന്വേഷിയായ അറങ്ങ്സീബ് ശിഖഗുരുവിന്റെ ഗൎവ്വ് നശിപ്പിക്കാൻ വേണ്ടി പലവിധ യത്നങ്ങൾ ചെയ്തിട്ടും തന്റെ മനോരഥം സാധിക്കാതെ വളരെ മനഃക്ലേശത്തോടുകൂടി ഇരിക്കയായിരുന്നു. ഇപ്പോൾ പാൎവ്വത്യരാജാക്കന്മാർ സ്വപക്ഷത്തിൽ ചേൎന്നതുകൊണ്ട് അദ്ദേഹം വീണ്ടും ശിഖശക്തി നശിപ്പിക്കേണമെന്നു് ഉറച്ചു. വെറുതേ കാലം കളയാതെ ശിഖഗുരുവിന്നു് എതിരായി രാജാക്കന്മാൎക്കു സഹായം ചെയ്യാൻവേണ്ടി ലാഹോരിന്റെ ഭര

ണകത്താവായ ജവരദത്തഖാനും സിരഹിന്ദപതിയായ സാമസ്സുദ്ദീനഖാനും ചക്രവത്തി പ്രത്യേകം കല്പന കൊടുത്തു. കല്പന കിട്ടിയമാത്രയിൽ അവർ ഇരുവരും അസംഖ്യം സൈന്യം ശേഖരിച്ചു യുദ്ധത്തിന്നു പുറപ്പെട്ടു. പാവ്വത്യ രാജാക്കന്മാരും സൈന്യങ്ങളോടു കൂടി അവരൊന്നിച്ചു ചേന്നു. ക്രി. അ. 1703-ാമാണ്ടു ഫാൽഗുനമാസത്തിൽ ഈ വലിയ സൈന്യം ഗോവിന്ദന്റെ മുഖവയാല കോട്ടയെ പെട്ടന്നാക്രമിച്ചു വളഞ്ഞു. കേവലം സേനാധിപന്മാരെ ഊന്നായിക്കരുതാതെ അറംഗസീബ് തന്റേ പുത്രന്മാരിൽ ഒരുവനേക്കൂടെ ഈ യുദ്ധത്തിന്നയച്ചിരുന്നു എന്നൊരു കേൾവിയുണ്ടു്.

## പന്ത്രണ്ടാം അദ്ധ്യായം.

### മുഖവയാലയുദ്ധം

ഇങ്ങനെ വിചാരിക്കാതെ ആക്രമിക്കപ്പെട്ടു എങ്കിലും ഗോവിന്ദനു ധൈയ്യക്ഷയം ഉണ്ടായില്ല. ക്ഷത്രിയോചിതമായ വീയ്യംകൊണ്ടു് അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞിരുന്നു. സ്വതസ്സിദ്ധമായ ദാർഢ്യത്തോടും ഗവ്വത്തോടും കൂടി അദ്ദേഹം മൊഗളന്മാരുടെ ആക്രമത്തെ തടുക്കാനൊരുങ്ങി. അദ്ദേഹത്തിന്റെ ഈ ഭയങ്കരമായ സാഹസം കണ്ടു തുക്കിസൈന്യം നടുങ്ങിപ്പോയി. ഇതിന്നു മുമ്പു കഴിഞ്ഞ ശതാബ്ദത്തിലെ ഒരു അത്ഭുതവൃത്താന്തത്തെ കുറിച്ചു് അവക്കു് ഓമ്മ വന്നു. രാജപുതനയിലെ രാജാക്കന്മാരിലാരു

ടേയും സഹായം കൂടാതെ മഹാത്മാവായ പ്രതാപസിംഹൻ ഒരിക്കൽ ഈ മാതിരി സാഹസത്തോടുകൂടി യുദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ആപത്തുകാലങ്ങളിൽ ഗോവിന്ദൻ ഏതൊരു രാജാക്കന്മാൎക്ക് ഏകമാത്ര അവലംബമായിരുന്നുവോ ആ കൊള്ളരുതാത്ത സകല രാജാക്കന്മാരും കാരണം കൂടാതേയും പൊട്ടുന്നനവേയും അദ്ദേഹത്തിനെ ഉപേക്ഷിച്ചു എങ്കിലും തനിക്കു ശക്തിക്ഷയം വന്നതായി ഗോവിന്ദൻ വിചാരിച്ചതേയില്ല. സ്വാധീനതാമന്ത്രം കൊണ്ട് ഉണൎന്നു വന്നവരും നവക്ഷത്രിയന്മാരും ആയ ശിഖന്മാർതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഏകമാത്ര സഹായം. അമൂല്യമായ ഈ സഹായത്തെ പററി അദ്ദേഹത്തിന്നു നല്ല വിശ്വാസം ഉണ്ടായിരുന്നു.

താമസിയാതെ കോട്ടയുടെ പുറത്തു വെച്ചു വലിയ യുദ്ധം നടന്നു. ആ യുദ്ധത്തിൽ ഇരുകക്ഷികളും തങ്ങളുടെ യുദ്ധസാമൎത്ഥ്യത്തെ നല്ലവണ്ണം കാണിച്ചു. ഏഴു മാസകാലം ഈ ഘോരയുദ്ധം ഇടവിടാതെ നടന്നു. വിജയലക്ഷ്മി എപ്പോഴും ചഞ്ചലയാണല്ലോ. അവൾ ചിലപ്പോൾ ഗോവിന്ദന്റെയും ചിലപ്പോൾ മൊഗളന്മാരുടെയും കഴുത്തിൽ മാല ഇട്ടുതുടങ്ങി. ഗോവിന്ദൻ എത്രതന്നെ ദൃഢപ്രതിജ്ഞനായിരുന്നുവെങ്കിലും എത്ര തന്നെ യുദ്ധകൌശലം കാണിച്ചു എങ്കിലും അദ്ദേഹത്തിന്റെ സൈന്യസംഖ്യ മൊഗളസൈന്യത്തെക്കാൾ എത്രയോ ചുരുക്കമായിരുന്നു. ഈ ചുരുങ്ങിയ സൈന്യം കൊണ്ടു മഹാവീരനായ ഗോവിന്ദൻ ഏഴു മാസകാലം മൊഗളന്മാരുടെ ആക്രമത്തെ തടുത്തുനിന്നു. ഒടുക്കം അവരെ തടുക്കാൻ സാധിക്കാതെ അദ്ദേഹം ഉറപ്പുള്ള മുഖവയാല കോട്ടയുടെ ഉള്ളി

ൽ കടന്നു സകല ദ്വാരമാൎഗ്ഗങ്ങളും അടച്ചു. മൊഗളന്മാർ കോട്ടയെ വളയുകയും ചെയ്തു.

കുറച്ചു ദിവസത്തേയ്ക്കു മാത്രമേ കോട്ടയിൽ ഭക്ഷണപദാൎത്ഥങ്ങൾ ഉണ്ടായിരുന്നുള്ളു. ഭക്ഷണദ്രവ്യങ്ങൾ കുറഞ്ഞു വരുന്നതു കണ്ടു് എല്ലാവൎക്കും ഭയമായിത്തീൎന്നു. യുദ്ധം കൊണ്ടു തളൎന്നവരും നിരാശന്മാരുമായ ഭടന്മാർ ഗുരുവിനെ ഉപേക്ഷിച്ചു പോവാനാരംഭിച്ചു. ഇതിനിടയിൽ ഗുരുമാതാവായ ഗുരുജി സ്നേഹാധിക്യം നിമിത്തം ചെയ്ത ഒരു സാഹസപ്രവൃത്തികൊണ്ടു ശിഖസമാജക്കാരെല്ലാവരുടേയും മൎമ്മം പിളൎക്കത്തക്കതായ ഒരു ആപത്തു നേരിട്ടു.

ഭക്ഷണപദാൎത്ഥങ്ങളുടെ അഭാവം കൊണ്ടു ഗോവിന്ദനു വളരെ ദിവസം കോട്ടയെ രക്ഷിപ്പാൻ കഴിയുമെന്നുള്ള വിശ്വാസം ഗുരുമാതാവിന്നുണ്ടായിരുന്നില്ല. കോട്ട മൊഗളന്മാരുടെ കയ്യിലായാൽ ഗുരുവിന്റെ പരിവാരങ്ങളിൽ ഒരാളെ എങ്കിലും ആ ക്രൂരന്മാർ ജീവനോടു കൂടി ഇരിക്കാൻ അയക്കില്ല. ഗോവിന്ദനു നാലു പുത്രന്മാരാണു്. അവർ നന്നേ കുട്ടികളും ആയിരുന്നു. ഒടുവിലത്തെ രണ്ടു കുട്ടികൾക്കു് എട്ടും പത്തും വയസ്സിലധികം പ്രായമുണ്ടായിരുന്നില്ല. വംശരക്ഷയെക്കുറിച്ചു ഗുരുമാതാവിന്നു വളരെ വിചാരം ഉണ്ടായി. ഒടുക്കം വളരെ ആലോചനകൾ കഴിച്ചതിന്റെ ശേഷം ആരും അറിയാതെ കോട്ട വിട്ടു പോകുന്നതാണു നല്ലതെന്നു തീൎച്ചപ്പെടുത്തി കോട്ട വളഞ്ഞിരുന്ന ഹിന്തുരാജാക്കന്മാരോടു കോട്ട വിട്ടു പോകുവാൻ തനിക്കു് അനുവാദം കിട്ടണമെന്നു അപേക്ഷിച്ചുകൊണ്ടു ഗുരുമാതാവു് അവരുടെ അടുക്കലേക്കു് ഏററവും ഗോപ്യമായി ഒരു ദൂതനെ പറഞ്ഞയച്ചു. അവർ അതിന്നു

15 AUG 1917



കൂലമായി മറുപടി പറഞ്ഞയച്ചതിന്നു ശേഷം ഗുരുമാതാവു ഗോവിന്ദന്റെ ഒടുവിലുത്തെ രണ്ടു പുത്രന്മാരെ കൂട്ടിക്കൊണ്ടു രാത്രിയിൽ കോട്ട വിട്ടുപോയി. വെപ്പുകാരനായ ഗംഗു ഒരുവൻ മാത്രം അവരുടെ ഒന്നിച്ചുണ്ടായിരുന്നു. ഗുരുമാതാവു സിരഹിന്ദത്തിൽ പോയി ഗംഗുവിന്റെ ഗൃഹത്തിൽ ഒളിച്ചു താമസിച്ചു.

മാതാവിന്റെ ഈ അന്യായമായ പ്രവൃത്തിയെപ്പററി ഗോവിന്ദൻ അറിഞ്ഞപ്പോൾ അദ്ദേഹം ദുഃഖം കൊണ്ടും ക്രോധം കൊണ്ടും വിവശനായിത്തീൎന്നു. അദ്ദേഹം കരഞ്ഞുംകൊണ്ടു പറഞ്ഞു. "അവൾ എന്നെ വെടിഞ്ഞുപോയി. എന്നാൽ അവളെ ആർ രക്ഷിക്കും. അവളുടെ പ്രിയപൌത്രന്മാരെ അവൾ എങ്ങിനെ രക്ഷിക്കും? അവരെല്ലാവൎക്കും മൊഗളന്മാരുടെ ഉപദ്രവം നിമിത്തം നാശം സംഭവിക്കും എന്നു നിശ്ചയം തന്നെ" താമസിയാതെ മാതാവിനെ തേടിപ്പിടിക്കാൻ വേണ്ടി ഗുരു നാലുദിക്കിലും ദൂതന്മാരെ അയച്ചു.

കഠോരവും മുൻകാഴ്ചയോടു കൂടിയതുമായ ഗോവിന്ദന്റെ വാക്കുകൾ താമസിയാതെ ഫലിച്ചു. വെപ്പുകാരനായ ഗംഗുവിന്റെ വിശ്വാസവഞ്ചനയാൽ ഗോവിന്ദൻ വിചാരിച്ചതെല്ലാം കാൎയ്യത്തിൽ പരിണമിച്ചു. ഗംഗു ബ്രാഹ്മണകുലദൂഷണനായിരുന്നു. ധനലോഭം കൊണ്ടു അവൻ ഗുരുപുത്രന്മാരെ തന്റെ അധീനത്തിലാക്കി. നമ്മുടെ രാജ്യത്തിൽ ഒരുകാലത്തും വിശ്വാസഘാതകന്മാരുടെ ദൌൎല്ലഭ്യം ഉണ്ടായിട്ടില്ല. രാമായണം മഹാഭാരതം മുതലായ ധൎമ്മഗ്രന്ഥങ്ങളിലും മററുള്ള ശ്രേഷ്ഠകാവ്യങ്ങളിലും വിശ്വാസഘാതകനായ വിഭീഷണനെ ധാൎമ്മികശ്രേഷ്ഠന്റെ നിലയിൽ ഗണിച്ചുവരുന്നുണ്ടു്. വിശ്വാസവഞ്ചനയുടെ

യ്യ ഒരു രാജവംശത്തിന്റെ ഗുണങ്ങളെ വർണ്ണിക്കുന്നതായ ഒരു ശ്രേഷ്ഠകാവ്യം ഏതൊരുരാജ്യത്തിൽ ഉണ്ടാവാൻ സംഗതിയായോ ആരാജ്യത്തിൽ വിശ്വാസഘാതകന്മാർജനിച്ചില്ലെങ്കിൽ പിന്നെ എവിടെ ജനിക്കും? വിശ്വാസഘാതകന്മാരേ ഈ മാതിരി ആദരിക്കുകകൊണ്ടു് ഈ രാജ്യത്തിന്നു് എത്രത്തോളം അനൎത്ഥമുണ്ടായിട്ടുണ്ടെന്നു പറയാൻ ഞെരുക്കമാണു്. ഭാരതവൎഷത്തിന്റെ അധോഗതിക്കുള്ള കാരണങ്ങളേ ആരാഞ്ഞറിവാൻ ശ്രമിക്കുന്നതായാൽ ഈ മാതിരി വിശ്വാസവഞ്ചനയാണു രാജ്യത്തിന്റെ അധോഗതിക്കുള്ള ഏററവും പ്രധാനകാരണമെന്നു ചരിത്രം ഉച്ചസ്വരത്തിൽ നമുക്കു് അറിവുതരുന്നതായികാണാം.

കുട്ടികൾ തങ്ങളുടേ കൈവശത്തിൽ വന്നതിന്നുശേഷം ആദ്യമായി മൊഗളന്മാർ അവരേ കൂരിരുട്ടായ ഒരു കാരാഗ്രഹത്തിലിട്ടു. അതിന്നുശേഷം സിരഹിന്ദപതിയായ ബാജിദഖാൻ പേരിന്നു ഒരു വിചാരണനടത്തി അരംഗസീബിന്റെ കല്പനപ്രകാരം കുട്ടികളെ തൂക്കിക്കൊല്ലാൻ വിധിച്ചു. തൂക്കിക്കൊല്ലുന്നതിന്നു മുമ്പായി അവരേ മുഹമ്മദുമതത്തിൽ ചേൎത്താൻ ബാജിദഖാൻ കഴിയുന്നത്ര ശ്രമിച്ചുനോക്കി. എന്നാൽ ഗോവിന്ദന്റേ പുത്രന്മാർ സിംഹക്കുട്ടികളായിരുന്നു. എന്തു വശീകരണം ചെയ്തിട്ടും അവർ അതിലകപ്പെട്ടില്ല. എന്നുമാത്രമല്ല, പൌരുഷത്തോടുകൂടിയ വാക്കുകൾ കൊണ്ടു് അവർ ബിജിദഖാനേ ആക്ഷേപിക്കുകയും ചെയ്തു. ആ അധിക്ഷേപവാക്കുകൾ സഹിക്കാൻ വയ്യാത്ത കോപാന്ധനായി ബാജിദഖാൻ കുട്ടികളെ പിടിച്ചുകെട്ടി ജീവനോടുകൂടി കിടങ്ങിലേക്കു വലിച്ചെറിഞ്ഞു.

മൎമ്മം പിളക്കുന്നതായ ഈ ദുഃഖവൎത്തമാനം കേട്ട പ്പോൾ ഗുരുമാതാവു് ആ വ്യസനം സഹിക്കാൻ വയ്യാതെ തൽക്ഷണം തന്നേ മരിച്ചുപോയി. മരണസമയത്തു ഗുരു പുത്രന്മാർ കാണിച്ച വീരത്വം ഏററവും വിസ്മയിക്കത്തക്കതായിരുന്നു. പ്രായപൂൎത്തിവന്നു ജീവിച്ചിരിക്കാൻ അവൎക്കു സംഗതി വന്നിരുന്നെങ്കിൽ ഭാരതവൎഷചരിത്രത്തിൻെറ ഒരേടിനെ അവർ ഉജ്ജ്വലമാക്കിത്തീൎക്കുമായിരുന്നു. പിന്നെ ഗോവിന്ദൻെറ സൈന്യങ്ങളും അദ്ദേഹത്തെ ഉപേക്ഷിച്ചു പോവാൻ തീൎച്ചയാക്കി. ഈ മാതിരി അന്യായമായ പ്രവൃത്തി ചെയ്യരുതെന്നു് അവരെ ഗോവിന്ദൻ പലവിധത്തിലും ഉപദേശിച്ചു എങ്കിലും അതെല്ലാം വൃഥാവിലായതേയുള്ളൂ. അവർ ഭീരുക്കളും കൊള്ളരുതാത്തവരുമാണെന്നു പറഞ്ഞു് അവരെ വളരെ അധിക്ഷേപിച്ചു. എന്നിട്ടും അവരുടെ നിശ്ചയത്തിന്നു് ഇളക്കം വന്നില്ല. പിന്നെയും ഗോവിന്ദൻ അവരോട്ട് ഇങ്ങിനെ പറഞ്ഞു. രാജ്യത്തിന്നുവേണ്ടി മരിച്ചാൽ അനവധിസുഖവും പുണ്യവും കിട്ടും. നമുക്കു വീരന്മാരെപ്പോലെ മരിക്കാൻ സാധിച്ചാൽ മാലോകരെല്ലാവരും നമ്മുടെ പേരു ബഹുമാനാദരങ്ങളോടുകൂടി ഓൎമ്മയിൽ വെക്കും. നാം യുദ്ധത്തിൽ ജയിച്ചാൽ രാജ്യം നമ്മുടേതാവും ഭീരുക്കളെപ്പോലെ മരിക്കുന്നതു് ഏററവും നീചവും നിന്ദ്യവുമാണു്. യോദ്ധാക്കന്മാരെപ്പോലെ മരിക്കുന്നതാണു യോഗ്യത." കോട്ടവാതിൽ തുറന്നു് ഒരിക്കൽകൂടി മൊഗളന്മാരെ ആക്രമിക്കണമെന്നു് അദ്ദേഹം ഉറച്ചു. എന്നാൽ അദ്ദേഹത്തിൻെറ യോഗം മറിച്ചായിരുന്നു. സൈനികന്മാരാരും അദ്ദേഹത്തിൻെറ അഭിപ്രായത്തെ കയ്ക്കൊണ്ടില്ല.

എന്നുമാത്രമല്ല തങ്ങൾ ഗോവിന്ദന്റെ കല്പനപ്രകാരം നടക്കാൻ വിചാരിക്കുന്നില്ലെന്ന് അവരെല്ലാവരുംകൂടി എഴുത്തുമൂലം ഗോവിന്ദനെ അറിയിക്കുകയും ചെയ്തു. അവർ കൂട്ടംകൂട്ടമായി കോട്ട വിട്ടുപോയി. ക്രമത്തിൽ കോട്ടയിൽ സൈന്യം ഇല്ലാതായിത്തീൎന്നു. വിശ്വസ്ഥന്മാരായ നാല്പതുപേർ മാത്രം കോട്ട വിട്ടുപോയില്ല.

ബുദ്ധിശൂന്യന്മാരായ സൈനികന്മാരുടെ ഈ മാതിരി അവിചാരിതമായ പ്രവൃത്തി കണ്ടു ഗോവിന്ദനു മൎമ്മം പിളൎക്കത്തക്ക വേദനയുണ്ടാക്കി. ദേഷ്യം സഹിക്കാൻവയ്യാതെ ഗുരു അവരെ ഉദ്ദേശിച്ചു വളരെ അധിക്ഷേപം ചെയ്കയും ബാക്കിയുള്ളവരും ഉടനെ കോട്ടവിട്ടു പോകേണമെന്ന് അതിക്രോധത്തോടുകൂടി അദ്ദേഹം കല്പിക്കുകയും ചെയ്തു. എന്നാൽ ഗുരുഭക്തന്മാരായ അനുചരന്മാർ ഗുരുവിന്റെ മനസ്സിന്റെ സ്ഥിതി നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ട് അദ്ദേഹത്തെ വിട്ടുപിരിയാൻ അവർ കൂട്ടാക്കിയില്ല. എന്നുമാത്രമല്ല അവർ ഉറപ്പായി ഇങ്ങനെ പറകയും ചെയ്തു. "അങ്ങയെ വിട്ടുപിരിയുന്നതുകൊണ്ടു ഞങ്ങൾക്കു വിശേഷഗുണമൊന്നും വരാനില്ല. അങ്ങയുടെ ഒന്നിച്ചുനിന്നു് അങ്ങയെ രക്ഷിക്കാൻ വേണ്ടി ഞങ്ങളുടെ തല കളയാനുംകൂടി ഞങ്ങൾ എപ്പോഴും ഒരുങ്ങിയവരാണു്. വിശ്വാസഘാതകന്മാരായ സൈനികന്മാരെ ഗോവിന്ദൻ മാപ്പുകൊടുക്കേണ്ടതിന്നുവേണ്ടി അവർ അദ്ദേഹത്തോടു പല അനുനയവാക്കുകളും പറഞ്ഞു. അവരുടെ ഈ വിധത്തിലുള്ള അകൃത്രിമഭക്തികണ്ടു സന്തോഷിച്ചു ഗോവിന്ദൻ സൈനികന്മാരുടെ സകല അപരാധങ്ങളും മറന്നുകളഞ്ഞു. ഗുരു ആന്തരമായി അവരുടെ തെറ്റുകളെല്ലാം ക്ഷമിച്ചു.

ഗുരു ക്ഷമിച്ചു എന്നുള്ളതു ശരിതന്നെ. എന്നാൽ ഗുരുവിന്നും മീതെ ഒരു ഗുരു ഉണ്ടല്ലോ. അദ്ദേഹത്തിന്നു സൈനികന്മാരെ ക്ഷമിക്കാൻ കഴിഞ്ഞില്ല. സൈനികന്മാർ മുഖവയാല കോട്ടവിട്ട ഉടനെ മൊഗളന്മാർ അവരോ ടെതൃത്തു. ആ യുദ്ധത്തിൽ അനവധി ശിഖന്മാർ മരിച്ചു പോയി. ബാക്കിയുണ്ടായിരുന്ന ചുരുക്കം ചിലർ ഓടി പ്പോയി ഒരു വിധം രക്ഷപ്പെട്ടു.

## പതിമൂന്നാം അദ്ധ്യായം.

### ചമക്കൌഡ്കോട്ട.

മുഖവയാല യുദ്ധത്തിൽ ഗോവിന്ദൻെറ സർവ്വസ്വവും പോയി. അദ്ദേഹത്തിന്നു് എത്രത്തോളം നാശം വരാമോ അത്രത്തോളം നാശം വന്നു. ശിഖന്മാരിലധികംപേരും ജീ വനെക്കൊതിച്ചു ഭീരുക്കളെപ്പോലെ ഗോവിന്ദനെ ഉപേ ക്ഷിച്ചു പോയി. മൊഗളന്മാരുടെ അന്ന്യായമായ ദുരാചാരം നിമിത്തം വാത്സല്യമുള്ള അമ്മയും രണ്ടു പുത്രന്മാരും മരിച്ചു പോയി. ഈ മാതിരി ഭയങ്കരമായ പല ആപത്തുകളും നേ രിട്ടുഎങ്കിലും ഗോവിന്ദൻ ആശയെ വെടിഞ്ഞില്ല. തൻെറ ഹൃദയാന്തരാളത്തിൽ അദ്ദേഹം പോഷിപ്പിച്ചുവന്നിരുന്ന അഭിലാഷങ്ങളെ ഒരു വിധത്തിലും അദ്ദേഹം നഷ്ടമാക്കി ക്കളഞ്ഞില്ല. താൻ എന്തുദ്ദേശം നിറവേററാൻ വേണ്ടി യ ത്നിച്ചു വന്നിരുന്നുവോ അതു് എത്രതന്നെ കാലതാമസം വ ന്നാലും പൂർണ്ണഫലപ്രദമായിവരും എന്നു് അദ്ദേഹം ദൃഢ

മായി വിശ്വസിച്ചിരുന്നു. ഈ യജ്ഞം കഴിക്കുന്നതിന്നു വിലയേറിയ അനേകം ബലികഠം കൊടുക്കേണ്ടിവരും. അമ്മയും രണ്ടു പുത്രന്മാരും ആ യജ്ഞത്തിന്റെ സാമാന്യബലി മാത്രമാണ്. ഈ എല്ലാ ആപത്തുകഠം നേരിട്ടിട്ടും അദ്ദേഹത്തിന്റെ മനസ്സിൽ നൈരാശ്യം ഉണ്ടായില്ല. മറിച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിൽ പൂർവ്വാധികമായ ഉത്സാഹം ജനിച്ചു.

സൈനികന്മാർ പോയിട്ട് ഏറെത്താമസിയാതെ ഗോവിന്ദനും കോട്ടവിട്ടു പോവാനുള്ള ഏർപ്പാടുകഠം ചെയ്തു. മൊഗളന്മാക്കു ഗോവിന്ദന്റെ സ്ഥിതി നല്ലവണ്ണം അറിവാൻ കഴിഞ്ഞാൽ അവർ പൂർണ്ണോത്സാഹത്തോടുകൂടി കോട്ടയ്ക്കകത്തു കടക്കാൻ ശ്രമിക്കും. അപ്പോഠം അസംഖ്യംസൈന്യത്തോടുകൂടിയ മൊഗളന്മാരിൽനിന്നു സർവ്വസംനാശം നിശ്ചയമായും സംഭവിക്കും അതുകൊണ്ടു ഗോവിന്ദൻ അർദ്ധരാത്രിയിൽ കോട്ട ഉപേക്ഷിച്ചു പർവ്വതപ്രദേശത്തിലുള്ള ചമകൌഡ കോട്ടയിലേക്ക് ഓടിപ്പോയി.

ഗോവിന്ദന്റെ സൈന്യങ്ങളിൽ ചിലരേ മുമ്പുതന്നെ അദ്ദേഹം ചമകൌഡക്കോട്ടയിലേക്ക് അയച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴും ചിലർ ഗോവിന്ദന്റെ പക്ഷത്തിൽ ചേൎന്നു ചമകൌഡകോട്ടയിൽ വന്നു ചേൎന്നു. ഗോവിന്ദന്റെ സൈന്യത്തിൽ കുറെപേർ ഉണ്ടായിരുന്നു എങ്കിലും മൊഗളസൈന്യത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോഠം എത്രയോ തുച്ഛമായിരുന്നു.

ഗോവിന്ദൻ ശ്രദ്ധമായിട്ടാണു മുഖവയാലക്കോട്ട വിട്ടു പോയതു്. എങ്കിലും ചാരചക്ഷുസ്സുകളായ ശത്രുക്കളെ

ടെ കണ്ണിൽ പൊടിയിടുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. മൊഗളന്മാർ ഏറെത്താമസിയാതെ അദ്ദേഹത്തിനെ പിന്തുടന്നു കോട്ടയെ വളഞ്ഞു. ഗോവിന്ദൻ കോട്ടവാതിലുകഠം ബന്ധിച്ചു തനിക്കു ശക്തിയുണ്ടാക്കിത്തരേണമെന്നു വീണ്ടും ഭവാനിദേവിയെ പ്രാത്ഥിച്ചു.

ഓരോദിവസം കഴിയുന്തോറും ഗോവിന്ദൻെറ കഷ്ടപ്പാടുകളും വദ്ധിച്ചുവന്നു. ഭക്ഷണപദാത്ഥങ്ങഠം ക്രമത്തിൽ ചുരുങ്ങിത്തുടങ്ങി. അപ്പോഠം ഗോവിന്ദൻ മരിക്കാനൊരുങ്ങി എല്ലാവരേയും വിളിച്ചുവരുത്തി പറഞ്ഞു. "മരണം ഒഴിച്ചു മററു വഴിയൊന്നും ഞാൻ കാണുന്നില്ല. നിങ്ങളെല്ലാവരും സാഹസത്തോടുകൂടി വീരന്മാരെപ്പോലെ മരിക്കാൻ ഒരുങ്ങുവിൻ ഭാഗ്യംകൊണ്ടു ഞാൻ മരിച്ചില്ലെങ്കിൽ നിങ്ങളിൽ ഓരോരുത്തരുടേയും മരണത്തിന്നു ഞാൻ പകരം വീട്ടാതിരിക്കില്ലെന്നു നിങ്ങഠം മനസ്സിലാക്കിയാലും." ഇതു കേട്ടു ശിഖന്മാർ ഉത്സാഹഭരിതന്മാരായി ജയഘോഷം കൂട്ടി.

കോട്ടവളഞ്ഞ സൈന്യത്തിൻെറ നേതാക്കന്മാർ ഖോജാമഹമ്മദും നഹരഖാനും ആയിരുന്നു. ഗോവിന്ദനെ വശീകരിച്ചു കീഴടക്കാനുള്ള ആലോചനയോടുകൂടി അവർ കോട്ടയിലേക്കു ഒരു ദൂതനെ അയച്ചു. ദൂതൻ ചെന്നു ഗവ്വോടുകൂടി ഗോവിന്ദനോടു പറഞ്ഞു. "കോട്ടയെ വളഞ്ഞ സൈന്യം തൻെറ എതിരാളികളായ ക്ഷുദ്രരാജാക്കന്മാരുടെ അനുചരന്മാരല്ല. അവർ മഹാ പ്രതാപശാലിയായ അരംങ്ങസീബ് ചക്രവത്തിയുടെ സൈന്യതികന്മാരാണ്. അതുകൊണ്ടു ചക്രവത്തിയെ ബഹുമാനിച്ച് അദ്ദേഹത്തിന്നു കീഴടങ്ങുകയും സത്യധർമ്മമായ മുഹമ്മദുമത

ത്തെ സ്വീകരിക്കുകയും ചെയ്തു കൃതാൎത്ഥനായി ഭവി ച്ചാലും".

പിന്നെ ദൂതൻ അനാവശ്യമായ ഉപദേശങ്ങൾ ചെയ്വാൻ തുടങ്ങി. "ഞങ്ങളോടു് യുദ്ധം ചെയ്വാനുള്ള ആഗ്രഹം ദൂരെക്കളഞ്ഞാലും. സത്യധൎമ്മത്തിൻെറ നേരെ നിങ്ങൾക്കുള്ള അന്യായമായ വിരക്തിഭാവത്തെ ദൂരെക്കളഞ്ഞാലും. ഈ മാതിരി അസമയുദ്ധത്തിൽ നിങ്ങൾക്കു് ഒരിക്കലും ജയം ഉണ്ടാവുന്നതല്ല. പിന്നെ എന്തിനിങ്ങിനെ ബുദ്ധിമുട്ടുന്നു."

ഈ സമയത്തു ഗോവിന്ദൻെറ മൂത്തമകനും ബാലനുമായ അജിതസിംഹൻ സഭാസ്ഥലത്തുണ്ടായിരുന്നു. ധൎമ്മത്തേയും നേതാവിനേയും നിന്ദിക്കുന്നതു കേട്ടുനില്പാൻ ആ കുട്ടിക്കു കഴിഞ്ഞില്ല. ദൌത്യം ശരിയായി നിൎവ്വഹിക്കുക മാത്രമാണു ദൂതൻെറ കൃത്യം. അങ്ങിനെ ഇരിക്കെ ധൎമ്മത്തിനെ അധിക്ഷേപിക്കാനും ഗുരുവിനെ നിന്ദിക്കാനും അവനു് എന്തധികാരമാണു് ഉള്ളതു്? അജിതസിംഹൻ ദേഷ്യത്തോടുകൂടി വാളു ഉറയിൽനിന്നു ഊരി ദൂതനോടു പറഞ്ഞു. "മതി മതി എനി ഒരക്ഷരം മിണ്ടിയാൽ നിൻെറ തല ഈ വാളിന്നിരയാവും. ഞങ്ങളുടെ നാഥനെ ഈ മാതിരി ഉപദേശിക്കാനുള്ള ധാൎഷ്ട്യം നിനക്കുണ്ടായെല്ലോ. ഞാൻ നിന്നെ കഷണം കഷണമായി വെട്ടിനുറുക്കിക്കളയും." മൊഗളദൂതൻെറ സൎവ്വാംഗവും ദേഷ്യംകൊണ്ടു വിറച്ചു ഇങ്ങിനെ അപമാനിതനായിട്ടു അവൻ ഭയത്തോടുകൂടി മൊഗളന്മാരുടെ കൈനിലയിലേക്കു പോയി.

ഭീഷണികൊണ്ടു ഗുരുവിനെ വശത്താക്കാൻ കഴിയുന്നതല്ലെന്നുകണ്ടു സേനാപതിമാർ ഇരുവരും കോട്ടയെ

കൈവശപ്പെടുത്താനുള്ള ശ്രമം തുടങ്ങി. ഇരുഭാഗക്കാരും തമ്മിൽ ഭയങ്കരമായ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ എല്ലാവരും അമാനുഷമായ വീരത്വം കാണിച്ചിരുന്നു. ഗുരുപുത്രന്മാരായ അജിതസിംഹനും ജുഝാരസിംഹനും സിംഹപരാക്രമത്തോടുകൂടി യുദ്ധം ചെയ്തു് അച്ഛൻ കാണെത്തന്നെ പോൎക്കളത്തിൽ വീണുമരിച്ചു. ഈ സമയത്തു് അജിതസിംഹനു പതിനേഴും ജുഝാരസിംഹനു പതിമൂന്നും വയസ്സു പ്രായമായിരുന്നു. ശിഖന്മാർ ഈ യുദ്ധവൃത്താന്തത്തെ ഇന്നും വളരെ ആദരവോടുകൂടി സ്മരിച്ചുവരുന്നുണ്ടു്. ഗുരുപുത്രന്മാരിരുവരും മനുഷ്യദേഹം ഉപേക്ഷിച്ചു ദിവ്യഗതിയടഞ്ഞു എന്നും സൂൎയ്യലോകത്തിലേക്കു പോയി എന്നും ശിഖന്മാർ വിശ്വസിച്ചുവരുന്നു.

ഈ യുദ്ധത്തിൽ മരിക്കാനായി ശിഖന്മാർ തയ്യാറായി. ഈ അസമയുദ്ധത്തിൽ തങ്ങൾ ജയിക്കുമെന്നുള്ള ആശ ആകാശപുഷ്പംപോലെയാണെന്നു് അവർ അറിഞ്ഞിരുന്നു. ശിഖന്മാർ മിക്കപേരും ഓരോരുത്തരായി ഹനിക്കപ്പെട്ടു. ഈ യുദ്ധത്തിൽ ഗോവിന്ദൻ അനല്പമായ വീൎയ്യം പ്രദൎശിപ്പിച്ചു. എല്ലാവരുമൊന്നിച്ചു് അദ്ദേഹം തുല്യഭാവത്തോടുകൂടി യുദ്ധം ചെയ്തിരുന്നു. തൻെറ സ്വന്തം കൈകൊണ്ടു് അദ്ദേഹം മൊഗളസേനാധിപനായ നഹരഖാനെ വെട്ടിക്കൊല്ലുകയും ഖോജാമുഹമ്മദിനെ മുറിപ്പെടുത്തുകയും ചെയ്തു. എന്നാൽ ഗോവിന്ദൻ എത്രതന്നെ യുദ്ധം ചെയ്താലും അദ്ദേഹം തോല്ക്കുമെന്നുള്ളതു തീൎച്ചയായിരുന്നു. ഒടുക്കം അഞ്ചുപേർമാത്രം ശേഷിച്ചു. കൂരിരുട്ടായ രാത്രിയിൽ ഗോവിന്ദൻ ബാക്കിയുള്ളവരോടുകൂടി കോട്ടവിട്ടു് ഓടിപ്പോയി.

ഈ യുദ്ധത്തിൽ ശിഖവീരനായ ജീവനസിംഹൻ അളവററ വീരത്വവും മഹത്വവും കാണിച്ചു. പെരുവഴി അടിച്ചുകോരുന്ന നീചജാതിയിൽ ജനിച്ചവനാണെങ്കിലും അയാറം മഹാമനസ്സനായിരുന്നു. ഹൽദിഘട്ടത്തിൽ ദൈലവാരാധിപതിയും മഹാനുമായ് മാന്നാ ചെയ്യതു പോലെ അയാളും സ്വരാജ്യത്തിൻെറ ഗുണത്തെ ഉദ്ദേശിച്ചു ഗുരുവിൻെറ ജീവരക്ഷ ചെയ്യാൻ വേണ്ടി ഗുരുവിൻെറ വേഷം ധരിച്ചു മൊഗളന്മാരുടെ നേരെ ഊക്കോട്ടുകൂടി എത്തുന്നു. മൊഗളന്മാരാവട്ടെ അയാളെ ഗുരുവാണെന്നു തെററിദ്ധരിച്ചു കഠിനയുദ്ധം ചെയ്ത് അയാളെ കൊന്നു. ആ വീരൻ ഗുരുവിന്നുവേണ്ടി മുഖം ചുളിക്കാതെ തൻെറ പ്രാണനെ കളഞ്ഞു. അയാളുടെ മഹത്വത്തിൻെറ ബഹുമാനസൂചകമായി ശിഖന്മാർ ഗുരുപുത്രന്മാരുടെ ശവകുടീരത്തിന്നു തൊട്ട് അയാളുടെ ഒരു ശവകുടീരവും നിർമ്മിച്ചിട്ടുണ്ട്. വീരന്മാരുടെ യോഗ്യത വീരന്മാർതന്നെ അറികയുള്ളൂ.

## പതിന്നാലാമദ്ധ്യായം.

### കഠോരപരീക്ഷ.

ഗോവിന്ദൻ ഓടിപ്പോയതു ശരിതന്നെ. എന്നാൽ എവിടെക്കാണുപോകേണ്ടതു്, എന്താണു ചെയ്യേണ്ടതു് എന്നു തീർച്ചപ്പെടുത്താൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. തൻെറ സ്വജനങ്ങളിൽ മിക്കവരും മരിച്ചുപോയി. പ്രാണതുല്യന്മാരായ നാലുപുത്രന്മാർ അകാലമൃത്യുവെ പ്രാപിച്ചിരുന്നു

ശിഖസൈന്യത്തിൽ ചിലർ കൊല്ലപ്പെട്ടുകയും മററുചിലർ ഓടിപ്പോവുകയും ചെയ്തു. രാജ്യം ധനം മുതലായതെല്ലാം ശത്രുക്കളുടെ അധീനത്തിലായി. എന്നിട്ടും അദ്ദേഹം ഭഗ്നാശനായിത്തീൎന്നില്ല. ഈ വിധത്തിൽ ശക്തിഹീനനായിട്ടും സ്വജനങ്ങളും സമ്പത്തും നശിച്ചവനായിട്ടും അദ്ദേഹം സ്വാതന്ത്ര്യസിദ്ധിക്കുള്ള ആശ കൈവെടിഞ്ഞില്ല. എപ്പോഴും അദ്ദേഹം തൻെറ ഹൃദയഗുഹയിൽ സ്വാതന്ത്ര്യത്തിൻെറ മോഹിനീമൂൎത്തിയെ പ്രതിഷ്ഠിച്ച് അതിനെ പൂജിച്ചിരുന്നു. എത്രതന്നെ ഉപദ്രവം സഹിക്കേണ്ടിവന്നാലും എന്ത് ആപത്തുകഠം നേരിട്ടാലും അവയെഎല്ലാം തൃണീകരിച്ച ശിഖധൎമ്മം വൃദ്ധിയെ പ്രാപിക്കുമെന്നും ശിഖസമുദായം ഉന്നതസ്ഥിതിയിൽ വരുമെന്നും ഭാരതാകാശത്തിൽ ഒരു പുതിയ ആസൂൎയ്യൻ ഉദിക്കുമെന്നും ഉള്ള വിശ്വാസം കൈവിടാൻ അദ്ദേഹത്തിന്നു് ഒരുവിധത്തിലും കഴിഞ്ഞില്ല. ഇതു നിമിത്തം യൂറോപ്യന്മാരായ ചില ഗ്രന്ഥകൎത്താക്കന്മാർ അദ്ദേഹം വിചാരശക്തിഹീനനായ ഒരു ഭ്രാന്തനാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

ഗോവിന്ദൻ വാസ്തവത്തിൽ ഭ്രാന്തൻ തന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഭ്രാന്ത് വിചാരശക്തി ശൂന്യതയുടെ ഒരു പൎയ്യായമല്ല. അതു നല്ലവണ്ണം ആലോചന ചെയ്തതിൻെറ ശേഷം കാൎയ്യം നടത്താനുള്ള ബലമായ ഒരാഗ്രഹമാകുന്നു. എന്തു പ്രതിബന്ധവും ആപത്തും നേരിട്ടാലും ആ ആഗ്രഹത്തെ ഒതുക്കാൻ കഴിയുന്നതല്ല. ഈ മാതിരി ഭ്രാന്തുകൂടാതെ മഹത്തായ ഒരു കാൎയ്യവും സാധിക്കാൻ കഴിയുന്നതല്ല. ഈ മാതിരി ഭ്രാന്തുണ്ടായിട്ടില്ലെങ്കിൽ ഈ ലോകത്തിൽ മനുഷ്യന്നു് ഒരു കാ

ൎയ്യവും നിറവേററാൻ കഴിയുന്നതല്ല. ഈ ഭ്രാന്തുണ്ടായതു കൊണ്ടാണു രാജപുത്രനായ സിദ്ധാൎത്ഥൻ ലോകരക്ഷകനായ ശ്രീബുദ്ധദേവൻ എന്ന പേരിന്നു് അൎഹനായിത്തീൎന്നതു്. ഒരു സാധാരണ ബ്രാഹ്മണൻെറ പുത്രനായ ശങ്കരാചാൎയ്യർ ഭാരതവൎഷത്തിൽ ഒരു പുതിയ യുഗം ഏൎപ്പെടുത്തി ബൌദ്ധമതം ഖണ്ഡിച്ചു് അദ്വൈതമതം സ്ഥാപിച്ചു ലോകഗുരുവും ലോകപൂജ്യനും ആയിത്തീൎന്നതു ഈ ഭ്രാന്തുണ്ടായതുകൊണ്ടാണു്. ശ്രീചൈതന്യൻ അറിവില്ലാത്ത ആളുകൾക്കു ജ്ഞാനം സമ്പാദിക്കാൻ എളുപ്പമായ വഴി കണ്ടുപിടിച്ചതും നാനകൻ ഹിന്തുമുസൽമാന്മാരെ കൂട്ടിപ്പിടിച്ചു ശിഖധൎമ്മത്തെ ആവിൎഭവിപ്പിച്ചതും ഈ ഭ്രാന്തുണ്ടായതുകൊണ്ടു തന്നെയാണു്. പ്രതാപസിംഹനു പ്രതാപസിംഹനായിത്തീരാൻ കഴിഞ്ഞതും ശിവാജിക്കു ഭാരതവൎഷനവ യുഗത്തിലെ മാതൃകാപുരുഷനായിത്തീരാൻ സാധിച്ചതും വംശഹീനനായ പ്രതാപാദിത്യനും സീതാരാമനും പ്രബലന്മാരായ മൊഗളന്മാൎക്കു് എതിരായിനിന്നു യുദ്ധം ചെയ്യുവാനുള്ള സാഹസം ഉണ്ടായതും ഈ ഭ്രാന്തിൻെറ അടയാളമാകുന്നു. ഈ മാതിരി ഭ്രാന്തുതന്നെയാണു മനുഷ്യൻെറ പൌരുഷത്തെ വികസിപ്പിക്കുന്നതു്. അന്യനുവേണ്ടി ആത്മത്യാഗം ചെയ്യുന്ന പ്രവൃത്തിയുടെ ഉല്പത്തിസ്ഥാനം ഈ ഭ്രാന്തുതന്നെയാണു്. അന്യനുവേണ്ടിയും രാജ്യത്തിന്നുവേണ്ടിയും ധൎമ്മത്തിന്നു വേണ്ടിയും സത്യത്തിന്നു വേണ്ടിയും ഉള്ള ആത്മത്യാഗമാണു യഥാൎത്ഥമായ യജ്ഞം. ഈ മാതിരി യജ്ഞത്തെയാണു വിദ്വാന്മാർ സൎവ്വശ്രേഷ്ഠമായ യജ്ഞം എന്നു പറയുന്നതു്. മഹാത്മാവായ ഗോവിന്ദനും ഈ മാതിരി യജ്ഞത്തിന്നുവേണ്ടി തന്നെത്താൻ

ബലികഴിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ ഭ്രാന്തു സാധാരണ ഭ്രാന്തന്മാരുടെ ഭ്രാന്തുപോലെയല്ല അതു ഭക്തനായ കർമ്മശൂരൻെറ കർമ്മോന്മാദമാണ്. ഈ മാതിരി ഭ്രാന്താണ് എല്ലാദേശത്തിലും എല്ലാ ജാതിക്കാരുടെ ഇടയിലും മാതൃകയായിത്തീരണ്ടതു്.

അതു് എങ്ങിനെയെങ്കിലുമാവട്ടെ. ഗോവിന്ദൻ കോട്ടവിട്ടു മഹാവിപാരത്തോടുകൂടി യാത്ര തുടങ്ങി. കോട്ടവിട്ടു കുറച്ചു ദൂരം ചെന്നപ്പോൾ അദ്ദേഹം രണ്ടു പഠാണികളുമായി കണ്ടുമുട്ടി. മുമ്പ് ഒരു കാലത്തു ഗോവിന്ദൻ ഈ രണ്ടു പഠാണികൾക്കും ചില ഉപകാരങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോൾ അവർ ഗോവിന്ദൻെറ ശത്രുപക്ഷത്തിൽ ഉൾപ്പെട്ടവരായിരുന്നു എങ്കിലും അവർ പൂർവ്വോപകാരത്തെ മറന്നുകളഞ്ഞില്ല. ഗോവിന്ദനെ കണ്ടപ്പോൾ അവക്കു വളരെ സന്തോഷം തോന്നുകയും അദ്ദേഹത്തിന്നു ഉപകാരം ചെയ്വാനുള്ള തങ്ങളുടെ ആഗ്രഹത്തെ വെളിപ്പെടുത്തുകയും ചെയ്തു. ഈ സമയത്തു ഗോവിന്ദനും അവരുടെ സഹായം ഉപേക്ഷിക്കാൻ കഴിഞ്ഞില്ല. അവർ അദ്ദേഹത്തിന്നു വഴികാണിച്ചു മുമ്പിൽ നടന്നു. ക്രമത്തിൽ അവർ ശത്രുക്കളുടെ കൈനിലയുടെ സമീപത്തെത്തിയപ്പോൾ ഒരു കാവല്ക്കാരന്നു സംശയം തോന്നി. അവരാരെന്നു് അറിവാൻ വേണ്ടി അവൻ വിളക്കു കൊളുത്തികൊണ്ടുവരാൻ ശ്രമിക്കുന്നതിന്നിടയിൽ അവർ അവൻെറ കണ്ണിൽ പൊടിയിട്ടു് ഓടിപ്പോയി. ലൂധിയാന ജില്ലയിൽപെട്ട വെഹ്ലാലപുരത്തിൽ ചെന്നുചേന്നു.

വെഹ്ലാലപുരത്തിലെത്തിയ ശേഷം ഗോവിന്ദൻ കാജീമിരമഹമ്മദ് എന്നു പേരുള്ളവനും വിശുദ്ധഹൃദയ

നും ആയ ഒരുവനേ കണ്ടെത്തി. ഈയാൾ മുമ്പു ഗോവിന്ദനെ കൊറാനും മററും മുസൽമാൻ ശാസ്ത്രങ്ങളും പഠിപ്പിച്ചിട്ടുണ്ടായിരുന്നു. വളരെക്കാലം കഴിഞ്ഞു ഗോവിന്ദനെ കണ്ടപ്പോൾ മീരമുഹമ്മദിന്നു വളരെ സന്തോഷമുണ്ടായി. എന്നാൽ ഗോവിന്ദൻെറ അപ്പോഴത്തെ കഷ്ടാവസ്ഥകളെപ്പററി മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ വലിയ വിചാരമായി. കുറച്ചു നേരം ആലോചന ചെയ്തതിൻെറ ശേഷം മൊഗളപക്ഷക്കാർ ഗുരുവിനെ തിരിച്ചറിയാതിരിക്കാൻ വേണ്ടി ഗുരു കപടവേഷം ധരിക്കേണമെന്നു് അയാൾ നിശ്ചയിച്ചു. ഈ അവസരത്തിൽ വെഫ്ളാലപുരത്തു് ഏതാനും മൊഗളസൈന്യങ്ങൾ വന്നെത്തിയിരുന്നു. ഗുരു അവിടെ എത്തീട്ടുള്ള വിവരം അവർ എങ്ങിനെയെങ്കിലും അറിഞ്ഞാൽ അദ്ദേഹത്തിന്നു സർവ്വനാശം സംഭവിക്കും. ഗോവിന്ദൻ മീരമുഹമ്മദിൻെറ ഉപദേശത്തിൻെറ സാരം മനസ്സിലാക്കി ഉടനെ താനും കൂട്ടാളികളും ശിഖന്മാരുടെ വേഷം മാററി മുസൽമാന്മാർ ധരിക്കുന്ന നീലവസ്ത്രം ധരിക്കുകയും തലമുടി കെട്ടഴിച്ചിടുകയും ചെയ്തു. ദീക്ഷ കഴിഞ്ഞുമുതല്ക്കു തലമുടി എപ്പോഴും കെട്ടീട്ടാണു് ഇരുന്നതു്. എപ്പോഴും തലമുടി അഴിച്ചിടുന്നതു ശിഖന്മാരുടെ എടയിൽ നിന്ദ്യമായ ഒരു പ്രവൃത്തിയാണു്. ആപത്തിൽ പെട്ടതുകൊണ്ടു ശിഖന്മാരുടെ എടയിൽ വളരെക്കാലമായി നടപ്പുള്ള ആ നടവടിയെ ഗോവിന്ദനു ലംഘിക്കേണ്ടിവന്നു. ആ പല്ലാലങ്ങളിൽ എല്ലാ നടവടികളും ശരിയായി അനുഷ്ഠിക്കാൻ വളരെ പ്രയാസമാണല്ലൊ.

മുസൽമാൻ പക്കീരിയുടെ വേഷം ധരിച്ചതിന്നു ശേ

ഷം ഗോവിന്ദൻ പരമോപകാരിയായ മീരമുഹമ്മദിനോട്ട വളരെ നന്ദിപൂർവ്വം യാത്ര പറഞ്ഞു മാച്ഛിവയാറാ എന്ന നഗരത്തിലേക്ക പുറപ്പെട്ടു. വഴിയിൽവെച്ച് അദ്ദേഹത്തിനെ പിടിക്കാൻ മൊഗളന്മാർ വളരെ യത്നിച്ചു. അദ്ദേഹവും അവരുടെ കയ്യിലകപ്പെട്ട മട്ടിലായി. എന്നാൽ അവർ അദ്ദേഹത്തിൻെറ വേഷവും നീണ്ട മുടിയും കണ്ടു വഞ്ചിതന്മാരായി അദ്ദേഹത്തിനെ വിട്ടയച്ചു. മൊഗളന്മാർ അദ്ദേഹത്തിനെ ഒരു മുസൽമാനാണെന്നു തെററിദ്ധരിച്ചു. മീരമുഹമ്മദിൻെറ ഉപദേശംകൊണ്ട് അദ്ദേഹം ഈ യാത്രയിലും പിന്നീടു പല പ്രാവശ്യവും രക്ഷപ്രാപിച്ചു.

മാച്ഛിവയാറയിൽ ക്ഷത്രിയനായ ഗോവിന്ദൻെറ ഒരു ശിഷ്യൻപാർത്തു വന്നിരുന്നു. അവൻെറ പേരു ഗുലാബ് സിംഹൻ എന്നായിരുന്നു. അവൻെറ വീട്ടിന്നു സമീപത്തായി ഒരു മുസൽമാൻ പള്ളിയുണ്ടായിരുന്നു. ആ പള്ളിയിലെ മുസലിയാർ ഹിന്ദുക്കളുടെ പരമവിരോധിയും അന്ധവിശ്വാസിയുമായിരുന്നു. ഗോവിന്ദൻ പള്ളിയുടെ സമീപത്തിൽക്കൂടെ ശിഷ്യഗൃഹത്തിലേക്കുപോകുമ്പോൾ മുസലിയാർ എങ്ങിനെയോ അദ്ദേഹം ശിഖഗുരുവാണെന്നു മനസ്സിലാക്കി. അപ്പോൾ ശിഖഗുരുവിൻെറ ഉന്മൂലനാശം വരുത്തേണമെന്നുള്ള ദുഷ്ടവിചാരം മുസലിയാരുടെ മനസ്സിൽ പെട്ടെന്നു കടന്നുകൂടി. അവൻ ഗോവിന്ദനെ കലശലായി ശകാരിച്ചു. അവൻെറ ഈ മാതിരി അവിചാരിതമായ നടപടി കണ്ടു ഗോവിന്ദൻെറ മനസ്സ് ഇളകിവശായി. മുസലിയാരെ സമാധാനപ്പെടുത്താനുള്ള അവസരമോ ത്രാണിയോ അപ്പോൾ ഗോവിന്ദനുണ്ടായിരുന്നില്ല. തദനന്തരം മുസലിയാരെ സ്വാധീനപ്പെടുത്താനായി ഗു

ലാബ് സിംഹൻ വളരെ പണം കൊടുക്കാമെന്നു പറഞ്ഞു നോക്കി. എന്നാൽ അവൻ ഒരു വിധത്തിലും ശാന്തനായില്ല. ഒന്നുകിൽ താൻ ഗോവിന്ദനെ മുസൽമാൻ മതത്തിൽ ചേൎക്കും അല്ലെങ്കിൽ ഒടുവിൽ അദ്ദേഹത്തിനെ ഗോമാംസം തീററി അദ്ദേഹത്തിൻെറ വ്രതഭംഗം വരുത്തും എന്നിങ്ങിനെ മുസലിയാർ പ്രതിജ്ഞ ചെയ്തു.

ഇങ്ങിനെ ശപഥം ചെയ്തു മുസലിയാരു അപ്പോൾതന്നെ ഒരു പശുവിനെ കൊല്ലിച്ച് അതിൻെറ ഒരംശം വെട്ടപ്പായി വെപ്പിച്ചു ഗുരുവിന്നു ഭക്ഷിപ്പാൻ കൊടുത്തു. ഗുരു അതു ഭക്ഷിച്ചിട്ടില്ലെങ്കിൽ താൻ തീൎച്ചയായും ഗുരുവിനെ കൊല്ലുമെന്നു് അവൻ വീണ്ടും പ്രതിജ്ഞ ചെയ്തു. മുസിലിയാരു ബലാൽകാരേണ ഗോവിന്ദനെ ചേലയിൽ കൂട്ടാൻ ശ്രമിച്ചു. ഇങ്ങിനെ തൻെറ അധീനത്തിൽപെട്ട നിസ്സഹായനായ ശത്രുവിൻെറ നേരെ ബലം പ്രയോഗിക്കുന്നതു് ഏററവും നീചമായ പ്രവൃത്തിയാണ്. എന്നാൽ മതഭ്രാന്തന്മാർ ധൎമ്മത്തിൻെറ യഥാൎത്ഥതത്വം മനസ്സിലാക്കാതെ ബാഹ്യാനുഷ്ഠാനത്തിൽ താല്പൎയ്യമുള്ളവരായിത്തീരുന്നു. അന്യമതക്കാരെ നശിപ്പിക്കുന്നതിന്നു മുസൽമാൻ ശാസ്ത്രം അനുവദിച്ചിട്ടുണ്ടെങ്കിലും ഈ മാതിരി അന്യായ പ്രവൃത്തികൾ ചെയ്യാൻ ആ ശാസ്ത്രം ഒരു വിധത്തിലും അനുവദിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ക്രോധവശനായിട്ടു് ഏതൊരു കൎമ്മവും ചെയ്യുന്നതു മുസൽമാൻശാസ്ത്രപ്രകാരം ഏററവും നിഷിദ്ധമാണ്. ഇതുകൊണ്ടാണ മഹാനായ ആലികാലുപിടിച്ച ശത്രുവിനെ കൊല്ലാൻ ഒരുമ്പെട്ടിട്ടും അതിൽനിന്നു വിരമിച്ചതു്. ശത്രു അദ്ദേഹത്തിൻെറ മുഖത്തു കാക്കിരിച്ചു തുപ്പീട്ടുകൂടി അദ്ദേഹം ശത്രുവിനെ രക്ഷിച്ചതേ

യുള്ളു. എന്നാൽ ഔറങ്ങ്സീബ് ചക്രവർത്തിയുടെ കാലത്തു ഭാരതഖണ്ഡത്തിലെ മുസൽമാന്മാർ ഈ തത്വത്തെ മറന്ന് ഇതരമതക്കാരെ അന്യായമായി ഉപദ്രവിക്കുന്നതിൽ ബദ്ധശ്രദ്ധന്മാരായിരുന്നു. യഥാർത്ഥ ശാസ്ത്രാനുഷ്ഠാനത്തെ വെടിഞ്ഞു ശാസ്ത്രത്തിൻെറ പേരുപറഞ്ഞ് അന്യായം പ്രവൃത്തിക്കുന്നതു ധർമ്മമാണെന്ന് അന്നുമുതല്ക്കു മുസൽമാന്മാരുടെ ഇടയിൽ ഒരു ധാരണ കടന്നുകൂടി. ധർമ്മമേ! നിൻെറ പേരു പറഞ്ഞു ജനങ്ങൾ എന്തെല്ലാം അധർമ്മങ്ങൾ ചെയ്യുന്നു. എന്തെല്ലാം പാപങ്ങൾ ചെയ്യുന്നു. "ധർമ്മസ്യ തത്വം നിഹിതം ഗുഹായാം" എന്ന ആപ്തവാക്യം ഒട്ടറെ ശരിയാണ്. ഔറങ്ങ്സീബിൻെറ മതഭ്രാന്തു നിമിത്തം ക്രി. അ. പതിനേഴാം നൂറാണ്ടു മുതൽക്കു ഭാരതഖണ്ഡത്തിലെ മുസൽമാന്മാരുടെ നീതിക്ക് അധഃപതനം വന്നുതുടങ്ങി.

ഈവിധത്തിലുള്ള വലിയ ആപത്തിൽ പെട്ട് എന്താണു ചെയ്യേണ്ടതെന്ന് ആലോചിച്ചു ഗോവിന്ദൻ ധർമ്മസങ്കടത്തിലകപ്പെട്ടു. കുറച്ചുനേരം അദ്ദേഹം മാംസത്തെ തിരിച്ചും മറിച്ചും വെച്ചതിൻെറ ശേഷം തൻെറ കഠാരികൊണ്ട് അതിനെ കഷണം കഷണമാക്കി നുറുക്കി ഭക്ഷിച്ചു.

രാജ്യതന്ത്രനിപുണനായ ഗോവിന്ദൻെറ ഗോമാംസഭക്ഷണം സാധാരണശിഷ്ടാചാരത്തിനു വിപരീതമാണെന്നുള്ളതിനു തർക്കമില്ല. എന്നാൽ ഈ മാതിരി ദുർഘടാവസ്ഥയിൽ ഗോമാംസം ഭക്ഷിച്ചിട്ടും അനാവശ്യമായ മരണം കൂടാതെ കഴിക്കാമെങ്കിൽ അതുകൊണ്ട് എന്താണു ദോഷം ആപത്തിന്നു പാപമില്ലെന്നു പ്രമാണമുണ്ടല്ലോ. • യ

തൊരുത്തൻെറ ജീവിതയാത്രയിൽ സ്വാത്ഥലേശംപോലും കാണുന്നില്ലയോ സ്വരാജ്യോദ്ധാരണത്തിന്നും ക്ഷേമത്തിന്നും വേണ്ടി മാത്രം യാതൊരുത്തൻ തൻെറ ജീവിതം ഉഴിഞ്ഞു വെയ്ക്കുന്നുവോ അവൻ എപ്പോഴും സാധാരണ ആചാരപ്രകാരം നടക്കാൻ ബാദ്ധ്യസ്ഥനായിത്തീരുന്നില്ല. ജനസമുദായത്തിൻെറ നന്മയ്ക്കും നിലനില്പിന്നും വേണ്ടിയാണ് ആചാരങ്ങൾ ഏപ്പെടുത്തീട്ടുള്ളതു്. എന്നാൽ അവ എല്ലാം ജനസമുദായത്തിൻെറ ക്ഷേമത്തിന്നു പ്രതിബന്ധമായി വരുന്നുവോ അപ്പോഴും അവയേ അനുഷ്ഠിക്കേണമെന്നു ശഠിക്കുന്നതു ബുദ്ധിമാന്മാരുടെ ലക്ഷണമല്ല. ഗോവിന്ദൻെറ ഈ മാതിരി ഭക്ഷണംകൊണ്ടു ശിഖസമുദായത്തിന്നു യഥാത്ഥത്തിൽ ഒരു ദോഷവും നേരിട്ടില്ല. മറിച്ചു വിശേഷപ്രയോജനം വരുന്ന അവസരങ്ങളിൽ ഗോമാംസം ഭക്ഷിക്കത്തക്കതാണെന്നു ഗണിക്കപ്പെടുകയും ചെയ്തു. ഇതുകൊണ്ടാണു ശിഖരാജാവായ ബാന്ദ ശത്രുക്കളാൽ ചുററപ്പെട്ട കോട്ടയിൽ മററു ഭക്ഷണദ്രവ്യങ്ങൾ ഇല്ലാതായപ്പോൾ ലേശം കൂസൽകൂടാതെ ഗോമാംസം ഭക്ഷിച്ചു ജീവനേ രക്ഷിച്ചതു്.

## പതിനഞ്ചാം അദ്ധ്യായം.

### മുക്തസരം

പിറേറദിവസം പ്രഭാതത്തിൽ ഗോവിന്ദൻ ഈ നിന്ദ്യമായ നഗരം വിട്ടു ലൂധിയാനയിൽ നിന്നു മൂന്നുനാഴിക ദൂരത്തുള്ള കന്നീജാ എന്നു പേരായ ഒരു ഗ്രാമത്തി

ൽ എത്തിച്ചേൎന്നു. അവിടെ ഗോവിന്ദൻെറ ഒരു ശിഷ്യൻ പാൎത്തുവന്നിരുന്നു. ഗോവിന്ദൻ അവനോട് ഒരു കുതിരയെ കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിച്ചു. എന്നാൽ ആ ഗുരുദ്രോഹി മൊഗളന്മാരുടേ ശല്യത്തെ ഭയപ്പെട്ടു ഗുരുവിൻെറ അപേക്ഷയെ കയ്ക്കൊണ്ടില്ല. അപ്പോൾ ഗുരു വിഷണ്ണനായിട്ട് അവിടെ നിന്നു വേറെ ഒരു ദിക്കിലേക്കു പോയി. എന്നാൽ അദ്ദേഹം ആരോടെല്ലാം സഹായം ആവിശ്യപ്പെട്ടുവോ അവരെല്ലാവരും മൊഗളന്മാരുടെ ഉപദ്രവത്തെ ഭയപ്പെട്ടു അദ്ദേഹത്തിൻെറ അപേക്ഷയെ തിരസ്കരിച്ചതെയുള്ളു. പിന്നെ നിസ്സഹായനായ ഗുരു ജലന്ധരദോയാബിലെ പലസ്ഥലത്തും ഗോപ്യമായി സഞ്ചരിച്ചുതുടങ്ങി ഒരു സ്ഥലത്തും അദ്ദേഹം അധികദിവസം ഒന്നായി താമസിച്ചില്ല. ഈ വിധത്തിൽ അദ്ദേഹം പാതിയാലാ രാജ്യത്തിലേ മിക്കസ്ഥലങ്ങളും സഞ്ചരിച്ചുകണ്ടു.

ഇങ്ങിനെ സഞ്ചരിച്ചുംകൊണ്ടു ഗുരു രൈകൊടയിൽ നിന്നുപത്തുനാഴിക ദൂരത്തുള്ള ജലപുരാ എന്നു പേരായ ഒരു ഗ്രാമത്തിൽ എത്തിച്ചേരുകയും അവിടേ എട്ടുദിവസം താമസിക്കുകയും ചെയ്തു. പിന്നെ സ്വന്തവേഷംധരിച്ചു ഭതിന്ദാ എന്ന വനപ്രദേശത്തിൻെറ അതൃത്തിയിലേക്കുപോയി. ഈ ദിക്കിൽ ഹരിഗോവിന്ദൻെറയും തേഗബഹാദുരൻെറയും വളരെ ശിഷ്യന്മാർ ഉണ്ടായിരുന്നു. ഗുരു ആ ദിക്കിൽ വന്ന വിവരം കേട്ട് അവർ കൂട്ടം കൂട്ടമായി അദ്ദേഹത്തിനെ കാണാൻ ചെന്നു. ചമകൌഡകോട്ടയിൽ വെച്ച് അദ്ദേഹത്തിനെ ശത്രുക്കൾ കൊന്നു എന്ന് അവർ ഇതിനുമുമ്പു കേട്ടിട്ടുണ്ടായിരുന്നു. ഇപ്പോൾ ആ വൎത്തമാനം ശരിയല്ലെന്നു മനസ്സിലായപ്പോൾ തങ്ങളുടെ സന്തോഷവും

ഗുരുവിൻെറ നേരെയുള്ള സഹതാപവും കാണിക്കനുള്ള അവസരം അവർ വെറുതേ കളഞ്ഞില്ല.

ഈ സഞ്ചാരകാലത്തു ഗോവിന്ദനു പലവിധക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നു. മൊഗളന്മാരെക്കുറിച്ചു അദ്ദേഹത്തിന്നു വളരെ ഭയം ഉണ്ടായിരുന്നു. പിന്നെ ആപത്തുകാലത്തു സ്വന്തം ശിഷ്യന്മാർ കൂടി അദ്ദേഹത്തിന്നു സാമാന്യമായ സഹായം ചെയ്യാൻ സങ്കോചം കാണിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന്നു ചില ദിവസങ്ങൾ ആഹാരം കൂടാതെയും മററുചില ദിവസങ്ങളിൽ ഫലമൂലം മാത്രം ഭക്ഷിച്ചും കാലക്ഷേപം കഴിക്കേണ്ടിവന്നു. തന്നിമിത്തം കോടകാപുരത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്നു ദേഹസുഖം ഇല്ലാതായിത്തീൎന്നു. സുഖക്കേടു മാറുന്നതുവരെ അദ്ദേഹത്തിന്നു് ഈ സ്ഥലത്തു താമസിക്കേണ്ടതായി വന്നു.

സൈന്യം ശേഖരിക്കാൻ വേണ്ടി ഗോവിന്ദൻ എപ്പോഴും ശ്രമിച്ചു വന്നിരുന്നു. നശിച്ചുപോയ പദവിപുനരുദ്ധാരണം ചെയ്യുന്നതിന്നായി അദ്ദേഹത്തിൻെറ മനസ്സ് എല്ലായ്പ്പോഴും വ്യഗ്രമായിരുന്നു. എന്നാൽ ഇതുവരെ അതിന്നു തക്ക അവസരം കിട്ടിയില്ല. ഗോവിന്ദൻ അതിപ്രയത്നം ചെയ്തിട്ടും അദ്ദേഹത്തിൻെറ സൈന്യത്തിൽ ചേരാൻ ആൎക്കും ധൈൎയ്യമുണ്ടായില്ല. എന്നാൽ ഒരുക്കാലത്തും ഇടവിടാതെയും ഉള്ള പരിശ്രമത്തിൻെറ ഫലം അത്യത്ഭുതമായിട്ടുള്ളതാണു്. ഈ സ്ഥലത്തു താമസിക്കുന്നകാലത്തു ഗോവിന്ദൻെറ മനോരഥം സഫലമായിത്തീൎന്നു. കാലാൾപ്പടകളും കുതിരപ്പടകളും കൂടി പന്തീരായിരം ഭടന്മാർ അദ്ദേഹത്തിൻെറ കൊടിക്കീഴായിൽ കീ

ഴിൽ വന്നു ഹുങ്കാരംചെയ്യും. ഗുരു ആനന്ദഭരിതനായി ഈശ്വരനെനന്ദിപൂർവ്വം സ്മരിച്ചു. "എന്തുവാൻ ദൈവത്തിനു സാദ്ധ്യമല്ലാതകാര്യം" എന്നതിൻെറ തത്വം ഗുരുവിന്നു ദൃഷ്ടാന്തപ്പെട്ടു.

ഗോവിന്ദൻ സൈന്യം ശേഖരിച്ച വിവരം താമസിയാതെ മൊഗളന്മാരുടെ ചെവിയിൽ പെട്ടപ്പോഠം അദ്ദേഹത്തിൻെറ അദ്ധ്യവസായത്തെ ഓത്തു അവർ ആശ്ചര്യപ്പെട്ടുപോയി. പിന്നെ അദ്ദേഹത്തിൻെറ ശക്തി നശിപ്പിക്കാൻ വേണ്ടി അവർ നല്ലവണ്ണം ഉത്സാഹിച്ചു. സിരഹിന്ദപതി വേഗത്തിൽ ഏഴായിരം ഭടന്മാരേ ശേഖരിച്ചു ഗർവ്വോടുകൂടി ഗോവിന്ദനു് എതിരായി പുറപ്പെട്ടു. ഗുരുവും അദ്ദേഹം വരുന്ന വിവരം അറിഞ്ഞു് ഒരു മരുഭൂമിയിൽ കൈനിലകെട്ടി മൊഗള സേനാപതിയേ കാത്തുകൊണ്ടിരുന്നു.

താമസിയാതെ സിരഹിന്ദപതി ആ മരുപ്രദേശത്തിലെത്തി. എന്നാൽ ഗുരുവിൻെറ നേരേ ആക്രമിക്കുന്നതിന്നു മുമ്പായി ഒരു കൂട്ടം ശിഖന്മാർ പെട്ടെന്നു് എവിടേയോനിന്നു് അവിടെവന്നു മൊഗളന്മാരേ ആക്രമിച്ചു. ഈ ശിഖന്മാർ മുഴുവനും ഗോവിന്ദൻെറ കല്പന അനുസരിക്കാതെ മുഖവയാല് കോട്ടവിട്ടുപോയി ഗോവിന്ദൻെറ സകല ആപത്തുകഠംക്കും കാരണഭൂതന്മാരായിരുന്നു. വീട്ടിലെത്തിയപ്പോഠം അവർ ചെയ്യുതു തെററാണെന്നു ബോദ്ധ്യം വരികയാൽ അവക്കു് അന്തസ്താപം മുഴുത്തുവശായി. തങ്ങളുടേ ആ മഹാപാപത്തിന്നു പ്രായശ്ചിത്തം ചെയ്യാനായി അവർ എപ്പോഴും അവസരം നോക്കിക്കൊണ്ടിരുന്നു. ഇപ്പോഠം തക്ക ചാക്കു കിട്ടിയപ്പോഠം അവർ നാല്പതു പേർ

മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും അവർ ഒളിസ്ഥലത്തിൽ നിന്നു പെട്ടെന്നു പുറത്തേക്കു പുറപ്പെട്ടു മൊഗളന്മാരോടെതൃത്തു. അവരുടെ പൊടുന്നനവേയുള്ള ഈ ആക്രമണത്തെ തടുക്കാൻ മൊഗളസേനാപതി ആദ്യം തയ്യാറായിരുന്നില്ല.

അതുകൊണ്ടു മൊഗളസേന കുറച്ചു പരിഭ്രമിച്ചു വശായി. എങ്കിലും ഇത്ര എണ്ണം കുറഞ്ഞ ശിഖന്മാർ അസംഖ്യഭടന്മാരോടുകൂടിയ മൊഗളന്മാരോട് എത്രനേരം എതൃത്തു പെരുതും? അല്പനേരത്തിന്നുള്ളിൽ ശിഖവീരന്മാർ യുദ്ധം ചെയ്തുംകൊണ്ടു് തങ്ങളുടെ പ്രാണൻ കളഞ്ഞു. തങ്ങൾ ചെയ്ത പാപങ്ങൾക്കു തക്ക പ്രായശ്ചിത്തം ചെയ്തു. അവരുടെ ആ സാഹസവും ഉന്മാദനയുംകണ്ടു മൊഗളസേനാപതി അമ്പരന്നുപോയി.

ദൂരത്തുനിന്നു് ഈ അപൂർവ്വമായ യുദ്ധംകണ്ടു ഗോവിന്ദനും ആശ്ചര്യപ്പെട്ടു. ഈ അപരിചിതന്മാരായ ശിഖന്മാർ എവിടെനിന്നു വന്നവരാണെന്നും എന്തുകൊണ്ടാണു് അവർ മൊഗളന്മാരെ ഈ വിധത്തിലാക്രമിച്ചതു എന്നും അറിവാനായി ഗുരുവിന്നു വളരെ താല്പര്യം ഉണ്ടായി. എന്നാൽ തൻെറ ആഗ്രഹനിവൃത്തിക്കു് ഉപായമൊന്നും അദ്ദേഹം കണ്ടില്ല. ഇപ്പോൾതന്നെ മൊഗളന്മാർ തന്നെ ആക്രമിക്കും. ഗോവിന്ദൻെറ സൈന്യങ്ങൾ ആത്മരക്ഷയ്ക്കു വേണ്ടി വ്യൂഹം ഉറപ്പിച്ചുനിന്നു. അപരിചിതന്മാരായ ശിഖന്മാരുടെ ആത്മബലികണ്ടു് അവരുടെ ഉത്സാഹം നൂറിരട്ടി വർദ്ധിച്ചു. ഒന്നുകിൽ ജയം അല്ലെങ്കിൽ മരണം എന്നുറച്ചുംകൊണ്ടു "ശ്രീഗുരുജയിക്കട്ടെ" എന്നും മററുമുള്ള ഘോഷം കൂട്ടിക്കൊണ്ടു് അവർ മൊഗളസൈന്യങ്ങളോടു

16 AUG 1917



എത്തി. താമസിയാതെ ശിഖന്മാരും മൊഗളന്മാരും തമ്മിൽ ഭയങ്കരയുദ്ധം ഉണ്ടായി. ആ യുദ്ധത്തിൽ വിലാസികളായ മൊഗളന്മാർ തോററ പോക്കളംവിട്ടു പോകേണ്ടിവന്നു. കാടിപ്പോകുന്നതും അവക്ക് അത്ര വളരെ സുഖകരമായി ഭവിച്ചില്ല. ജലദുർഭിക്ഷം നിമിത്തം അവർ വളരെ സങ്കടം അനുഭവിക്കേണ്ടിവന്നു. ആ മരുഭൂമിയിൽ ജലാശയങ്ങൾ അധികം ഉണ്ടായിരുന്നില്ല. ഒന്നോ രണ്ടോ ഉണ്ടായിരുന്നതിനെ ഗോവിന്ദൻ മുങ്കൂട്ടി കൈവശപ്പെടുത്തീട്ടുണ്ടായിരുന്നു. മൊഗളന്മാരുടെ പക്കൽ ഉണ്ടായിരുന്ന വെള്ളമെല്ലാം പോക്കളത്തിൽ എത്തുന്നതിന്നുമുമ്പായിതന്നെ കഴിഞ്ഞിരുന്നു. യുദ്ധസമയത്തു് അവരുടെ ദാഹം വദ്ധിച്ചുവന്നു. ഒരു വിധത്തിലും അവക്ക് വെള്ളം കിട്ടാനുള്ള മാർഗ്ഗം ഉണ്ടായില്ല. ജലദുർഭിക്ഷമാണു് അവരുടെ തോല്മക്കു മുഖ്യകാരണമെന്നു പറയാവുന്നതാണു്. ക്രി. അ 170ാം-ാമാണ്ടിലാണു് ഈ യുദ്ധം ഉണ്ടായതു്.

യുദ്ധം കഴിഞ്ഞശേഷം മുറിയേററ കിടക്കുന്ന സൈന്യങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി ഗോവിന്ദൻ പോക്കളത്തിൽ വീണുകിടന്നിരുന്ന ഓരോ ഭടന്മാരുടേയും അരികെ ചെന്നു് അവക്കുവേണ്ട ശുശ്രൂഷാദികൾ ചെയ്യാൻ തുടങ്ങി. ഇങ്ങിനെ ഓരോരുത്തനെ സൂക്ഷിച്ചറിഞ്ഞും ശുശ്രൂഷിച്ചും കൊണ്ടു നടന്നു ഗോവിന്ദൻ അപരിചിതന്മാരായ ശിഖഭടന്മാർ വീണു കിടന്നിരുന്ന സ്ഥലത്തെത്തി. അവരെല്ലാവരും മരിച്ചുപോയതായി ഗോവിന്ദൻ കണ്ടു. ഒരുവൻ മാത്രം ശ്വാസം വലിച്ചു കിടക്കുന്നുണ്ടു്. അവൻെറ പ്രാണൻ പോയിട്ടില്ല. ഗുരു വളരെ താല്പയ്യത്തോടുകൂടി അവനെ ശുശ്രൂഷിക്കാൻ ഒരുങ്ങി. ഗുരു അവനെ തൊട്ടു

പ്പോൾ അവൻ കണ്ണുമിഴിച്ചു ഗുരുവിൻെറ നേരെ നോക്കി. അവൻെറ നോട്ടം കണ്ടപ്പോൾ ഗുരുവിന്നു വളരെ വ്യസനം ഉണ്ടായി. ആ നോട്ടം അവൻെറ ഉള്ളിലുള്ള വ്യസനത്തെ സൂചിപ്പിച്ചിരുന്നു. മരിക്കാറായിക്കിടക്കുന്ന ആ ശിഖൻ ഗുരുവിനെ കണ്ടറിഞ്ഞപ്പോൾ വളരെ പണിപ്പെട്ടു പതുക്കെപ്പതുക്കെ തൻെറയും കൂട്ടാളികളുടേയും വിവരങ്ങൾ മനസ്സിലാക്കിക്കൊടുത്തു. ഗുരുവിനെ ധിക്കരിച്ച ശിഖന്മാരെ ക്ഷമിക്കേണമെന്നു് അപേക്ഷിച്ചു. ഗുരു അവർ ചെയ്യ പ്രായശ്ചിത്തം കാത്തു് അത്ഭുതപ്പെട്ടു അവരെല്ലാവരേയും പ്രത്യേകം പ്രത്യേകം അനുഗ്രഹിച്ചു. ഗുരുവിൻെറ ആശിർവ്വാദം കേട്ടുംകൊണ്ടു് ആ വീരൻെറ കണ്ണടയുകയും അവൻ അനന്തനിദ്രയെ പ്രാപിക്കുകയും ചെയ്തു.

യുദ്ധത്തിൽ ജയിച്ചതിൻെറശേഷം ഗോവിന്ദൻ ആ പോർക്കളത്തിൽ വളരെ വിശാലമായ ഒരു കുളം കുഴിപ്പിച്ചു അതിന്നു "മുക്തസരം" എന്ന പേർ കൊടുത്തു. ഈ മുക്തസരത്തിൽ നിന്നാണു് ഈ പ്രദേശത്തിന്നു ഒടുക്കം'മുക്തസരം എന്ന പേരുണ്ടായിത്തീൎന്നതു്. മുമ്പെ അതിൻെറ പേരു വേറെ ഒന്നായിരുന്നു. മുക്തസരം ഇപ്പോൾ ശിഖന്മാരുടെ ഒരു പ്രധാന തീൎത്ഥസ്ഥലമായിത്തീൎന്നിരിക്കുന്നു. എല്ലാ കൊല്ലത്തിലും മാഘമാസത്തിലെ സംക്രാന്തി ദിവസം ഇവിടെ വളരെ ശിഖന്മാർവന്നു് ഒരു മഹോത്സവം കൊണ്ടാടുന്നുണ്ടു്.

ഈ സരസ്സിനു മുക്തസരം എന്ന പേർ വന്നതു് എങ്ങിനെയാണെന്നു സൂക്ഷ്മമായി അറിവാൻ കഴിയുന്നില്ല എന്നാൽ ഇവിടെവെച്ചു വളരെ പേർ മുക്തിയടഞ്ഞിരിക്കുന്നതുകൊണ്ടു സരസ്സിന്നു് ഈ പേരുണ്ടായതാണെന്നു ഗോ

വിന്ദൻ പറഞ്ഞതായി ഒരു കേൾവിയുണ്ടു്. യുദ്ധത്തിൽ മരിച്ച ശിഖന്മാരുടെ ഓൎമ്മരക്ഷകൾക്കുവേണ്ടിയും മററുള്ള ശിഖന്മാരെ പ്രോത്സാഹിപ്പിക്കാൻവേണ്ടിയും ഈ മനോഹരമായ ക്ഷേത്രം ഈ സരസ്സിന്നു കൊടുത്തതായിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

## പതിനാറാം അദ്ധ്യായം

### രാജധാനിയിലേക്കു്

മുക്തസരത്തിൽ കുറച്ചുകാലം താമസിച്ചതിന്റെ ശേഷം ഗുരു ദേശസഞ്ചാരം ചെയ്തുകൊണ്ടു് ആനന്ദപുരരാജധാനിക്കഭിമുഖമായി യാത്രചെയ്തു. വഴിമദ്ധ്യത്തിൽ ഗുരു മാളവപ്രദേശത്തിലുള്ള ഒരു ഗ്രാമത്തിന്റെ നിസ്തുല്യമായ സൌന്ദൎയ്യംകണ്ടു മോഹിതനായിട്ടു് അവിടെ കുറച്ചുകാലം താമസിച്ചു. അദ്ദേഹത്തിന്റെ താമസത്തിന്നുവേണ്ടി ഉണ്ടാക്കിയ കെട്ടിടത്തിന്നു "ദമദമാസാഹിബ്" എന്ന പേർ ആണു ശിഖന്മാർ പറഞ്ഞുവരുന്നതു്. ഈ കെട്ടിടത്തിന്റെ പേരുതന്നെ ക്രമത്തിൽ ആ ഗ്രാമത്തിന്നും സിദ്ധിച്ചു. ശിഖന്മാർ ഈ സ്ഥലത്തിനെ ഒരു പുണ്യക്ഷേത്രമായി കരുതിപ്പോരുന്നു. ഇതു ശ്രീകാശിയെപ്പോലെ പരിശുദ്ധമായ സ്ഥലമെന്നാണു് അവരുടെ വിശ്വാസം. ഇവിടെ താമസിക്കാൻ സുകൃതികൾക്കു മാത്രമെ ഭാഗ്യമുണ്ടാവൂ. ഏററവും മൂഢനായ ഒരുവൻകൂടി ഇവിടെ താമസിച്ചാൽ ജ്ഞാനിയായിത്തീരുമെന്നു പ്രസിദ്ധിയുണ്ടു്. ഇതു നിമിത്തം പല ദിക്കുകളിൽനിന്നും ശിഖന്മാർ ഇവിടെവന്നു

താമസിക്കുന്നുണ്ട്. ഈ ദിക്കു വിദ്യക്ക് ശ്രുതിപ്പെട്ടതാണ്. ഇവിടത്തെ കവികൾ പഞ്ചാബി (ഗുരുമുഖി) സാഹിത്യത്തെ ഉജ്ജ്വലമാക്കി ചെയ്തിട്ടുണ്ട്.

മുഖവയാലക്കോട്ട വിട്ടുപോകുന്ന സമയത്തു സുന്ദരണമാതാവിനേയും ദിവാനസാഹോബിമാതാവിനേയും വിശ്വസ്തനായ ഒരു അനുചരന്റെ രക്ഷയിൽ വേറെ ഒരു ദിക്കിലേക്കയച്ചു ഗുരുജിതോജി, മാതാവൊന്നിച്ചു ചമകൌറക്കോട്ടയിൽ രക്ഷപ്രാപിച്ചിരുന്നു. അവിടെവെച്ചു ജിതോജീമാതാവു പരലോകം പ്രാപിച്ചു. അവളുടെ മരണം എങ്ങിനെയാണു സംഭവിച്ചതു് എന്നു ഇതുവരേയും നല്ലവണ്ണം അറിവാൻ കഴിഞ്ഞിട്ടില്ല. ദുഷ്ടന്മാരായ മൊഗളന്മാർ അവളെ കൊന്നതാണെന്നൊരു കേൾവിയുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ച വിശ്വസിക്കത്തക്കതായി ഒരു ലക്ഷ്യം ഇതുവരെ കണ്ടുകിട്ടീട്ടില്ല. മററുള്ളമാതാക്കന്മാർ രണ്ടു പേരും ദില്ലിയിൽ ചെന്നു ഗുപ്തമായി അവിടെ താമസിച്ചു വന്നിരുന്നു. ഇപ്പോൾ ഗുരുവിന്റെ വിജയവർത്തമാനം കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഒന്നിച്ചു താമസിക്കാനുള്ള അതിയായ ഉൽകണ്ഠാനിമിത്തം അവർ ദമദമയിലേക്കുപോയി ഗുരുവിന്റെ കാക്കൽ നമസ്കരിച്ചു. വളരെക്കാലം ദുഃഖവും വേർപാടും സഹിച്ചതിന്റെ ശേഷം അവർ ഒന്നിച്ചുകൂടി. അപ്പോൾ ദുഃഖം പൊറുക്കാൻ വയ്യാതെ സുന്ദരണമാതാവു "അയ്യോ! എന്റെ കുട്ടികളെല്ലാം എവിടെപ്പോയി" എന്നിങ്ങിനെ പറഞ്ഞു കരഞ്ഞുതുടങ്ങി. ഗുരു ഒരു വിധത്തിലും ധൈര്യക്ഷയം കാണിക്കാതെ ധർമ്മപത്നിയുടെ കണ്ണീർ തുടച്ചുംകൊണ്ടു പതുക്കെ ഇങ്ങിനെ പറഞ്ഞു. "കുട്ടികൾ മരിച്ചുപോയതു ശരിതന്നെ

ന്നെ. എന്നാൽ അവക്കു പകരമായിട്ടു നീ ശിഖന്മാരെല്ലാവരുടേയും ഹൃദയത്തെ ജയിച്ചിരിക്കുന്നു. അവരെല്ലാവരും നിൻെറ സന്താനങ്ങളാണ്. നീ അവക്കു മാതൃസ്നേഹം ദാനം ചെയ്തു അവരെല്ലാവരുടേയും അമ്മയായി ഭവിച്ചാലും".

ദമദമാ എന്ന ദിക്കിൽ താമസിക്കുന്ന കാലത്തു ഗോവിന്ദൻ "വിചിത്രനാടകം" എന്നു പേരായതും പരമപൂജ്യവുമായ "ദശബാംപദ്ശാദ്കാഗ്രന്ഥസാഹിബ" എന്ന ചരിത്രത്തിൻെറ ആദ്യത്തെ അദ്ധ്യായം എഴുതി സംസ്കൃതബഹുലമായ അതിൽനിന്നു ഗോവിന്ദൻ തൻെറ ജീവചരിത്രത്തിൻെറ ഒരു സംക്ഷേപം ശ്ലോകരൂപത്തിൽ ഉണ്ടാക്കി.

ശിഖഗുരുക്കന്മാർ മിക്കവരും അല്പമായ ചില സ്തോത്രങ്ങൾ ഉണ്ടാക്കിയിരുന്നു. അവരുടെ സകല കൃതികളും ചില ഭക്തന്മാരുടെ കൃതികളും ഒന്നായിച്ചേത്തു അഞ്ചാമത്തെ ഗുരു ഒരു ഗ്രന്ഥം നിമ്മിച്ചു. ഇതിന്നു പിന്നീടു "ആദിഗ്രന്ഥം എന്ന പേർ സിദ്ധിച്ചു. പിന്നെ ഇതിൽ ഒമ്പതാമത്തെ ഗുരുവിൻെറ സ്തോത്രങ്ങൾകൂടി കൂട്ടിച്ചേത്തു. ഒഴിച്ചുകൂടാത്ത എന്തോ കാരണത്താൽ പത്താമത്തെ ഗുരു തീരെ പുതുതായ ഒരു സമ്പ്രദായത്തിൽ ഒരു വലിയ ഗ്രന്ഥം നിമ്മിച്ചു. "ആദിഗ്രന്ഥം കേവലം ഈശ്വരസ്തോത്രങ്ങളുടെ ഒരു സമഷ്ടിയായിരുന്നു. എന്നാൽ "ദശബാം-വാദ്ശാഹകാഗ്രന്ഥ"ത്തിൽ ഈശ്വരസ്തോത്രങ്ങൾ കൂടാതെ രാജനീതി സംബന്ധമായ വിമശ്ശങ്ങളും കാലോചിതമായ ചരിത്രകഥകളും കൂടി കാണപ്പെടുന്നുണ്ടു.

തക്കസമയത്തു ഗുരു ദമദമാപ്രദേശം വിട്ടു രാജധാ

നിയിലേക്കു ചെന്നു. സിരഹിന്ദനഗരം വഴിമദ്ധ്യത്തിലായിരുന്നു. പാപകരമായ ഈ സിരഹിന്ദത്തിൻെറ പേരു കേൾക്കുമ്പോൾ ഇപ്പോഴും സകലരുടെ ഹൃദയത്തിലും ക്രോധാഗ്നി ജ്വലിക്കുന്നതാണ്. അന്യായമായ പകയോടുകൂടി മൊഗളന്മാർ ഗോവിന്ദൻെറ പുത്രന്മാരെ കുലചെയ്തു സിരഹിന്ദചരിത്രത്തെ—കേവലം സിരഹിന്ദചരിത്രത്തെമാത്രമല്ല—മൊഗളപ്രഭുത്വത്തിൻെറ ചരിത്രത്തെക്കൂടെ—കളങ്കിതമാക്കിത്തീൎത്തു. ഈ നീചനഗരത്തെ ഉന്മൂലനാശം ചെയ്വാൻ ശിഖന്മാൎക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു എന്നാൽ ധീരനായ ഗോവിന്ദൻ അതിന്നു് അനുകൂലിച്ചില്ല. ഒരുത്തൻെറ പാപത്തിന്നുവേണ്ടി എല്ലാ നഗരവാസികൾക്കും ശിക്ഷ കൊടുക്കാൻ ഉദാരഹൃദയനായ ഗോവിന്ദനു് ഒട്ടും സമ്മതമുണ്ടായിരുന്നില്ല. ഗോവിന്ദൻ പുത്രന്മാരുടെ ശവം കിടന്നിരുന്ന മതിലിൻെറ സമീപത്തിരുന്നു് ഓരോ ആലോചനകൾ തുടങ്ങി. പഴകിയിരുന്ന അദ്ദേഹത്തിൻെറ ദുഃഖങ്ങൾ പുതുതായിപ്പൊട്ടിപ്പൊങ്ങിവന്നു. ഇതുവരെ മനസ്സിലൊതുക്കിയിരുന്ന ദുഃഖങ്ങളെ തടുത്തുനില്ക്കാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. അദ്ദേഹത്തിൻെറ കവിൾത്തടങ്ങളിൽക്കൂടെ കണ്ണീർ ചുടുചുടേ ഒഴുകിത്തുടങ്ങി. ബാലന്മാരായ പുത്രന്മാരുടെ കഥയെ ഓൎത്തപ്പോൾ അദ്ദേഹത്തിൻെറ സഹനശക്തിയും ഉത്സാഹശക്തിയും എല്ലാം ഇല്ലാതായി. ഗോവിന്ദസിംഹൻ സാധാരണ ഒരു മനുഷ്യനെപ്പോലെ ആയിത്തീൎന്നു. തൻെറ മനസ്സിൻെറ യാതൊരു തേജോവൈഭവംകൊണ്ടു ഗോവിന്ദൻ ഇതുവരെ കഷ്ടത്തിനെ കഷ്ടമായും ആപത്തിനെ ആപത്തായും ഗണിക്കാതെ വന്നിരുന്നുവോ ആ തേജഃപ്രഭാവവും ഇപ്പോൾ ഇല്ലാ

തായിത്തീൎന്നു. ഗോവിന്ദൻ നിരാശനായിട്ടു സിരഹിന്ദം വിട്ടുപോയി. പോകുന്നതിന്നുമുമ്പായി അദ്ദേഹം ആ നഗരത്തെ ശപിച്ചു. അദ്ദേഹത്തിൻെറ ആ ശാപം ഏറെത്താമസംകൂടാതെ ഫലിച്ചു. മഹിമയോടുകൂടിയിരുന്ന ആ സിരഹിന്ദം നാമാവശേഷമായിഭവിച്ചു. ആ നഗരത്തിൽ പാഴായിക്കിടക്കുന്ന കെട്ടിടങ്ങളും അവയുപയോഗിച്ച സാധനങ്ങൾകൊണ്ടു ഇടതൂൎന്നുകിടക്കുന്ന പെരുവഴികളും കണ്ടാൽ ആ നഗരം ഇപ്പോഴും ഗോവിന്ദൻെറ ശാപത്തെ ഏററു കിടക്കുകയാണൊ എന്നു തോന്നിപ്പോകും.

ഈ നിന്ദ്യമായ നഗരത്തിൽക്കൂടെ ശിഖന്മാരാരെങ്കിലും ഗംഗാസ്നാനത്തിന്നു പോകുന്നതായാൽ അവർ പോകുന്ന സമയത്തും മടങ്ങുമ്പോഴും ഓരോ ഇഷ്ടക യമുനയിലും ശതദ്രുനദിയിലും ഇടണമെന്നു ഗോവിന്ദൻ ശിഖന്മാരോടു ആജ്ഞാപിച്ചു. അങ്ങിനെ ചെയ്യാഞ്ഞാൽ അവരുടെ ആസ്നാനത്തിന്നു ഫലമുണ്ടാവില്ലെന്നും പറഞ്ഞു. ഇപ്പോഴും ശിഖന്മാർ ഭക്തിയോടുകൂടി ഈ നടവടി അനുസരിച്ചുവരുന്നുണ്ടു.

ഗോവിന്ദൻ സിരഹിന്ദത്തിന്നു ഒരു പുതിയ പേരു കൊടുത്തു. ആ പേരു അതിൻെറ ചിരന്തനദുഷ്കീൎത്തിയെ നിലനിൎത്തുന്നതാണു. ഗുരുപുത്രന്മാരുടെ വധസ്ഥലമായതുകൊണ്ടു ഇതിന്നു "ഗുരുമാര" എന്ന പേർ കൊടുത്തു.

കുലചെയ്യപ്പെട്ട പുത്രന്മാരുടെ ഓൎമ്മ ശിഖന്മാരുടെ മനസ്സിൽ വളരെക്കാലം നിലനില്ക്കുന്നതിന്നുവേണ്ടി ഗോവിന്ദൻ ഈ നഗരത്തിൽ ഒരു മന്ദിരം പണിചെയ്യിച്ചു. ശിഖന്മാർ ഇന്നും ആ പവിത്രമായ മന്ദിരത്തെ സന്ദൎശിച്ചു തങ്ങ

ളുടെ മഹിമയേറിയ പൂൎവ്വചരിത്രത്തെ സ്മരിച്ചു നൈരാശ്യമാകുന്ന ഇരുട്ടിന്റെ ഇടയിൽക്കൂടെ അല്പമായ ആശയുടെ ഒരു വെളിച്ചം കാണുന്നുണ്ടു്. അതില്ലെങ്കിൽകൂടി ക്ഷണനേരമെങ്കിലും അധഃഗതിയെ പ്രാപിച്ചതും ഭക്തിശൂന്യവുമായ ആധുനികശിഖന്മാരുടെ മനസ്സിൽ ഗുരുഭക്തന്മാരും തങ്ങളുടെ ജീവനെ ബലികഴിച്ചവരും തേജസ്വികളും ആയ പൂൎവ്വപുരുഷന്മാരുടെ മഹിമ ഉദിക്കുന്നുണ്ടു്.

## പതിനേഴാം അദ്ധ്യായം

### ജീവനസന്ധ്യാ

വളരെക്കാലം കഴിഞ്ഞു ഗോവിന്ദൻ മുഖവയാലത്തിലേക്കു മടങ്ങിച്ചെന്നു. അക്കാലത്തു് ഔരംഗസീബ് തെക്കേ ഇന്ത്യയിലായിരുന്നു. ഈ സമയത്തു വേണ്ടതുകയത്നംചെയ്തിരുന്നുവെങ്കിൽ ഗോവിന്ദനു തന്റെ ജീവിതപ്രയത്നം സഫലമാക്കാൻകഴിയുമായിരുന്നു. പഞ്ചാബു് ഒരു സ്വതന്ത്രരാജ്യമായിത്തീരുമായിരുന്നു. എന്നാൽ ഗോവിന്ദൻ അതിന്നുവേണ്ട യത്നങ്ങളൊന്നും ചെയ്തില്ല. അദ്ദേഹം ഇങ്ങിനെ അലസനായി ഒന്നും ചെയ്യാതിരിക്കാനുള്ള കാരണം ആരാഞ്ഞറിവാൻ ശ്രമിക്കുന്നതായാൽ മനസ്സിന്റെ തളൎച്ചയാണു് അദ്ദേഹത്തിന്റെ ഈ മാതിരി നടവടിക്കു കാരണം എന്നു കാണാവുന്നതാണു്. ഗുരു എത്രതന്നെ വീരനായിരുന്നു എങ്കിലും അദ്ദേഹത്തിന്നു എത്രതന്നെ ദേവത്വം ഉണ്ടായിരുന്നു എങ്കിലും അദ്ദേഹം ഒരു മനുഷ്യൻ

തന്നെയായിരുന്നു. മനുഷ്യസുലഭമായ കഷ്ടപ്പാടുകളിൽനിന്നും തളൎച്ചയിൽനിന്നും അദ്ദേഹത്തിന്നു് എങ്ങിനെ മോചനം സിദ്ധിക്കും? ഇപ്പോൾ അദ്ദേഹത്തിൻെറ പുത്രന്മാർ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്നു് എത്ര ആനന്ദമുണ്ടാകുമായിരുന്നു. അങ്ങിനെയായിരുന്നു എങ്കിൽ അദ്ദേഹം ആനന്ദത്തോടുകൂടി ആനന്ദപുരത്തിലേക്കു തിരിച്ചുവരുമായിരുന്നു. എന്നാൽ ഇപ്പോൾ ആനന്ദപുരം അദ്ദേഹത്തിന്നു് ആനന്ദത്തെ നല്കിയില്ല. ഗൃഹത്തിൻെറ ശൂന്യത കണ്ടും പുത്രന്മാരുടെ മരണം ഓൎത്തും ആരുടെ മനസ്സിന്നാണു് ഇടിവുവരാത്തതു്? മനുഷ്യനായാൽ അവനെ ഈ ദുഃഖം തീൎച്ചയായും വലപ്പിക്കും. തൻെറ ഓമനമകളുടെ കയ്യിലുണ്ടായിരുന്ന അപ്പകഷണം ഒരു കാട്ടുപൂച്ച പിടുങ്ങികൊണ്ടുപോയപ്പോൾ അവളുടെ കരച്ചിൽ കേട്ടു പ്രതാപസിംഹന്നു് അതിയായ മനോവേദനയുണ്ടായി. ആ മനോവേദന സഹിക്കാൻ കഴിയാതെ അദ്ദേഹം ദില്ലി ചക്രവൎത്തിക്കു കീഴടങ്ങാൻ തീൎച്ചപ്പെടുത്തി. താനില്ലാത്തപ്പോൾ നിസ്സഹായന്മാരായ തൻെറ പുത്രന്മാരെ ജീവനോടുകൂടി ഭൂമിയിൽ കഴിച്ചിടപ്പെട്ടതും ഭക്ഷണദ്രവ്യം പൊയ്പോയതുകൊണ്ടുള്ള കന്യകയുടെ കരച്ചിലും തമ്മിൽ മഹത്തായ അന്തരമുണ്ടു്. യാതൊരു പ്രിയപുത്രന്മാരെ ആലിംഗനംചെയ്തു പരമാനന്ദസുഖം അനുഭവിക്കാൻ കഴിയുമൊ യാതൊരു പുത്രന്മാരുടെ സുമധുരമായ മുഖകാന്തി കണ്ടാൽ സകല ക്ഷീണതകളും ദൂരെ നീങ്ങിപ്പോകുമോ നിസ്സഹായന്മാരായ ആ പുത്രന്മാരെ മൊഗളന്മാർ നിഷ്ഠൂരതയോടുകൂടി അകാലമൃത്യുവേ പ്രാപിപ്പിച്ചു. ഇനി ഒരിക്കലും അദ്ദേഹത്തിന്നു് അവരെ കാണ്മാ

ൻ കഴിയില്ലല്ലോ. അവരുടെ ശ്രുതിമധുരമായ വാക്കു കൾ ഇനി കേൾക്കാൻ അദ്ദേഹത്തിന്നു ഭാഗ്യമില്ലാതായി. ഈ ദുഃഖം മനുഷ്യന്നു സഹിക്കാൻ കഴിയാത്തതാണ്. ഈ അസഹ്യദുഃഖത്തെയും ഒതുക്കി ഗോവിന്ദൻ പൂൎണ്ണോത്സാഹത്തോടുകൂടി സൈന്യം ശേഖരിക്കുകയും മുഖാന്തരത്തിൽ വെച്ചു നഷ്ടപ്രായമായിരുന്ന ശിഖഗൌരവത്തെ പുനരുദ്ധാരണം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിൻെറ ജീവിതോദ്ദേശ്യം ഏതാണ്ടു സഫലമായി എങ്കിലും അതിൻെറ പൂൎണ്ണസാഫല്യം കാണാൻ അദ്ദേഹത്തിന്നു ഭാഗ്യമുണ്ടായില്ല; ഇതുവരേയും പഞ്ചാബ് മുഴുവനും അദ്ദേഹത്തിൻെറ അധീനത്തിലായില്ല. അതിന്നു വേണ്ട പരിശ്രമം ചെയ്വാൻ അദ്ദേഹം തുനിഞ്ഞതുമില്ല.

ക്ഷീണിതനായ ഗോവിന്ദന്നു രാജ്യകാൎയ്യങ്ങളിൽനിന്നു പിൻവലിക്കാൻ ആഗ്രഹമുണ്ടായിരുന്നു എങ്കിലും യോഗ്യനായ ഒരു പിന്തുടൎച്ചക്കാരൻ ഇല്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ ആഗ്രഹം നിറവേററാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. യാവനൊരുത്തന്നു പ്രയാസംകൂടാതേയും തൎക്കംകൂടാതേയും സകല ശിഖന്മാരേയും കൊണ്ടുനടത്താൻ സാധിക്കുമോ, യാതൊരുവൻെറ കല്പനയേ ശിഖന്മാരെല്ലാവരും മുഖം ചുളിക്കാതെ ആദരിക്കുമോ, പൂൎണ്ണമായി ഫലിക്കാത്ത ഗോവിന്ദൻെറ ആഗ്രഹത്തെ പൂൎത്തിയാക്കാൻ യാവനൊരുത്തൻ സമൎത്ഥനാവുമോ അങ്ങിനെയുള്ള ഒരു യോഗ്യപുരുഷൻ ശിഖന്മാരുടെ ഇടയിൽ ഇതുവരെ ഉണ്ടായിരുന്നില്ല. ഒരു നേതാവിന്നു വേണ്ട ഗുണങ്ങൾ തികഞ്ഞ ഒരുവനേ കണ്ടുകിട്ടുന്നതുവരെ രാജ്യകാൎയ്യങ്ങളിൽനിന്നു പിൻവലിക്കാൻ ഗോവിന്ദന്നു നിവൃത്തിയില്ലാതെവന്നു.

അദ്ദേഹം രാജ്യകാൎയ്യങ്ങളിൽ ഏൎപ്പെട്ടിരുന്നു എങ്കിലും അദ്ദേഹത്തിന്നു മുമ്പിലുള്ള ഉത്സാഹം ഉണ്ടായില്ല. അദ്ദേഹത്തിൻെറ മനസ്സിൽ ശാന്തി പ്രാപിക്കാനുള്ള ആഗ്രഹം ക്രമത്തിൽ പ്രബലപ്പെട്ടുവന്നു.

തെക്കെ ഇന്ത്യയിൽ താമസിച്ചിരുന്ന ഔരംഗസീബ് ചക്രവൎത്തി ഈ ഘട്ടത്തിൽ ഗോവിന്ദൻെറ ബന്ധുത സമ്പാദിക്കാൻ വേണ്ടി ഒരു ദൂതനെ അയച്ചു. മുക്തസരത്തിൽവെച്ചു തൻെറ സൈന്യങ്ങൾ തോററ വിവരം അറിഞ്ഞു ചക്രവൎത്തി വളരെ വ്യാകുലനായിത്തീൎന്നു. മൊഗളസാമ്രാജ്യത്തിലെ വീരകേസരികൾ മിക്കവരും ഈ സമയത്തു ദക്ഷിണ ഇന്ത്യ പിടിച്ചടക്കാൻവേണ്ടി അവിടേക്കു പോയിരിക്കയായിരുന്നു. ഈ സ്ഥിതിയിൽ ഗോവിന്ദസിംഹന്നു പഞ്ചാബ് മുഴുവനും പിടിച്ചടക്കാൻ എളുപ്പത്തിൽ സാധിക്കുമായിരുന്നു. കൂടതന്ത്രങ്ങളിൽ മിടുക്കനായ ഔറംഗസീബ് തൻെറ തല്ക്കാലദൌൎബ്ബല്യത്തെ ഓൎത്തു നല്ല വാക്കുകൾകൊണ്ടും ശിഷ്ടാചാരംകൊണ്ടും ഗോവിന്ദനെ സമാധാനപ്പെടുത്തി വശീകരിക്കാൻ ഉത്സാഹിച്ചു. എന്നാൽ ഗോവിന്ദൻ ചക്രവൎത്തിയുടെ വലയിൽ പെട്ടില്ല. പാരസീകഭാഷയിൽ നൂററിപ്പതിനാലു ശ്ലോകങ്ങളുണ്ടാക്കി അവയെ ഒരെഴുത്തോടുകൂടി ഗോവിന്ദൻ അഞ്ചു ശിഷ്യന്മാരെ ചക്രവൎത്തിയുടെ അടുക്കലയച്ചു. "ഹികായത് ജാഫർനാമ" എന്ന പേരുള്ള ഈ എഴുത്തു 'ദശബാവാദ്ശാഹകാ' എന്ന ഗ്രന്ഥത്തിൽ ചേൎത്തിട്ടുണ്ടു്. എഴുത്തിൻെറ ഒടുവിൽ ഗോവിന്ദൻ ഇങ്ങിനെ എഴുതിയിരുന്നു. ചക്രവൎത്തിയുടെ നേരെ തനിക്കു ലേശം വിശ്വാസമില്ല. ശിഷ്യന്മാർ അദ്ദേഹത്തിൻെറ നേരെ പ്രതിക്രിയ ചെയ്യാൻ നോ

ക്കും താൻ പുത്രഹീനനാണെന്നുള്ള കഥ പ്രസ്താവിച്ച് അദ്ദേഹം വീണ്ടും എഴുതിയിരുന്നു. തനിക്ക് ഇനി ഭൂമിയിൽ ഒരു ബന്ധവും ഇല്ല. ഇപ്പോൾ താൻ മരണം കാത്തിരിക്കയാണ്. രാജാക്കന്മാരുടെ രാജാവും ഏകമാത്ര ചക്രവർത്തിയും ആയ ഈശ്വരനെ ഒഴിച്ചു താൻ ആരേയും ഭയപ്പെടുന്നതല്ല.

ഗോവിന്ദൻെറ ഈ എഴുത്തു വായിച്ചു ചക്രവർത്തി പുറത്തേക്കു ഭാവഭേദമൊന്നും കാണിക്കാതെ അഞ്ചു ശിഖന്മാരുടെ നേരെ മര്യാദയോടുകൂടി അനുവർത്തിക്കുകയും ഗുരുവിനെ കൂട്ടിക്കൊണ്ടുവരാനായി വീണ്ടും അവരെത്തന്നെ ദൂതന്മാരുടെ നിലയിൽ ആനന്ദപുരത്തിലേയ്ക്കു് അയയ്ക്കുകയും ചെയ്തു. എന്നാൽ ഗുരു അതും കൈക്കൊണ്ടില്ല. ഗുരുവിൻെറ ഈ അഹമ്മതിക്കു പകരംവീട്ടാൻ കഴിയുന്നതിനുമുമ്പായി ക്രി. അ. 1707-ാമാണ്ടു ഫിബ്രുവരിമാസം 27-ാംനു- മൊഗളവംശത്തിൻെറ അവസാനസൂര്യനായ അറംഗസീബ് ചക്രവർത്തി ആമേദനഗരത്തിൽവെച്ച് അസ്തമനം പ്രാപിച്ചു. ഉടനേതന്നെ രാജ്യമാസകലം അരാജകമായിത്തീന്നു. രാജ്യം കിട്ടാനുള്ള മോഹംകൊണ്ടു ചക്രവർത്തിയുടെ പുത്രന്മാർ തങ്ങളുടെ ചോരബന്ധത്തെ മറന്നുകളഞ്ഞു. ഒരു സോദരനു മറെറാരു സോദരൻെറ മാറിടത്തിൽ മൂച്ചകൂടിയ കഠാരികൊണ്ടു കുത്താൻ ലേശം കൂസലുണ്ടായില്ല. വൃദ്ധനായ മുയാജീമ സകല പ്രതിബന്ധങ്ങളേയും നീക്കി സോദരന്മാരുടെ രക്തംകൊണ്ടു തൻെറ വാളിനെ ദൂഷിപ്പിച്ചു 'ബാഹാദുരസാഹ' എന്ന സ്ഥാനപ്പേരോടുകൂടി ദില്ലിയിലെ രാജസിംഹാസനത്തെ ആരോഹണംചെയ്തു. അപ്പോൾ അദ്ദേഹത്തിന്നു 67 വയസ്സു പ്രായമായിരുന്നു.

ജ്യേഷ്ഠാനുജന്മാർ തമ്മിൽ കലഹിച്ചിരുന്ന ഈ അവസരത്തിൽ സ്വസ്ഥനായിരിക്കാൻ ഗോവിന്ദനു കഴിഞ്ഞില്ല. എന്തു വിചാരിച്ചിട്ടാണു ഗുരു ബാഹാദുരസാഹയ്യു വേണ്ടത്തക്ക ഒത്താശ ചെയ്യുതു് എന്നറിയാൻ കഴിയുന്നില്ല. തക്ക സഹായം ചെയ്യു എന്നു മാത്രമല്ല ഗുരു ചക്രവത്തികൾ കീഴടങ്ങുകയുംകൂടി ചെയ്യു. ഗോവിന്ദൻ ഇപ്രകാരം ചെയ്യാനുള്ള കാരണം എന്താണെന്നു നമുക്കു് അറിയാൻ കഴിയുന്നില്ല. എന്തെങ്കിലും ഒരു കാരണം ഊഹിക്കാൻകൂടി ഞെരുക്കമായിരിക്കുന്നു. അവർ ഇരുവരും തമ്മിൽ ഏററവും പ്രീതിയുണ്ടായി. ചക്രവത്തി ഗുരുവിനെ അയ്യായിരം കുതിരപ്പടയാളികളുടെ അധിപനായി നിശ്ചയിച്ചിരിക്കുന്നു എന്നും ഗുരു തെക്കേ ഇന്ത്യയിലേക്കു യുദ്ധത്തിനു പോയാൽ കൊള്ളാമെന്നുമുള്ള വിവരം ചക്രവത്തി ഗുരുവിനെ അറിയിച്ചു. ഗുരു സന്തോഷത്തോടുകൂടി അതിന്നു സമ്മതിക്കുകയും ചെയ്യു.

പഞ്ചാബ് വിട്ടുപോകുന്നതിനു മുമ്പായി ഗുരുവും പാവ്വത്യരാജാക്കന്മാരും തമ്മിൽ ഒരു യുദ്ധം ഉണ്ടായി. ആ യുദ്ധത്തിൽ രാജാക്കന്മാക്കു ഭയങ്കരമായ തോൽമ പററി. അതിന്നുശേഷം ശിഖസമാജത്തിൻെറ നിലനില്പിന്നു വേണ്ടത്തക്ക ഏപ്പ്പാടുകളും ചെയ്യു ഗുരു ദക്ഷിണഇന്ത്യയിലേക്കു പോയി. ഈ അവസരത്തിൽ ഗുരു തൻെറ രണ്ടു ഭായ്യമാരേയും ദില്ലിയിലേക്കു് അയക്കാൻ ശ്രമിച്ചപ്പോൾ സാഹിബദിവാന മാതാവിന്ന ഭത്താവിനെ വിട്ടുപിരിയാൻ ലേശം സമ്മതമുണ്ടായില്ല. അപ്പോൾ ഗോവിന്ദൻ സുന്ദരണമാതാവിനെ ദില്ലിയിലേക്കയച്ചു സാഹിബദിവാനമാതാവിനെ തൻെറ ഒന്നിച്ചു കൂട്ടിക്കൊണ്ടുപോയി. എന്നും

ൽ തെക്കേ ഇന്ത്യയിൽ എത്തി അധികം നാൾ കഴിയുന്നതിന്നു മുമ്പിൽതന്നെ ഗുരു അവളേയും ദില്ലിയിലേക്കു പറഞ്ഞയച്ചു. ശിഖന്മാരാൽ പൂജിക്കപ്പെട്ടവരായ അവർ രണ്ടുപേരും ഭൎത്താവിനെ ആരാധിച്ചുംകൊണ്ടു കാലക്ഷേപം കഴിച്ചു. ദില്ലിയിലെത്തി അല്പകാലം കഴിഞ്ഞപ്പോൾ സാഹിബദിവാനമാതാവു് ഇഹലോകവാസം ഉപേക്ഷിച്ചു ഭൎത്താവിന്റെ ആത്മാവിനോടുകൂടിച്ചേൎന്നു. സുന്ദരണമാതാവാകട്ടെ വളരെക്കാലം ജീവിച്ചിരുന്നു ശിഖന്മാരെ പുത്രനിൎവ്വിശേഷം സ്നേഹിച്ചു് അവരുടെ നന്മയ്ക്കുവേണ്ടി പലവിധ ശ്രമങ്ങളും ചെയ്തുവന്നു.

തന്റെ അവസാനകാലത്തു ഗോവിന്ദൻ പഞ്ചാബു് ഉപേക്ഷിച്ചുപോയതു് എന്തുകൊണ്ടാണെന്നും ചക്രവൎത്തിക്കു കീഴടങ്ങാനുള്ള കാരണം എന്താണെന്നും അറിവാൻ പ്രയാസമായിരുന്നു. ആരുടെ നേരെ യുദ്ധംചെയ്യാനാണു് അല്ലെങ്കിൽ വേറെ എന്തുകാൎയ്യം ഉദ്ദേശിച്ചാണു ചക്രവൎത്തി ഗോവിന്ദനെ തെക്കേ ഇന്ത്യയിലേയ്ക്കയച്ചതു് എന്നറിവാനും വളരെ ഞെരുക്കമായിരുന്നു. ഊഹാപോഹങ്ങൾകൊണ്ടു നോക്കുന്നതായാൽ ചക്രവൎത്തി മാരാഠന്മാരോടു യുദ്ധം ചെയ്യാൻ വേണ്ടിയാണു ഗോവിന്ദനെ അയച്ചതു് എന്നു വിചാരിക്കാൻ വഴിയുണ്ടു്. ഇതുകൊണ്ടു ചക്രവൎത്തിയുടെ കൂടകൌശലവും നല്ലവണ്ണം വെളിപ്പെടുന്നതാണു്. ശിഖമാരാഠന്മാർ തമ്മിൽ യുദ്ധം ഉണ്ടായാൽ അതുകൊണ്ടുള്ള നാശം ശിഖമാരാഠന്മാൎക്കുതന്നെയാണല്ലൊ. മറിച്ചു ഗുരു ജയിച്ചാൽ അതിന്റെ ഫലം മൊഗളന്മാൎക്കു് അനുഭവിക്കുകയും ചെയ്യാം. എന്നാൽ ഗോവിന്ദൻ തെക്കേ ഇന്ത്യയിൽ പോയി വല്ല യുദ്ധത്തിലും ഏൎപ്പെട്ടതായി ഒരു

പ്രമാണവും കാണാൻ കഴിയുന്നില്ല. ഇതു നമുക്ക് ആശ്വാസത്തെ തരുന്നതാണ്.

ഗുരു ദക്ഷിണ ഇന്ത്യയിൽ താമസിക്കുന്ന കാലത്തു് അദ്ദേഹവും ഒരു വൈരാഗിയുമായി പരിചയമായി. വൈരാഗിക്ക ധർമ്മതത്വങ്ങളിൽ മാത്രമല്ല യുദ്ധവിദ്യയിലും നല്ല അറിവുണ്ടായിരുന്നു. ഗുരുവുമായി സംസാരിച്ചപ്പോൾ വൈരാഗിക്ക ഗുരുവിൻെറ മഹത്വത്തെപ്പററി വളരെ ബഹുമാനമുണ്ടായതുകൊണ്ടു് അയാൾ ഗുരുവിൻെറ ശിഷ്യസ്ഥാനം സ്വീകരിക്കുകയും അയാൾക്ക "ബാന്ദാ" അല്ലെങ്കിൽ "ശ്രീഗുരുദാസൻ" എന്നു പേർ സിദ്ധിക്കുകയും ചെയ്തു. ബാന്ദാവിന്നു ശിഖന്മാരുടെ നായകനാവാൻ വേണ്ടതക്ക യോഗ്യതയുണ്ടെന്നറിഞ്ഞു് ഗുരു അയാളെ തൻെറ ഒന്നിച്ചു പാർപ്പിച്ചു് അയാൾക്ക തക്ക ഉപദേശങ്ങൾ ചെയ്തുകൊടുത്തു. ശിഖധർമ്മത്തെ വ്യവസ്ഥപ്പെടുത്തുന്നതിന്നു വേണ്ടി അദ്ദേഹം ചില നിയമങ്ങൾ ഏൎപ്പെടുത്തി ഇതിന്നുമുമ്പിൽതന്നെ അദ്ദേഹം തൻെറ പ്രതിനിധിസ്വരൂപമായി ചില ഗുരുമഠങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഗുരുഗ്രന്ഥത്തോടുകൂടി അഞ്ചു ഖാലസന്മാരുടെ സമ്മേളനത്തിന്നു "ഗുരുമഠം" അല്ലെങ്കിൽ "സംഗതം" എന്ന പേർ പറഞ്ഞുവരുന്നു. ഗുരുവിൻെറ അഭാവത്തിൽ ഈ മാതിരി സഭകളാണു ശിഖന്മാരുടെ ധർമ്മഗതിയെ പരിശോധിക്കുന്നതു്. കാൎയ്യംകൊണ്ടു ധർമ്മഗുരുവിൻെറ അധികാരങ്ങൾ ഗുരുമഠങ്ങൾക്കായിത്തീൎന്നു. ബാന്ദാവിനെ ശിഖരാജാവാക്കി പഞ്ചാബിനെ മുഴുവനും സ്വാധീനമാക്കാൻ അയാളെ ഏല്പിച്ചയക്കണമെന്നു ഗോവിന്ദനു് ആഗ്രഹമുണ്ടായിരുന്നു. ശിഖന്മാരുടെ ധർമ്മനീതിയുടെ

മേലന്വേഷണത്തിന്നുള്ള അധികാരം ഗുരു ബൊന്ദാവിന്നു കൊടുത്തില്ല.

ക്രമത്തിൽ ഗുരുവിൻെറ അവസാനകാലം അടുത്തുകൂടി. തൻെറ അവസാനം അടുത്തു എന്നു ഗുരു മുൻകൂട്ടി അറിഞ്ഞ് ഒരു പൎണ്ണശാല തീൎത്ത് അതിൽ സാധുക്കളം ശിഷ്യന്മാർ മുതലായവരോടുകൂടി പരമാനന്ദത്തോടുകൂടി താമസിച്ചു തൻെറ മരണദിവസം കാത്തുകൊണ്ടിരുന്നു. ഈ സമയത്ത് ഒരു പഠാണി ആരും കാണാതെ ഒരു കഠാരി കൊണ്ടു ഗുരുവിൻെറ മാൎവ്വിടത്തിൽ കുത്തി. അവൻ ഈ മാതിരി ഭയങ്കരകൃത്യംചെയ്തതു് അച്ഛൻെറ വധത്തിന്നു പകരംവീട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നു് ഒരു കേൾവിയുണ്ട്. എന്തെങ്കിലുമാവട്ടെ അവൻെറ ആ കുത്തുകൊണ്ടു ഗുരുവിന്നു പ്രാണഹാനി വന്നില്ല. നല്ല ചികിത്സക്കാരുടെ ശ്രദ്ധയോടുകൂടിയ ശുശ്രൂഷകൊണ്ടു് അദ്ദേഹം ക്രമത്തിൽ സ്വാസ്ഥ്യം പ്രാപിച്ചുതുടങ്ങി. എങ്കിലും അദ്ദേഹത്തിന്നു ജീവിച്ചിരിപ്പാനുള്ള ആഗ്രഹം ഇല്ലാതായി. വ്രണം തീരെ ഉണങ്ങുന്നതിന്നുമുമ്പായി ഗുരു ഒരിക്കൽ ഒരു വില്ലെടുത്തു് അതിൽ ഞാൺ കെട്ടാൻ ശ്രമിക്കയുണ്ടായി. ഈ ശ്രമംകൊണ്ടു വ്രണം വീണ്ടും പൊട്ടുകയും അതിൽനിന്നു ചോര ധാരമുറിയാതെ ഒലിച്ചുതുടങ്ങുകയും ചെയ്തു. അപ്പോൾതന്നെ വ്രണം മരുന്നുവെച്ചുകെട്ടി എങ്കിലും ഗുരുവിൻെറ വേദന ക്രമത്തിൽ വൎദ്ധിച്ചുവന്നു. തൻെറ മരണം അടുത്തിരിക്കുന്നു എന്നറിഞ്ഞ ഗുരു ഒരു പല്ലക്കിൽ കയറി ഗോദാവരി തീരത്തുള്ള നദേറ പട്ടണത്തിലേക്കു ചെന്നു. അവിടെവെച്ചു താൻ ഉടനെ മരിക്കുമെന്നുള്ള വിവരം ഗുരു ശിഖന്മാരെ അറിയിച്ചു. അവിടെ കുറെ ദിവസം ഒരു വ

ധത്തിൽ കഴിച്ചുകൂട്ടി. എന്നാൽ വേദനയ്ക്കു ലേശം കുറവുവന്നില്ല. ഗുരു മരുന്നുകളെല്ലാം ഉപേക്ഷിച്ചു. അദ്ദേഹത്തിന്റെ കല്പനപ്രകാരം അവിടെ ഒരു യാഗം കഴിച്ചു. അനവധി ബ്രാഹ്മണൎക്കും വൈരാഗികൾക്കും അന്നവും വസ്ത്രങ്ങളും കൊടുത്തു. പിന്നെ ഒരു ദിവസം തന്റെ ശവസംസ്കാരത്തിന്നും മറ്റും വേണ്ട വിറകു വസ്ത്രം മുതലായതു ശേഖരിക്കാൻ ഗുരു കല്പനകൊടുത്തു. കല്പനകൊടുത്ത ഉടനെ അദ്ദേഹം മോഹാലസ്യപ്പെട്ടു. ഗുരുവിന്റെ അവസാനകാലം അടുത്തതുകൊണ്ടു ശിഖന്മാർ ചന്ദനംകൊണ്ടു് ഒരു വിശേഷമായ ചിതവെച്ചു ശവസംസ്കാരത്തിന്നു വേണ്ട ഒരുക്കങ്ങളെല്ലാം കൂട്ടി. മരിക്കുന്നതിന്നു് ഒരു മണിക്കൂറു മുമ്പു ഗുരുവിന്നു ബോധം വന്നു. അദ്ദേഹത്തിന്റെ കല്പനപ്രകാരം ശിഖന്മാർ അദ്ദേഹത്തിനെ കുളിപ്പിച്ചു പുതിയ വസ്ത്രം ധരിപ്പിച്ചു. അദ്ദേഹത്തിന്റെ ദേഹം മുഴുവനും അസ്ത്രങ്ങൾകൊണ്ടു അലങ്കരിപ്പിച്ചു. പിന്നെ ഗുരു പറഞ്ഞു. "എന്റെ മരണാശേഷം എന്റെ ദേഹത്തിൽനിന്നു് ഈ അസ്ത്രങ്ങളൊന്നും നിങ്ങൾ എടുത്തുകളയരുതു്. ഇതെല്ലാം എന്റെദേഹത്തോടുകൂടി ദഹിപ്പിച്ചു കളയണം. അതിന്റെ ശേഷം ഗുരു എണീട്ടിരുന്നു് ഏകാഗ്രമനസ്സോടുകൂടി ഇങ്ങിനെ പ്രാൎത്ഥിച്ചുതുടങ്ങി.

"സ്വാമിൻ! പരമേശ്വരാ! അങ്ങയുടെ ചരണകാലങ്ങളേ ഞാൻ ആശ്രയിച്ച മുതല്ക്കു് അതിലും വലുതായി ഭൂമിയിലൊരു വസ്തുവും ഞാൻ കണ്ടിട്ടില്ല. പുരാണത്തിലും വളരെ കഥകൾ പറയുന്നുണ്ടെങ്കിലും അവയിലൊന്നും എനിക്കു തൃപ്തികരമായി തോന്നീട്ടില്ല. വേദത്തിലും സ്മൃതികളിലും ശാസ്ത്രങ്ങളിലും അങ്ങയെ പ്രാപിക്കാൻ പല വഴി

കളും പറഞ്ഞിട്ടുണ്ട്. എന്നാൽ ഭിന്നഭിന്നങ്ങളായ ആ വഴികളെ അറിയാൻ എനിക്കു കഴിഞ്ഞിട്ടില്ല. ഹേ ദയാലോ! ഞാൻ എന്തെല്ലാം കാണുന്നുവോ എന്തെല്ലാം വിചാരിക്കുന്നുവോ അതെല്ലാം അങ്ങയുടേതാണെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എന്റേതാണെന്നു പറയാൻ ഒന്നുംതന്നെ ഇല്ല".

ഇങ്ങിനെ പ്രാൎത്ഥിച്ചുംകൊണ്ടു ഗുരു ഗോവിന്ദസിംഹൻ മനുഷ്യദേഹം ഉപേക്ഷിച്ചു പരലോകം പ്രാപിച്ചു. അപ്പോൾ അവിടെക്കൂടിയിരുന്ന ശിഷ്യന്മാരും വൈരാഗികളും "ജയജയ" ഘോഷം കൂട്ടുകയും മനസ്സിനെ അലിയിപ്പിക്കുന്നതായ ഒരു പാട്ടുപാടി കരഞ്ഞുതുടങ്ങുകയും ചെയ്തു. ഗുരുവിന്റെ മരണത്തിൽ കഠിനവ്രതം അനുഷ്ഠിക്കുന്ന സന്ന്യാസികളുടെ മനസ്സുകൂടി അലിഞ്ഞുപോയി. എന്തുതന്നെ വന്നാലും കുലുക്കമില്ലാത്ത ആ സന്ന്യാസികളുടെ കണ്ണിൽനിന്നു വെള്ളം ധാരധാരയായി വീണു തുടങ്ങി.

പത്തു വയസ്സു മുതല്ക്കു മുപ്പത്തിമൂന്നു കൊല്ലത്തോളം ഇടവിടാതെ ശിഖസമാജത്തിന്റെ ഉന്നതിക്കും ക്ഷേമത്തിനും വേണ്ടി തന്റെ ജീവിതത്തെ ഉഴിഞ്ഞുവെച്ച ശ്രീഗുരു ഗോവിന്ദസിംഹൻ വിക്രമാബ്ദം 1765-ാമാണ്ടു (ക്രി. അ. 1708-ാമാണ്ടു, കാൎത്തികമാസം വെളുത്തപഞ്ചമി ദിവസം നാല്പത്തിമൂന്നാം വയസ്സിൽ മരിച്ചുപോയി. അദ്ദേഹം കാട്ടിക്കൊടുത്ത പരിശുദ്ധമാൎഗ്ഗം അനുസരിച്ചു പിന്നീടു ശിഖന്മാൎക്കു സ്വാതന്ത്ര്യമായ രാജ്യം സ്ഥാപിക്കാൻ സാധിച്ചു.

## ൧൮. പതിനെട്ടാം അദ്ധ്യായം.

### ചരിത്രവും പഠിപ്പും.

ഗോവിന്ദസിംഹൻ തന്റെ സ്വല്പമായ ആയുഷ്കാലത്തിന്നുള്ളിൽ സ്വരാജ്യത്തിന്നു മഹത്തായ ഒരു ഉപകാരം ചെയ്തു. അദ്ദേഹത്തിന്റെ ജന്മസ്ഥാനമായ പാടനാ ആൎയ്യവീരന്മാരുടേ കേളീരംഗമായിരുന്നു. ഭാഗീരഥീനദി ആ നഗരത്തിന്റെ സമീപത്തുകൂടെ ഒഴുകി ധന്യയായിത്തീൎന്നു. ഏതൊരു പുണ്യഭൂമിയായ പഞ്ചാബിന്റെ ഓരോ ഗ്രാമങ്ങളും ആൎയ്യന്മാരുടെ പരിശുദ്ധമായ ചോരയിൽ അണിയപ്പെട്ടിരുന്നുവോ, ആ പഞ്ചാബിൽ വളൎന്നുവന്ന ഗോവിന്ദൻ ആൎയ്യതേജസ്സിന്നു് ഉണൎച്ചവരുത്തി ധൎമ്മരാജ്യത്തിന്റെ ഗുരുവായിരുന്നു എങ്കിലും അവസ്ഥാഭേദംകൊണ്ടു മൂൎച്ചയേറിയ വാളും കയ്യിലെടുത്തു ധൎമ്മനേതാവിന്നും പോൎക്കളത്തിൽ ഇറങ്ങേണ്ടിവരുന്നതാണെന്നു് അദ്ദേഹം നല്ലപോലെ അറിഞ്ഞിരുന്നു. രാജ്യത്തിന്റെ ഭരണസ്ഥിതിയും ധൎമ്മഭാവവും തമ്മിൽ പലവിധത്തിലും ചേൎച്ചയുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. രാജ്യത്തിന്റെ അധോഗതിയോടുകൂടി ആ രാജ്യത്തിലെ ധർമ്മത്തിന്നും അധോഗതിയുണ്ടാകുന്നു. ഈ തത്വം ഗോവിന്ദൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് അദ്ദേഹം കേവലം ധർമ്മപ്രചാരത്തിൽമാത്രം നിബദ്ധനാവാതെ ധർമ്മഭാവത്തോടുകൂടിയ ഒരു യോദ്ധൃജാതിയെ നിൎമ്മിക്കാനുള്ള പരിശ്രമങ്ങളും ചെയ്തുവന്നു. ഈ മാതിരി ഉദ്യമം ലോകചരിത്രത്തിൽ തീരെ നൂതനമായിട്ടുള്ളതാണ്. എന്തു ചെയ്യാനാണു

ധർമ്മസമ്പ്രദായം യുദ്ധസമ്പ്രദയത്തിൽ പരിണമിക്കുന്നതു് എന്നതിനെ ഗോവിന്ദൻ തൻെറ ജീവിതത്തിൽ നമുക്കു കാണിച്ചുതന്നിരിക്കുന്നു. മുത്തച്ഛനായ ഹരിഗോവിന്ദൻ ഏതൊരു കാൎയ്യത്തിൻെറ അസ്ഥിവാരം ഇട്ടിരുന്നുവോ ആ കാൎയ്യത്തെ ഗോവിന്ദൻ സമ്പൂൎണ്ണമായി നിറവേററി.

എന്തുദ്ദേശ്യത്തോടുകൂടി ഗോവിന്ദൻ കാൎയ്യത്തിൽ ഏൎപ്പെട്ടുവോ ആ ഉദ്ദേശ്യം നിറവേററുന്നതിന്നു വേണ്ടി അദ്ദേഹം പ്രദൎശിപ്പിച്ച സ്വാത്മത്യാഗം ഒരു കാലത്തും ഒരാളും പ്രദൎശിപ്പിച്ചതായി കാണുന്നില്ല. അച്ഛനായ തേഗബാഹാദുരൻ ധർമ്മരക്ഷയ്ക്കുവേണ്ടി സ്വേച്ഛപ്രകാരം മൊഗളന്മാരാൽ നിഹതനായിട്ടു പുത്രൻെറ മനസ്സിൽ സ്വാത്മത്യാഗത്തെ ഉജ്ജ്വലിപ്പിച്ചു. അതുനിമിത്തം ഗോവിന്ദൻ തൻെറ സ്വന്തസ്ഥിതിയെ മറന്നുകളഞ്ഞു. ഭാൎയ്യാപുത്രാദികളുടേ നേരെയുള്ള സ്നേഹത്തെ കൂടിവകവെച്ചില്ല അവരേഭയങ്കരമായ യജ്ഞത്തിന്നു ബലികഴിപ്പാൻ കൂടി അദ്ദേഹത്തിന്നു ലേശം സങ്കോചം ഉണ്ടായില്ല. "വീരന്മാരെപ്പോലെ മരിക്കുന്നതാണു മനുഷ്യൎക്കു് ഉചിതം. വീരന്മാരെപ്പോലെ മരിക്കാൻ നിങ്ങൾ പഠിക്കണം എന്നു ശിഷ്യന്മാരെ ഗോവിന്ദൻ വീണ്ടും വീണ്ടും ഉപദേശിച്ചിരുന്നു. അദ്ദേഹം ധർമ്മരാജ്യത്തിൻെറ ഗുരുവായിരുന്നു എങ്കിലും ശിഷ്യന്മാൎക്കു താഴെപറയുന്ന ഉപദേശം കൊടുത്തിരുന്നു.

"ജയോവധോവാസംഗ്രാമേ
ധാത്രാദിഷ്ടഃസനാതനഃ
സ്വധർമ്മഃ ക്ഷത്രിയസ്യൈഷ
കാൎപ്പണ്യം നപ്രശസ്യതേ"

"യുദ്ധത്തിൽ ജയിക്കുന്നതും മരിക്കുന്നതും ലോകക

ത്താവിൻെറ സനാതനമായ വിധിയേ അനുസരിച്ചിരിക്കുന്നതാണ്. സ്വധർമ്മരക്ഷയിൽ ഭീരുത്വം കാണിക്കുന്നതു ക്ഷത്രിയന്നു കുറവായിട്ടുള്ളതാണ്. പിന്നെയും അദ്ദേഹം അവരെ ഇങ്ങിനെ ഉപദേശിച്ചു. "ഹതോവപ്രാപ്സ്യസിസ്വർഗ്ഗം ജിത്വാവാഭോക്ഷ്യസേമഹീം" "യുദ്ധത്തിൽ മരിച്ചാൽ സ്വർഗ്ഗംപ്രാപിക്കാം. യുദ്ധത്തിൽ ജയിച്ചാൽ വിശാലമായ ഈ ഭൂമിയേ നിങ്ങൾക്ക് അനുഭവിക്കാം". ശിഷ്യന്മാരേ ഈ മാതിരി ഉപദേശിച്ച് അദ്ദേഹം രാജ്യത്തിൽ ഒരു പുതിയ യുഗം ആവിർഭവിപ്പിക്കാനുള്ള ശ്രമങ്ങൾ ചെയ്തുവന്നു.

തൻെറ ഉദ്ദേശ്യം സാധിക്കാൻവേണ്ടി ഗോവിന്ദൻ എടുത്ത വഴികളെല്ലാം മഹത്തരങ്ങളും പരിശുദ്ധങ്ങളും ആയിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിൽ കുത്സിതമായ ഒരു നടവടിയെങ്കിലും കാണാൻ കഴിയുന്നതല്ല. കൃതഘ്നതയുടെ കളങ്കം ലേശംപോലും അദ്ദേഹത്തെ ബാധിച്ചിട്ടില്ല. തനിക്കു ഉപകാരം ചെയ്തവക്കു പ്രത്യുപകാരം ചെയ്യാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ ദയാഗംഗാനദിയുടെ പ്രവാഹം പോലെ വഴിഞ്ഞൊഴുകിക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ കൊല ചെയ്യാൻ ഉത്സാഹിച്ച പഠാണിയുവാവിനെ യാതൊരു ഉപദ്രവവും ചെയ്യാതെ അദ്ദേഹം വിട്ടയച്ചു. "പിതൃവിധത്തിനു പ്രതിക്രിയചെയ്യുന്നതു് എങ്ങിനെയാണെന്നു് ഈ യുവാവു് എനിക്കു പഠിപ്പിച്ചുതന്നു" എന്നു അദ്ദേഹം പറയുകയും ചെയ്തു. മരണസമയത്തും ഗോവിന്ദൻ സ്വഭാവസുലഭമായ ഔദാര്യത്തെ മറന്നുകളഞ്ഞില്ല.

ഉപദ്രവികളായ രാജാക്കന്മാരുടെ ദൃഷ്ടിയിൽ അദ്ദേ

ഹം അടക്കവും ഒതുക്കവുമില്ലാത്ത ഒരു ദ്രോഹിയാണെന്നു ഗണിക്കപ്പെട്ടിരുന്നു എന്നുള്ളതു ശരിയാണു്. എന്നാൽ അദ്ദേഹത്തിന്റെ സ്വദേശപ്രീതിയെക്കുറിച്ചു് അവർക്കെല്ലാവർക്കും പ്രശംസിക്കേണ്ടതായി വരികയും ചെയ്യു. അദ്ദേഹം സ്വദേശത്തെ പ്രാണനോടു തുല്യമായി സ്നേഹിച്ചിരുന്നു. അതുകൊണ്ടു് അദ്ദേഹം രാജ്യത്തിന്റെ ധർമ്മരക്ഷയ്ക്കുവേണ്ടിയും സ്വാതന്ത്ര്യസിദ്ധിക്കുവേണ്ടിയും തന്റെ ജീവനെ ഉഴിഞ്ഞുവെച്ചു. അദ്ദേഹത്തിന്റെ ഈ പരിശുദ്ധമായ പ്രവൃത്തിയെ അന്യരാജ്യം കയ്ക്കലാക്കാനുള്ള ആഗ്രഹമാണെന്നു് ഒരിക്കലും പറഞ്ഞുകൂടാ. അങ്ങിനെ പറയുന്നതു മഹാപാപമാണു്. അദ്ദേഹം അന്യരാജ്യകാംക്ഷിയാണെന്നാക്കിത്തീർക്കാൻ ശ്രമിക്കുന്നതായാൽ നാം അദ്ദേഹത്തിനെ നല്ലപോലെ അറിയുന്നില്ലെന്നുമാത്രമേ പറവാനുള്ളു. അദ്ദേഹത്തിന്റെ ഹൃദയം എത്ര ഉൽകൃഷ്ടമായിരുന്നു എന്നും അദ്ദേഹത്തിന്റെ ജീവിതം എത്ര മഹത്തായിരുന്നുഎന്നും അദ്ദേഹത്തിന്റെ കർമ്മവൃത്തി എത്ര പരിശുദ്ധമായിരുന്നുഎന്നും നമുക്കു് അറിവാൻ കഴിയുന്നതല്ല. യാതൊരു വസ്തു നമ്മുടേതൊ അതു് എത്രകാലം കഴിഞ്ഞാലും ന്യായപ്രകാരം നമ്മുടെതാണു്. നമ്മുടെ ഇപ്പോഴത്തെ അശക്തികൊണ്ടോ അറിവില്ലായ്മകൊണ്ടോ നമ്മുടെ സ്വത്തു് അന്യന്റെ കയ്ക്കലായി എന്നു വരാം. എന്നാൽ നമ്മളിൽ ഒളിഞ്ഞു കിടക്കുന്ന ശക്തിയെ നമുക്കു് എപ്പോഴും അറിയുവാൻ കഴിയുന്നുവോ അപ്പോഴും നമ്മുടെ സ്വത്തിനെ മടക്കിക്കിട്ടാൻ നാം ശ്രമം ചെയ്യുന്നു. നമ്മുടെ ആ ഉദ്ദേശ്യത്തെ പരദ്രവ്യകാംക്ഷയാണെന്നു പറയുന്നതു കേവലം അസംബന്ധം തന്നെയാണു്. ഗോവിന്ദൻ ഒരി

ക്കലും അന്യരാജ്യം കയ്യിലാക്കേണമെന്നു് ആഗ്രഹിച്ചിരുന്നില്ല. ഗോവിന്ദൻ സ്വരാജ്യസ്നേഹംകൊണ്ടു് ഒരു ഭ്രാന്തനെപ്പോലെയായിത്തീൎന്നു. സ്വദേശത്തിന്നുവേണ്ടി അദ്ദേഹം തന്റെ സൎവ്വസ്വവും ഉപേക്ഷിച്ചു. സ്വദേശത്തിന്റെ നേരെ ഈ മാതിരി ഭക്തിയും സ്നേഹവും കാണിപ്പാൻ കഴിയുന്ന ആളുകൾ എത്ര ദുൎല്ലഭം?

ബ്രാഹ്മണ്യതേജസ്സും ക്ഷത്രതേജസ്സും ഒത്തൊരുമിച്ചു ഗോവിന്ദനിൽ നമുക്കു കാണ്മാൻ കഴിയുന്നുണ്ടു്. ഈ ചേൎച്ച വളരെ പരിശുദ്ധമായിട്ടുള്ളതാണു്. ബ്രാഹ്മണന്റെ നിലയിൽ അദ്ദേഹം ശിഷ്യന്മാൎക്കു ധൎമ്മോപദേശം കൊടുത്തു. വാസ്തവമായ മോക്ഷമാൎഗ്ഗത്തെ അവൎക്കു കാട്ടിക്കൊടുത്തു. പിന്നെ ക്ഷത്രിയന്റെ നിലയിൽ അവൎക്കു യുദ്ധം ചെയ്യാനും സകല ആപത്തുകളേയും തൃണതുല്യമായി ഗണിച്ചു ലോകത്തിൽ സ്വാതന്ത്ര്യത്തോടുകൂടി തലപൊക്കി നടക്കാനും പഠിപ്പിച്ചുകൊടുത്തു. "ശിഖന്മാർ രാജ്യത്തിന്റേയും ദരിദ്രന്മാരുടേയും കഷ്ടതകൾ ദൂരെക്കളയാൻ വേണ്ടി ജനിച്ചവരാണു്. ഈ വിശ്വാസം അവൎക്കെല്ലാവൎക്കും ഉണ്ടായിരിക്കണം" എന്നു ബ്രാഹ്മണന്റെ നിലയിൽ അദ്ദേഹം ശിഷ്യന്മാരെ ഉപദേശിച്ചു. "രാജ്യത്തിന്നു സ്വാതന്ത്ര്യമില്ലെങ്കിൽ ധൎമ്മവും രീതിനീതികളും നിലനിൎത്താൻ കഴിയുന്നതല്ല" എന്നു ക്ഷത്രിയന്റെ നിലയിൽ അദ്ദേഹം ശിഷ്യന്മാരെ ഉപദേശിച്ചു.

കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി ഗോവിന്ദൻ യുദ്ധം ചെയ്തതുപോലെ ആരും ചെയ്തതായി കാണുന്നില്ല. ആരേയെല്ലാം വിശ്വസിച്ചു് അദ്ദേഹം കാൎയ്യം നേടാൻ ശ്രമിച്ചുവോ അവർ വേണ്ട സമയത്തു് ഓരോരുത്തരായി അദ്ദേഹത്തെ

ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു. അദ്ദേഹം നിരുപായനും നിസ്സഹായനും ആയിട്ടു പിച്ചക്കാരനെപ്പോലെ വഴിയിൽ അലഞ്ഞു നടന്നു. അദ്ദേഹത്തിൻെറ ഈ അവസ്ഥകണ്ടു അദ്ദേഹത്തിൻെറ ശിഷ്യന്മാർ കൂടി ചില സമയങ്ങളിൽ അദ്ദേഹത്തിന്നു യാതൊരു സഹായവും ചെയ്തു കൊടുത്തില്ല. ഇത്രയെല്ലാം കഷ്ടപ്പെട്ടിട്ടുകൂടി വീരഹൃദയനായ അദ്ദേഹത്തിന്നു ലേശം ചാഞ്ചല്യം ഉണ്ടായില്ല. ഏതൊരു ഹൃദയത്തിൽ പുത്രശോക വഹ്നി ജ്വലിച്ചിരുന്നുവോ ഏതൊരു ഹൃദയം ഗുരുപദത്തിൻെറ മഹിമ രക്ഷിക്കാൻ വേണ്ടി എപ്പോഴും തയ്യാറായിരുന്നുവോ ആ ഹൃദയത്തിന്നു എളുപ്പത്തിൽ ഇളക്കം വരുന്നതല്ല. കഠോരതപസ്സിൻെറ ശേഷം ഭാഗ്യലക്ഷ്മി എപ്പോൾ പ്രസന്നയായി ഭവിച്ചുവോ മുക്തസരയുദ്ധത്തിൽ നശിച്ചുപോയ മഹിമയെ ഗുരു എപ്പോൾ പുനരുദ്ധാരണം ചെയ്തുവോ അപ്പോൾ മാത്രമേ അദ്ദേഹത്തിൻെറ മനസ്സിൽ ഇളക്കം വന്നുള്ളു. കഷ്ടപ്പാടുകൾ കൊണ്ടു ഇളകാത്ത മനസ്സു സുഖകാലം വന്നപ്പോൾ തളർന്നുവശായി. കാൎയ്യാവസാനത്തിൽ അദ്ദേഹം പുത്രാദികളെക്കുറിച്ചു ദുഃഖിച്ചു ചുടുചുടെ കണ്ണീർ പൊഴിച്ചു. കാൎയ്യത്തിൽ ഏൎപ്പെട്ടിരുന്ന കാലത്തോളം അദ്ദേഹത്തിൻെറ കണ്ണിൽ നിന്നു ഒരു തുള്ളി വെള്ളം വീണില്ല.

മനസ്സിൻെറ തളൎച്ച നിമിത്തം ഗോവിന്ദനു പിന്നെ ഒന്നും ചെയ്വാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ അവസാനകാലത്തു അദ്ദേഹം മൊഗളന്മാരുടെ ദാസത്വം സ്വീകരിച്ചു. അദ്ദേഹം ഈ മാതിരി ദാസ്യം സ്വീകരിച്ചതിൽ മഹത്തായ വല്ല ഉദ്ദേശ്യവും ഒളിഞ്ഞു കിടക്കുന്നുണ്ടോ എന്നറിവാൻ കഴിയുന്നില്ല. ഈ പ്രവൃത്തിമൂലം സ്വദേശപ്രേ

മികന്മാരായ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ഗോവിന്ദസിംഹൻ പ്രതാപസിംഹന്നു താഴെയായി ഗണിക്കപ്പെടുന്നു. എന്നാൽ യഥാൎത്ഥത്തിൽ അദ്ദേഹം പ്രതാപസിംഹനേക്കാൾ വളരെ അധികം കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടുണ്ട്. സ്വദേശത്തിന്നു വേണ്ടി ഗോവിന്ദൻ പ്രതാപസിംഹനേക്കാൾ അധികം ദ്രവ്യവും പുത്രന്മാരേയും ബലി കഴിച്ചിട്ടുണ്ട്. സ്വദേശത്തിന്നു വേണ്ടി ഗോവിന്ദൻ നിൎവ്വംശനായിത്തീൎന്നു എന്നുള്ള സംഗതി മറക്കാൻ പാടില്ലാത്തതാണ്. എങ്കിലും പ്രതാപൻ ഒരിക്കലും മൊഗളന്മാരുടേ ആധിപത്യം കയ്ക്കൊണ്ടില്ല. താൻ മഹാറാണനാണെന്നുള്ള വിചാരം പ്രതാപൻ ഒരു നിമിഷം പോലും വിട്ടുകളഞ്ഞില്ല. ഇതുനിമിത്തം പ്രതാപൻ ഗോവിന്ദനേക്കാൾ അധികം ഉയൎന്ന പദവിക്ക് അധികാരിയായി ഭവിച്ചു.

മൊഗളന്മാർ പകവെച്ച് അദ്ദേഹത്തിനെ കഠിനമായി ഉപദ്രവിച്ചു എങ്കിലും വീരഹൃദയനായ ഗോവിന്ദൻ നല്ല അവസരം കിട്ടിയപ്പോൾ കൂടി ആ മാതിരി ക്രൂരതയോടുകൂടി അവരെ ഉപദ്രവിക്കാൻ മുതിൎന്നില്ല. അദ്ദേഹത്തിന്റെ ഉദാരഹൃദയം എപ്പോഴും ക്ഷമയുടെ അധിഷ്ഠാനമായിരുന്നു. മൊഗളന്മാരുടെ നേരെ അദ്ദേഹം ക്ഷമകാ[illegible]തുകൊണ്ടാണു സിരഹിന്ദരാജ്യത്തിന്നു മോചനം ലഭിച്ചത്. ഓരോ കാൎയ്യത്തിലും അദ്ദേഹം തന്റെ മഹത്വത്തെ വെളിപ്പെടുത്തിയിരുന്നു. ഗുരുജനോചിതമായ ഗാംഭീൎയ്യവും സ്ഥൈൎയ്യവും ഗോവിന്ദനിൽ എല്ലായ്പ്പോഴും വിളയാടിക്കൊണ്ടിരുന്നു. ഇക്കാലത്ത് അദ്ദേഹത്തിന്റെ പവിത്രമായ കീൎത്തി ഭാരതവൎഷത്തിലെ സകല ഊരുകൾ തോറും സകല ഗൃഹങ്ങൾ തോറും സകല ഹൃദയങ്ങൾ

തോറും മുഴങ്ങട്ടെ! അദ്ദേഹത്തിന്റെ കർമ്മത്തിന്റെ മഹിമയെ ഓർത്തു സകലരും അദ്ദേഹത്തിന്റെ കാല്ക്കൽ നമസ്കരിക്കട്ടെ! കർമ്മവീരനായ അദ്ദേഹത്തിന്റെ സ്മരണ കൊണ്ടു നമ്മുടെ ജ്ഞാനശക്തിക്കും മനശ്ശക്തിക്കും ഉണർച്ച വരുമാറാകട്ടെ.

---

PRINTED AT THE V. V. PRESS TRICHUR.

21 NOV 1953